
# പി.എസ്.സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 33 | Issue 6 | Fortnightly | November 15, 2021 | Page 24 | ₹ 10

## ദസ്തയെവ്സ്കി 200-ാം ജന്മവാർഷികം

പേജ് 3

എ. ഷിജു

## കൃഷി ഓഫീസർ

(കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്)

## ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്

(കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്) ഉൾപ്പെടെ

44 കാറ്റഗറികളിൽ വിജ്ഞാപനം

പേജ് 5


| | |
|---|---|
| കലയും സാഹിത്യവും | പേജ് 11 |
| ജീവിതം, ഭാഷ, വ്യാകരണം | പേജ് 12 |
| ENRICH YOUR GK | പേജ് 13 |
| ഗണിതം ഇനി ലളിതം | പേജ് 15 |
| TEST YOUR GRAMMAR | പേജ് 16 |
| ഇന്ത്യൻ ഭരണഘടന | പേജ് 17 |
| ഇന്റർവ്യൂ പ്രോഗ്രാം - ഡിസംബർ 2021 | പേജ് 22 |
| പൊതു വിജ്ഞാനദർപ്പണം | പേജ് 23 |


പി.എസ്.സി.ബുള്ളറ്റിൻ സബ്സ്ക്രൈബ് ചെയ്യാൻ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക

പി.എസ്.സി. ബുള്ളറ്റിൻ ഇ.വെർഷന് ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക



KAS നിയമനശിപാർശ കൈപ്പറ്റിയവർ പി.എസ്.സി. ചെയർമാൻ അഡ്വ. എം.കെ. സക്കീറിനോടൊപ്പം

# പിഎസ്‌സി ബുള്ളറ്റിൻ

**പത്രാധിപസമിതി ചെയർമാൻ**
ഡോ. കെ. പി. സജിലാൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പത്രാധിപസമിതി അംഗങ്ങൾ**
ടി. ആർ. അനിൽകുമാർ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
പി. എച്ച്. മുഹമ്മദ് ഇസ്മയിൽ
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
റോഷൻ റോയ് മാത്യു
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
എസ്. എ. സെയ്ഫ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ
ബോണി കുര്യാക്കോസ്
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**എഡിറ്റർ**
സാജു ജോർജ്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**പബ്ലിക് റിലേഷൻസ് ഓഫീസർ**
കെ. വി. സുനുകുമാർ

ഫോൺ : 0471 2546368 OR 9446412483
സർക്കുലേഷൻ (പി. ആർ. യൂണിറ്റ്): 0471 2546270


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

- ജില്ലാതല സോർട്ടിങിനായി വരിക്കാർ വിലാസത്തിൽ ജില്ലയുടെ പേരും പിൻകോഡും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- വരിസംഖ്യ ഓൺലൈനായും വിവിധ പിഎസ്‌സി ഓഫീസുകളിൽ നേരിട്ടും സ്വീകരിക്കുന്നതാണ്. ഡി.ഡി, ചെക്ക്, പോസ്റ്റൽ ഓർഡർ സ്വീകാര്യമല്ല.
- മണിഓർഡറായും തുക ഒടുക്കാവുന്നതാണ്

വിലാസം
പബ്ലിക് റിലേഷൻസ് ഓഫീസർ,
കേരള പബ്ലിക് സർവീസ് കമ്മിഷൻ,
പട്ടം പാലസ് പി. ഒ., തിരുവനന്തപുരം–695004

ഏജൻസികൾക്ക് ട്രഷറിയിൽ പണമൊടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് – 0051-00-800-99-Other receipts ഏജൻസികളിൽനിന്നുള്ള പണം വിവിധ ജില്ലാ പിഎസ്‌സി ഓഫീസുകളിലും സ്വീകരിക്കുന്നതാണ്.
പ്രൊഫഷണൽ കൊറിയർ : 0471 2542950, 9447127075

### ആസ്ഥാന ഓഫീസ് എൻക്വയറി
ജനറൽ എൻക്വയറി 0471 2546400,0471 2546401, 0471 2444428, 0471 2444438, 0471 2447201
(പ്രവർത്തന സമയം രാവിലെ 8 മുതൽ വൈകുന്നേരം 6 മണിവരെ).

### മേഖലാ ഓഫീസുകൾ
കൊല്ലം: 0474 2745674, എറണാകുളം: 0484 2988857, കോഴിക്കോട്: 0495 2371500

### ജില്ലാ ഓഫീസുകൾ
തിരുവനന്തപുരം: 0471 2448188,
കൊല്ലം: 0474 2743624, പത്തനംതിട്ട: 0468 2222665,
ആലപ്പുഴ: 0477 2264134, കോട്ടയം: 0481 2578278,
ഇടുക്കി: 04868 272359, എറണാകുളം: 0484 2988847,
തൃശ്ശൂർ: 0487 2327505, പാലക്കാട്: 0491 2505398,
മലപ്പുറം: 0483 2734308, കോഴിക്കോട്: 0495 2371971,
വയനാട്: 04936 202539, കണ്ണൂർ: 0497 2700482,
കാസർഗോഡ്: 04994 230102

# കമ്മിഷൻ യോഗ തീരുമാനങ്ങൾ

## 2021 നവംബർ 1

### അഭിമുഖം നടത്തും

1. ഇടുക്കി ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (മാത്തമാറ്റിക്സ്) തമിഴ് മീഡിയം നാലാം എൻ.സി.എ.- പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 40/21).
2. മലപ്പുറം ജില്ലയിൽ വിദ്യഭ്യാസ വകുപ്പിൽ പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) നാലാം എൻ.സി.എ.- പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 456/2020).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

വിവിധ ജില്ലകളിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (കാറ്റഗറി നമ്പർ 443/2020 മുതൽ 452/2020 വരെ).

### ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും

എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ സർക്കാർ ആയുർവേദ കോളേജുകളിൽ നഴ്സ് ഗ്രേഡ് 2 (ആയുർവേദം) (കാറ്റഗറി നമ്പർ 325/2019).

## 2021 നവംബർ 8

### അഭിമുഖം നടത്തും

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഫിസിയോളജി)- ഒന്നാം എൻ.സി.എ.-വിശ്വകർമ്മ (കാറ്റഗറി നമ്പർ 237/21).
2. എൻ.സി.സി./സൈനികക്ഷേമ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിമുക്തഭടൻമാർക്ക് മാത്രം) (കാറ്റഗറി നമ്പർ 260/20).
3. കേരള സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ലിമിറ്റഡിൽ ലാബ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 145/20).

### സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കും

1. തൃശൂർ ജില്ലയിൽ ടൂറിസം വകുപ്പിൽ കുക്ക് (കാറ്റഗറി നമ്പർ 152/19).
2. ഇടുക്കി ജില്ലയിൽ ടൂറിസം വകുപ്പിൽ കുക്ക് – ഒന്നാം എൻ.സി.എ. മുസ്ലീം (കാറ്റഗറി നമ്പർ 48/21).
3. ആലപ്പുഴ, കോട്ടയം, കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിൽ ചിക് സെക്സർ (കാറ്റഗറി നമ്പർ 102/19).
4. തദ്ദേശസ്വയംഭരണ വകുപ്പിൽ ഓവർസീയർ ഗ്രേഡ് 1/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (കാറ്റഗറി നമ്പർ 127/20).
5. കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ) (കാറ്റഗറി നമ്പർ 60/21).

### ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കും

1. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ (ഹോംസയൻസ്) (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) (കാറ്റഗറി നമ്പർ 480/2019).
2. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ- ജേർണലിസം (കാറ്റഗറി നമ്പർ 488/19).
3. വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് ആൻഡ് ബിവറേജ് ഗസ്റ്റ് സർവീസ് അസിസ്റ്റന്റ്) (കാറ്റഗറി നമ്പർ 199/20).
4. വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫുഡ് ആൻഡ് ബിവറേജ് ഗസ്റ്റ് സർവീസ് അസിസ്റ്റന്റ്) ഒന്നാം എൻ.സി.എ. – ഈഴവ/തിയ്യ/ബില്ലവ (കാറ്റഗറി നമ്പർ 160/18).
5. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (കാറ്റഗറി നമ്പർ 275/20).
6. ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ- ഡ്രൈവർ (ട്രെയിനി) പട്ടികജാതി/പട്ടികവർഗ്ഗം (കാറ്റഗറി നമ്പർ 27/21).

### പ്ലസ്ടു തല പൊതുപ്രാഥമിക പരീക്ഷ അർഹതാ പട്ടിക പ്രസിദ്ധീകരിക്കും

1. കെ.ടി.ഡി.സി. ലിമിറ്റഡിൽ ഓഫീസ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 330/20).
2. പത്തനംതിട്ട ജില്ലയിൽ വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ- എൻ.സി.എ.-എസ്.സി.സി.സി.- (കാറ്റഗറി നമ്പർ 124/20).
3. പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ (വുമൺ പോലീസ് ബറ്റാലിയൻ) (കാറ്റഗറി നമ്പർ 94/20).
4. പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (എ.പി.ബി) ഒന്നാം എൻ.സി.എ.- എസ്.സി.സി.സി. (കാറ്റഗറി നമ്പർ 357/20).
5. പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (എ.പി.ബി) ഒന്നാം എൻ.സിഎ.-ധീവര- എസ്.എ.പി തിരുവനന്തപുരം (കാറ്റഗറി നമ്പർ 358/20).
6. മലപ്പുറം ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ – ഒന്നാം എൻ.സി.എ.- ഒ.ബി.സി. (കാറ്റഗറി നമ്പർ 120/19).
7. ആലപ്പുഴ ജില്ലയിൽ എക്സൈസ് വകുപ്പിൽ വുമൺ സിവിൽ എക്സൈസ് ഓഫീസർ – രണ്ടാം എൻ.സി.എ.- പട്ടികജാതി (കാറ്റഗറി നമ്പർ 466/19).
8. പാലക്കാട് മലപ്പുറം ജില്ലകളിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)- ഒന്നാം എൻ.സി.എ.- എസ്.സി.സി.സി. (കാറ്റഗറി നമ്പർ 45/20).

### പ്രായോഗിക പരീക്ഷ നടത്തും

മെഡിക്കൽ വിദ്യാഭ്യാസ സർവീസിൽ ആർട്ടിസ്റ്റ് ഫോട്ടോഗ്രാഫർ (കാറ്റഗറി നമ്പർ 88/19).

### ശാരീരിക അളവെടുപ്പും സൈക്ലിങ് ടെസ്റ്റും നടത്തും

കെ.എസ്.എഫ്.ഡി.സി. ലിമിറ്റഡിൽ ഗാർഡ് (എൻ.സി.എ.- എൽ.സി./എ.ഐ.) (കാറ്റഗറി നമ്പർ 35/21).

### ഓൺലൈൻ പരീക്ഷ നടത്തും


1. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ ഫിനാൻസ് അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 406/19).
2. ഫോംമാറ്റിങ്സ് (ഐ) ലിമിറ്റഡിൽ അനലിസ്റ്റ് (കാറ്റഗറി നമ്പർ 199/19).
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ ലബോറട്ടറി ടെക്നീഷ്യൻ (കാറ്റഗറി നമ്പർ 203/19).



കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ കെ.എ.എസ്. ഓഫീസർ (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി തസ്തികയിലേക്കുള്ള ആദ്യ നിയമനശിപാർശകൾ വിതരണം ചെയ്തു. പി.എസ്.സി. ആസ്ഥാന ഓഫീസിൽ കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചു നടന്ന ചടങ്ങിൽ ചെയർമാൻ അഡ്വ. എം.കെ. സക്കീർ മൂന്ന് സ്ട്രീമുകളിലെയും ആദ്യ റാങ്കുകാർക്ക് നിയമനശിപാർശകൾ നൽകികൊണ്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. മറ്റുള്ളവർക്കുള്ള നിയമനശിപാർശ വിതരണം കമ്മിഷനംഗങ്ങളും നിർവ്വഹിച്ചു. നേരിട്ട് ഹാജരായ 103 പേർക്കാണ് ചടങ്ങിൽ നിയമനശിപാർശകൾ വിതരണം ചെയ്തത്. ചടങ്ങിൽ പി.എസ്.സിയുടെ 65-ാം വാർഷികത്തോടനുബന്ധിച്ച് പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിച്ച വിശേഷാൽപതിപ്പ് പി.എസ്.സി.ചെയർമാൻ എഡിറ്റോറിയൽ ബോർഡ് ചെയർമാൻ കെ.പി.സജിലാലിന് നൽകി പ്രകാശനം ചെയ്തു.

# ദസ്തയെവ്സ്കി 200-ാം ജന്മവാർഷികം

**എ. ഷിജു**



2021 നവംബർ പതിനൊന്നിന് വിഖ്യാത എഴുത്തുകാരനായ ദസ്തയെവ്സ്കിയുടെ ഇരുന്നൂറാം ജന്മവാർഷികം ലോകം ആഘോഷിക്കുകയാണ്. തന്റെ കാലത്തെയും ദേശത്തെയും അധികരിക്കുംവിധം ആഗോളമനുഷ്യന്റെ ഹൃദയസംഘർഷങ്ങളെ രചനകളിൽ ആവിഷ്കരിച്ച ദസ്തയെവ്സ്കിയുടെ എഴുത്ത് ഇന്നും ലോകമെങ്ങുമുള്ള വായനക്കാർക്കു പ്രിയപ്പെട്ട അക്ഷരവിഭവമാണ്. തന്റെ ജീവിതാനുഭവങ്ങളിലെ തിക്തതകളും മനുഷ്യ ഭാഗധേയത്തെ സംബന്ധിച്ച അനിയതവ്യഥകളുമാണ് ദസ്തയെവ്സ്കിയുടെ എഴുത്തിനെ കലാസാന്ദ്രമാക്കിയത്. കലയും ശാസ്ത്രവും തത്ത്വചിന്തയും മനശ്ശാസ്ത്രവും ആത്മീയതയും പാപബോധവും എല്ലാം നിറഞ്ഞ ആ എഴുത്തിന്റെ വിചാരതലം പരിമിതമോ ഹ്രസ്വമോ അല്ല. ജർമ്മൻ ദാർശനികനായ ഫ്രെഡറിക് നീഷേ (Friedrich Nietzsche-1844-1900) പറഞ്ഞത് ''എഴുത്തുകാരിൽ നിന്ന് എന്തെങ്കിലും പഠിക്കേണ്ട ഒരേയൊരു മനശ്ശാസ്ത്രജ്ഞനാണ് ദസ്തയെവ്സ്കി'' എന്നാണ്. പക്ഷേ, പലപ്പോഴും ദസ്തയെവ്സ്കി അവകാശപ്പെട്ടിരുന്നത് താനൊരു യാഥാർത്ഥ്യവാദിയാണെന്നാണ്. മനുഷ്യാത്മാവിന്റെ ആഴങ്ങളെ താൻ ചിത്രീകരിക്കുന്നു.

റഷ്യയിലെ പ്രസിദ്ധമായ മോസ്കോനഗരത്തിൽ 1881 നവംബർ 11 നാണ് ഫയദോർ ദസ്തയെവ്സ്കി (Fyodor Dastoevsky) എന്ന സാഹിത്യപ്രതിഭ ജനിച്ചത്. പിതാവ് മിഖായേൽ ആൻഡ്രിയോവിച്ച് ദസ്തയെവ്സ്കി പാവപ്പെട്ടവർക്കുള്ള ഒരാശുപത്രിയിലെ ഡോക്ടറായിരുന്നു. അമ്മ മരിയ ഫയദോർവ്ന കടുത്ത റഷ്യൻ ഓർത്തഡോക്സ് മതവിശ്വാസിയായിരുന്നു. ബാല്യത്തിൽ അമ്മയുടെ സംരക്ഷണയിൽ വളർന്ന ആ ബാലന് ബൈബിൾ ഒരു രക്ഷാകവചമായിത്തീർന്നു. മരണക്കിടക്കയിൽപ്പോലും ദസ്തയെവ്സ്കി ബൈബിൾ സൂക്ഷിച്ചിരുന്നു. മരണസമയത്ത് അതു മകന് അദ്ദേഹം നൽകുകയും അതുപ്രകാരം ജീവിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ദസ്തയെവ്സ്കിയുടെ 16-ാമത്തെ വയസ്സിൽ അമ്മ മരിക്കുന്നു. അമ്മയുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹം അച്ഛന്റെ തണലിലായി. എന്നാൽ, അച്ഛൻ മുൻകോപിയും തികഞ്ഞ മദ്യപനുമായതിനാൽ ബാല്യത്തിലെതന്നെ അദ്ദേഹത്തിനു സ്നേഹം തേടി അലയേണ്ടിവന്നു. അതിനിടയ്ക്ക് ആ അത്യാഹിതം കൂടെ സംഭവിച്ചു. പിതാവിന്റെ മരണം. മദ്യപാനത്തിൽ മുഴുകി, കുടിയാന്മാരോടു നിർദ്ദയമായി പെരുമാറിയ പിതാവിനെ എസ്റ്റേറ്റിൽവച്ച് ആരോ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു. അമ്മയുടെ വിയോഗം കഴിഞ്ഞ് രണ്ടുവർഷം കഴിഞ്ഞപ്പോഴുണ്ടായ ഈ സംഭവം ദസ്തയെവ്സ്കിയെ തീർത്തും ഏകാന്തനാക്കി. തന്റെ സർഗാത്മകതയെയും ആരോഗ്യത്തെയും എന്നും വേട്ടയാടിയിരുന്ന അപസ്മാരരോഗത്തിന്റെ ആരംഭം അക്കാലത്തുണ്ടായതാണെന്ന് ദസ്തയെവ്സ്കി പിന്നീടു വെളിപ്പെടുത്തിയിട്ടുണ്ട്. തന്റെ ജീവിതാവസാനംവരെയും തന്നെ വലച്ചിരുന്ന അപസ്മാരബാധയെ രചനകളുടെ അടിവളമാക്കി സർഗാത്മകതയെ പുഷ്കലമാക്കാൻ ദസ്തയെവ്സ്കി വിനിയോഗിച്ചു. അപസ്മാരരോഗികളായ അനേകം കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ നോവൽ പ്രപഞ്ചത്തിൽ വൈവിധ്യത്തോടെ പ്രത്യക്ഷപ്പെടുന്നു. നിന്ദിതരും പീഡിതരും എന്ന നോവലിലെ ബാലകഥാപാത്രമായ നെല്ലി, 'ഇഡിയറ്റി'ലെ മൈഷ്ക്കിൻ പ്രഭു, 'കാരമസോവ് സഹോദരന്മാ'രിലെ സ്മെർഡിയോക്കോവ് എന്നിവർ അത്തരത്തിലുള്ളവരാണ്.

പിതാവ് ഡോക്ടറായിരുന്നതുകൊണ്ടുതന്നെ ആശുപത്രിയുമായി ബന്ധപ്പെട്ട പരിസരങ്ങളിലായിരുന്നു ദസ്തയെവ്സ്കിയുടെ ശൈശവം പിന്നിട്ടത്. രോഗവും മനുഷ്യദുരിതവുമൊക്കെ ചെറുപ്പം മുതലേ അദ്ദേഹത്തിനു പരിചിതമായി. ഒരു ഫ്രഞ്ച് ബോർഡിംഗ് സ്കൂളിലായിരുന്നു അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയായത്. തികച്ചും അന്തർമുഖനും ഏകാകിയുമായിരുന്ന ആ കുട്ടിക്ക് സ്കൂൾ പഠനം ഒട്ടും രസകരമായിരുന്നില്ല. പതിനേഴാമത്തെ വയസ്സിൽ സെന്റ് പീറ്റേഴ്സ് ബർഗിലെ മിലിട്ടറി എൻജിനിയറിംഗ് സ്കൂളിൽ അദ്ദേഹം ചേർന്നു. മിലിട്ടറി അക്കാദമിയിലെ പഠനവും അദ്ദേഹത്തിനു സന്തോഷം പകർന്നിരുന്നില്ല. ബാല്യത്തിലെ ബൈബിൾ വായനയിൽ നിന്നാരംഭിച്ച ഗ്രന്ഥപാരായണശീലമായിരുന്നു അദ്ദേഹത്തിന്റെ ഈ വിരസതകളെ അകറ്റിയിരുന്നത്. കെട്ടുകഥകളും വീരസാഹസിക കഥകളും വായിച്ചു കഴിഞ്ഞപ്പോൾ അതു നോവലുകളിലേക്കു ചേക്കേറി. വാൾട്ടർ സ്കോട്ട് (1771-1832), അലക്സാണ്ടർ പുഷ്കിൻ (1799-1837), ഗൊഗോൾ (1809-1852), ഷില്ലർ (1759-1805), വിക്ടർ യൂഗോ (1802-1885) തുടങ്ങിയവരുടെ സാഹിത്യകൃതികൾ ദസ്തയെവ്സ്കിയെ സാഹിത്യത്തിന്റെ ഗൗരവമേഖലകളിലേക്കു കൂട്ടിക്കൊണ്ടുപോയി. 1843-ൽ മിലിട്ടറി വിദ്യാഭ്യാസം പൂർത്തിയാക്കിയ ദസ്തയെവ്സ്കിക്ക് പട്ടാളത്തിൽ ലഫ്റ്റനന്റായി ജോലി ലഭിച്ചു. പക്ഷേ, സാഹിത്യം അപ്പോഴേക്കും അദ്ദേഹത്തിന്റെ സിരകളിൽ ഉന്മാദമായി പടർന്നു പിടിച്ചിരുന്നു. 1844-ൽ അദ്ദേഹം ജോലി ഉപേക്ഷിച്ച് മുഴുവൻസമയ സാഹിത്യപ്രവർത്തനം ആരംഭിച്ചു. പീറ്റേഴ്സ്ബർഗിൽ നിന്നു സ്ഥലം മാറ്റിയതാണ് ജോലി രാജിവയ്ക്കാൻ കാരണമായതെന്നും പറയപ്പെടുന്നു.

വായനയുടെയും അനുഭവങ്ങളുടെയും ഉൾക്കരുത്തിൽ നിന്നാണ് ദസ്തയെവ്സ്കി എഴുത്തിലേക്കു കടക്കുന്നത്. 1945-ൽ അദ്ദേഹം തന്റെ ആദ്യ കൃതിയായ **പാവപ്പെട്ടവർ** (Poor Folk) പ്രസിദ്ധീകരിച്ചു. അക്കാലത്തെ അറിയപ്പെട്ടിരുന്ന കവിയും വിപ്ലവകാരിയുമായിരുന്ന നിക്രാസവ് (1821-1877) ആണ് അദ്ദേഹത്തെ അതിനു സഹായിച്ചത്. സാഹിത്യരംഗത്തെ തുടക്കക്കാരനായ ദസ്തയെവ്സ്കിക്കു തന്റെ കൃതിയുടെ മൂല്യത്തെയും സ്വീകാര്യതയെയും പറ്റി ആശങ്കകളുണ്ടായിരുന്നു. എന്നാൽ, ആ രചന അദ്ദേഹത്തിനു വലിയ അംഗീകാരമാണ് നൽകിയത്. പ്രമുഖ നിരൂപകനായ ബെലിൻസ്കീ (1811-1848) അതു വായിച്ചിട്ട് ''ഇതാ നമുക്കിടയിൽ ഒരു പുതിയ ഗൊഗോൾ ആവിർഭവിച്ചിരിക്കുന്നു'' എന്നു പ്രശംസിക്കുകയുണ്ടായി. ഏതാണ്ട് ആറുമാസക്കാലത്തെ കഥമാത്രമാണ് 'പാവപ്പെട്ടവരി'ൽ ഉള്ളത്. നാല്പത്തിയേഴു വയസ്സുള്ള കോപ്പിയിസ്റ്റായ ജേവുഷ്കിനും വാരിങ്കയെന്ന ചെറുപ്പക്കാരിയും തമ്മിലുള്ള സ്നേഹബന്ധത്തിന്റെ കഥയാണ് 'പാവപ്പെട്ടവർ'. തെരുവിന്റെ ഇരുവശങ്ങളിലുമായി താമസിക്കുന്ന അവർ അപവാദഭീഷണിഭയന്ന് നേരിൽ കാണാൻ ശ്രമിക്കാതെ കത്തുകൾവഴി ബന്ധപ്പെടുകയാണ്. ഒരു കത്തിനോടൊപ്പം തന്റെ ബാല്യകാല ഡയറിയും വാരിങ്ക അയച്ചുകൊടുക്കുന്നു. അതിൽനിന്ന് അവളുടെ ദുഃഖാകുലമായ ഭൂതകാലം ജേവുഷ്കിൻ മനസ്സിലാക്കുകയാണ്. ദരിദ്രരുടെ അതിദാരുണമായ ജീവിതം ദസ്തയെവ്സ്കി ഈ നോവലിൽ സൂക്ഷ്മമായി ആവിഷ്കരിച്ചിട്ടുണ്ട്.

'പാവപ്പെട്ടവർ' പകർന്നു നൽകിയ ആത്മവിശ്വാസം അദ്ദേഹത്തെ തുടർന്നെഴുതാൻ പ്രേരിപ്പിച്ചു. അധികം വൈകാതെ 1846-ൽ രണ്ടാമത്തെ നോവൽ പുറത്തുവന്നു **അപരൻ** (The Double). മനുഷ്യന്റെ ദ്വന്ദ്വാത്മക സ്വഭാവത്തെ കൃത്യമായി ചിത്രീകരിക്കുന്ന ഈ നോവൽ വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ല. ബെലിൻസ്കിപോലും അതിനെ തള്ളിപ്പറഞ്ഞപ്പോൾ അതു തന്റെയൊരു ദുർബല രചനയാണെന്ന് ദസ്തയെവ്സ്കിക്കു പറയേണ്ടിവന്നു. എന്നാൽ, സൈക്കോളജിക്കൽ റിയലിസത്തിന്റെ (Psychological Realism) വെളിച്ചത്തിൽ പിന്നീട് വിലയിരുത്തപ്പെട്ട ഈ നോവൽ വലിയ ആസ്വാദകശ്രദ്ധ നേടുകയുണ്ടായി. താനാഗ്രഹിച്ച പെൺകുട്ടിയുടെ ജന്മദിനാഘോഷത്തിൽ നിന്നും പുറത്താക്കപ്പെട്ട ഗല്യാദ്കിൻ വഴിക്കു വച്ച് തന്റെ തന്നെ പേരുള്ള ഒരാളെ കണ്ടെത്തുകയാണ്. രണ്ടുപേരും ഗല്യാദ്കിൻ. ഒരാൾ സീനിയർ മറ്റേയാൾ ജൂനിയർ. ജൂനിയർ ഗല്യാദ്കിൻ പിന്നീട് സീനിയർ ഗല്യാദ്കിന്റെ ഓഫീസിൽത്തന്നെ നിയമിതനാവുകയാണ്. അതോടെ സീനിയറിന്റെ സ്വസ്ഥത നഷ്ടപ്പെടുന്നു. വിഭ്രാന്തിയുടെ പിടിയിലകപ്പെടുന്ന സീനിയർ ഗല്യാദ്കിൻ പിന്നീട് ആത്മപീഡനപരമായ സംഘർഷങ്ങൾക്കടിപ്പെടുകയും ക്രമേണ ഭ്രഷ്ടനായിത്തീരുകയും ചെയ്യുന്നു. സീനിയർ ഗല്യാദ്കിനും ജൂനിയർ ഗല്യാദ്കിനും ഒരാളിന്റെ തന്നെ വ്യത്യസ്തഭാവങ്ങളാണ്. ജർമ്മൻ ദാർശനികനായ ഇമ്മാനുവൽ കാന്റ് (1724-1804) ഫ്രെഡറിക് നീത്ഷേ (1844-1900), ഫ്രെഡറിക് ഹെഗൽ (1770-1831) തുടങ്ങിയവർ ആഴത്തിൽ പരിചിന്തിച്ചിട്ടുള്ള വിഷയമാണ് മനുഷ്യരിലെ വിഭക്ത വ്യക്തിത്വം.

ഡബിളിനെ തുടർന്ന് സാധാരണക്കാരായ ഏതാനും മനുഷ്യരെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് ലാൻഡ്‌ലേർഡി, മര്യാദക്കാരനായ കള്ളൻ, ഒരു ക്രിസ്മസ് രാവും ഒരു വിവാഹവും, നിലാവുനിറഞ്ഞ രാത്രികൾ (white nights), നിതോച്ക്ക നിസ്വാനവ തുടങ്ങിയ ഏതാനും ഹ്രസ്വരചനകൾ കൂടെ ദസ്തയെവ്സ്കി പ്രസിദ്ധീകരിച്ചു. അദ്ദേഹത്തിന്റെ കൃതികളിൽ സ്ത്രീകഥാപാത്രം തന്റെ കഥ പറയുന്ന ഏക കൃതിയാണ് 'നിതോച്ക്ക നിസ്വാനവ.'

അന്നത്തെ റഷ്യൻ ചക്രവർത്തിയായിരുന്ന നിക്കോളാസ് ഒന്നാമന്റെ ഭരണവൈകല്യങ്ങളിൽ അസംതൃപ്തരായ ഒരു കൂട്ടം യുവാക്കളിൽ ദസ്തയെവ്സ്കി ആകർഷിക്കപ്പെട്ടു. ഫ്രഞ്ചുവിപ്ലവത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട ആ ബുദ്ധിജീവി സംഘത്തോടൊപ്പം അദ്ദേഹവും ചേർന്നു. റഷ്യൻ വിദേശകാര്യമന്ത്രാലയത്തിലെ ഒരുദ്യോഗസ്ഥനായിരുന്ന പാത്രഷേവ്സ്കി ആയിരുന്നു സംഘത്തിന്റെ നേതാവ്. സർക്കാരിനുവിരുദ്ധമായി അവർ സംഘടിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. സർക്കാർ അടങ്ങിയിരുന്നില്ല. ഒരു രാത്രി ദസ്തയെവ്സ്കി അറസ്റ്റു ചെയ്യപ്പെട്ടു. പീറ്റർ പോൾ കോട്ട ജയിലിൽ എട്ടുമാസത്തോളം വിചാരണത്തടവുകാരനായി അദ്ദേഹത്തിനു കഴിയേണ്ടിവന്നു. വിചാരണയ്ക്കുശേഷം ദസ്തയെവ്സ്കിയെയും കൂട്ടരെയും 1849 ഡിസംബർ 22-ന് പീറ്റേഴ്സ്ബർഗിലെ സെമനോവ് സ്ക്വയറിൽവച്ച് വെടിവച്ചുകൊല്ലാൻ കോടതി ഉത്തരവായി. വധശിക്ഷയ്ക്കായി എല്ലാവരും നിരത്തി നിർത്തപ്പെട്ടു. ദസ്തയെവ്സ്കി ആറാമത്തെയാളാണ്. തോക്കുകൾ നിറയൊഴിക്കാൻ സജ്ജമായി. രംഗം നിശ്ശബ്ദ ഭീകരമായി. അപ്പോഴാണ് വധശിക്ഷ ഇളവുചെയ്തുകൊണ്ടുള്ള ചക്രവർത്തിയുടെ പ്രഖ്യാപനവുമായി ഓഫീസർ എത്തുന്നത്. അതൊരു പ്രഹസനമായിരുന്നു യഥാർത്ഥത്തിൽ. പക്ഷേ, മരണഭയംകൊണ്ടു നടുങ്ങിപ്പോയ തടവുകാർ എല്ലാം പിന്നീട് മാനസികമായി തകർന്നുപോയി. സൈബീരിയയിലെ തടവറയിൽ നാലുവർഷത്തെ കഠിനതടവായി ശിക്ഷ ഇളവു ചെയ്തുകൊണ്ട് ഉത്തരവായി. അങ്ങനെ കൊടുംകുറ്റവാളികൾ പാർക്കുന്ന സൈബീരിയൻ ജയിലിലേക്ക് ഒരു ക്രിസ്മസ് രാത്രിയിൽ, ചങ്ങലകളാൽ ബന്ധിതനായി, ശുദ്ധഹൃദയനായ ദസ്തയെവ്സ്കി യാത്രയായി. കഠിനതടവിനു പുറമെ ഒരുവർഷം അർദ്ധസൈനിക സേവനവും അദ്ദേഹത്തിനു വിധിച്ചിരുന്നു.

1856-ൽ ശിക്ഷതീരുമ്പോൾ ദസ്തയെവ്സ്കിയുടെ സൈബീരിയൻ വാസക്കാലം ഏകദേശം പത്തുവർഷം പിന്നിട്ടിരുന്നു. പിന്നീട് കമ്മീഷൻ പദവിയില്ലാത്ത ഒരോഫീസറായി അദ്ദേഹം. ഇതിനിടയിൽ ക്രിമിയൻ യുദ്ധത്തിലെ തോൽവിയെത്തുടർന്ന് നിക്കോളാസ് ഒന്നാമൻ അന്തരിക്കുകയും അലക്സാണ്ടർ രണ്ടാമൻ ചക്രവർത്തിയാവുകയും ചെയ്തു. 1859-ൽ മാത്രമാണ് ദസ്തയെവ്സ്കിക്കു ശിക്ഷപൂർത്തിയാക്കി തന്റെ പ്രിയപ്പെട്ട നഗരമായ സെന്റ് പീറ്റേഴ്സ് ബർഗിൽ എത്താനായത്. സൈബീരിയൻ വാസക്കാലത്താണ് മറ്റൊരാളിന്റെ ഭാര്യയും ഒരു പുത്രനുള്ളവരുമായ മരിയ ദ്മിത്രിവ്നയുമായി അദ്ദേഹം പ്രണയബദ്ധനാവുന്നത്. ഭർത്താവിന്റെ മരണശേഷം അദ്ദേഹം മരിയയെ വിവാഹം ചെയ്തു. പക്ഷേ, ക്ഷയരോഗബാധിതയായ അവർ അധികം വൈ

കാതെ മരണപ്പെട്ടു. പുത്രൻ പാവേലിനെ ദസ്തയെവ്സ്കി കൈവിട്ടില്ല. എന്നാൽ, പിന്നീട് ദുർന്നടപ്പുക്കാരനായിത്തീർന്ന പാവേൽ അദ്ദേഹത്തെ ആമരണം ബുദ്ധിമുട്ടിച്ചു. മരണക്കിടക്കയിലായിരുന്നപ്പോഴും സ്വത്തുഭാഗത്തിനായി അവൻ ആവശ്യപ്പെടുകയുണ്ടായി.

പീറ്റേഴ്സ്ബർഗിൽ തിരിച്ചെത്തിയ ദസ്തയെവ്സ്കിയുടെ കാഴ്ചപ്പാടിൽ ആത്മീയവും മാനസികവുമായ പക്വതയുണ്ടായിരുന്നു. തടവുശിക്ഷകഴിഞ്ഞ വിപ്ലവകാരി, എഴുത്തുകാരൻ എന്നീ നിലകളിൽ അദ്ദേഹം വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഇടയിൽ ശ്രദ്ധിക്കപ്പെട്ടു. തന്റെ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കുവാൻ ഒരു പ്രസിദ്ധീകരണം വേണമെന്ന് അദ്ദേഹം ചിന്തിച്ചു അങ്ങനെ ജ്യേഷ്ഠൻ മിഖയിലിനോടൊപ്പം ചേർന്ന് 1861-ൽ 'ടൈം' മാസിക പ്രസിദ്ധീകരിച്ചു. 'നിന്ദിതരും പീഡിതരും'. 'മരിച്ചവീട്' എന്നീ നോവലുകൾ ദസ്തയെവ്സ്കി പ്രസിദ്ധീകരിച്ചത് 'ടൈമി'ലൂടെയായിരുന്നു. വാന്യ എന്ന യുവസാഹിത്യകാരൻ കഥ പറയുന്ന രീതിയിലാണ് **നിന്ദിതരും പീഡിതരും** (The Insulted and the Injured) എഴുതിയിട്ടുള്ളത്. തന്റെ മോഹങ്ങൾ മറ്റുള്ളവർക്കായി ഉപേക്ഷിക്കേണ്ടിവരുന്ന പ്രണയാലുക്കളുടെ തീക്ഷ്ണാനുഭവങ്ങളാണ് ഇതിൽ പറയുന്നത്. തകർന്നുപോയവരും പരാജിതരുമായ നന്മയുള്ള ഏതാനും മനുഷ്യരാണ് ഇതിലെ കഥാപാത്രങ്ങൾ. സൈബീരിയയിലെ ദുരിതാനുഭവങ്ങളുടെ ഇരുണ്ടപർവം ആത്മകഥപോലെ അനുഭവിപ്പിക്കുന്ന രചനയാണ് **മരിച്ചവീട്** (The House of the Dead). ഭാര്യയെ കൊന്നതിനുശേഷം പത്തുവർഷത്തെ ജയിൽശിക്ഷ അനുഭവിക്കുന്ന ഒരാളുടെ ഓർമ്മകളായാണ് ഈ നോവൽ എഴുതിയിരിക്കുന്നത്. എഴുത്തുകാരൻ എന്ന രീതിയിൽ ദസ്തയെവ്സ്കിക്ക് ഈ രണ്ടു നോവലുകളും വലിയ ജനശ്രദ്ധ നേടിക്കൊടുത്തു.

1862-ൽ ദസ്തയെവ്സ്കി തന്റെ ആദ്യത്തെ യൂറോപ്യൻ പര്യടനത്തിനിറങ്ങി. രോഗിണിയായ ഭാര്യയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. 1863-ൽ പോളണ്ടിൽ റഷ്യ ഇടപെട്ടതിനെക്കുറിച്ച് 'ടൈമി'ൽ വന്ന ഒരു ലേഖനം അധികാരികളെ അതൃപ്തരാക്കി. അതിനെത്തുടർന്ന് 'ടൈം' സർക്കാർ നിരോധിച്ചു. മിഖയേൽ ആകെ ധർമ്മവ്യസനത്തിലായി. തുടർന്ന് അദ്ദേഹം 1864-ൽ 'ഈപ്പോക്' എന്ന പേരിൽ മറ്റൊരു പ്രസിദ്ധീകരണം ആരംഭിച്ചു. ദസ്തയെവ്സ്കി ഭാര്യയുടെ മരണശയ്യയ്ക്കരികിലിരുന്നെഴുതിയ 'അധോതലക്കുറിപ്പുകൾ' ഇതിലാണ് പ്രസിദ്ധീകരിച്ചുവന്നത്. ഏറ്റുപറച്ചിലിന്റേയോ ഡയറിക്കുറിപ്പുകളുടെയോ രൂപത്തിലാണെന്നു പറയാവുന്ന ഈ രചന ഒരു മാനസികാപഗ്രഥന നോവലാണ്. 1864-ൽ ഭാര്യ മരിയ അന്തരിച്ചു. അധികം വൈകാതെ ജ്യേഷ്ഠൻ മിഖായലും അന്തരിച്ചു. അടുത്തിടെ ഉണ്ടായ ഈ രണ്ടു മരണങ്ങളും ദസ്തയെവ്സ്കിയെ തകർത്തുകളഞ്ഞു. ജ്യേഷ്ഠന്റെ സാമ്പത്തികബാധ്യതയും ഭാര്യയുടെയും മൂന്നു മക്കളുടെയും സംരക്ഷണച്ചുമതലയും അദ്ദേഹം ഏറ്റെടുത്തു. അതോടെ വലിയൊരു ബാധ്യതക്കാരനായി അദ്ദേഹം. ദസ്തയെവ്സ്കിയുടെ ഈ അവസ്ഥകണ്ട് കുപ്രസിദ്ധനായ പ്രസാധകൻ സ്റ്റെല്ലോവ്സ്കി സഹായിക്കാനെത്തി. വിചിത്രമായൊരു കരാറാണ് അദ്ദേഹം വച്ചത്. ''ഇതിനകം പ്രസിദ്ധീകരിച്ച കൃതികളുടെയെല്ലാം പകർപ്പവകാശം തനിക്കുവേണം. 1866 നവംബർ ഒന്നാം തീയതിക്കകം ഒരു പുതിയ നോവൽ എഴുതി നൽകണം. അതിനു സാധിച്ചില്ലെങ്കിൽ മേലാൽ എഴുതുന്ന എല്ലാ കൃതികളുടെയും പ്രസാധാവകാശം തനിക്കായിരിക്കും. അതിനു പ്രതിഫലവും ഉണ്ടാകില്ല.'' ഗത്യന്തരമില്ലാതെ ദസ്തയെവ്സ്കി ആ കരാർ അംഗീകരിച്ചു. സ്റ്റെല്ലോവ്സ്കി അദ്ദേഹത്തിന്റെ കടങ്ങളെല്ലാം വീട്ടി. എങ്ങനെയും സ്റ്റെല്ലോവ്സികിയുടെ കടംവീട്ടണമെന്നായിരുന്നു പിന്നെ ദസ്തയെവ്സ്കിയുടെ ചിന്ത. യൂറോപ്പിലെ ചൂതാട്ടക്കളങ്ങളിലേക്ക് അദ്ദേഹം ആകർഷിക്കപ്പെടുന്നത് അങ്ങനെയാണ്. ഇതേ ലക്ഷ്യത്തോടെ അദ്ദേഹം 1865-ൽ മൂന്നാമത്തെ വിദേശപര്യടനത്തിനിറങ്ങി. പലീന എന്നൊരു യുവതിയായിരുന്നു അദ്ദേഹത്തിന്റെ അപ്പോഴത്തെ പുതിയ കാമുകി. യൂറോപ്പിലെ ചൂതാട്ടക്കളങ്ങൾ അദ്ദേഹത്തിനു പ്രതീക്ഷ പകർന്നില്ല. തനിക്കു വിലപ്പെട്ടതെല്ലാം പണയം വച്ചു ചൂതാടി. കിട്ടിയ പണം സൂക്ഷിക്കാനും കഴിഞ്ഞില്ല. സർവതും ധൂർത്തടിച്ച് നശിച്ച് അദ്ദേഹം അതിദയനീയസ്ഥിതിയിലായി. രാവിലെ ചൂതാട്ടകേന്ദ്രത്തിലേക്കു പോയി രാത്രിയിൽ വിഷണ്ണനായി ഹോട്ടൽമുറിയിലെത്തും. ഹോട്ടലിലും വലിയൊരു തുക കൊടുക്കാനുണ്ട്. അവിടെനിന്നു ഭക്ഷണംപോലും കിട്ടില്ലെന്ന സ്ഥിതിവന്നു. കാമുകി പലീനയും അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. ഈ വിഷമാവസ്ഥയിലിരുന്നാണ് അദ്ദേഹം **കുറ്റവും ശിക്ഷയും** എഴുതിയത്. അത് ആയിടയ്ക്ക് റഷ്യൻ മെസഞ്ചറിൽ ഖണ്ഡശ: പ്രസിദ്ധീകരണം ആരംഭിച്ചിരുന്നു.

1866 ഒക്ടോബർ ആയപ്പോൾ സ്റ്റെല്ലോവ്സ്കിയുമായുള്ള കരാർ ദസ്തയെവ്സ്കി ഓർത്തു. അയാൾക്കുവേണ്ടി ' ചൂതാട്ടക്കാരൻ' എന്നൊരു നോവൽ എഴുതിത്തുടങ്ങി. നോവൽ വേഗം പൂർത്തിയാക്കാനായി പറഞ്ഞുകൊടുത്തെഴുതിക്കാൻ പറ്റിയ ഒരാൾ വേണം. അങ്ങനെയാണ് അന്നഗ്രിഗന്യേവ്ന അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു കടന്നുവരുന്നത്. അതു പിന്നെ പിരിയാനാവാത്ത ജീവിതബന്ധത്തിനു കാരണമായി. 24 ദിവസങ്ങൾ കൊണ്ട് 'ചൂതാട്ടക്കാരൻ' തീർത്തു. പറഞ്ഞ സമയത്തുതന്നെ നോവലുമായി സ്റ്റെല്ലോവ്സ്കിയെ കാണാൻ പോയെങ്കിലും തന്ത്രശാലിയായ ആ പ്രസാധകൻ മുങ്ങിയിരുന്നു. അന്നയാണ് അവിടെ ദസ്തയെവ്സ്കിയെ സഹായിച്ചത്. നോവലിന്റെ കൈയെഴുത്തുപ്രതി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ച് തീയതിയും സമയവും രേഖപ്പെടുത്തി രസീത് വാങ്ങിച്ചു. അങ്ങനെ ആ കുടുക്കിൽ നിന്നദ്ദേഹം രക്ഷപ്പെട്ടു.

ദസ്തയെവ്സ്കി വൈകാതെ അന്നയെ വിവാഹം കഴിച്ചു. അദ്ദേഹത്തെ കുഴഞ്ഞുമറിഞ്ഞ ജീവിതത്തിൽനിന്നു മോചിപ്പിച്ച് സാഹിത്യരംഗത്ത് ശ്രദ്ധപതിപ്പിച്ചുനിർത്തിയത് അന്നയായിരുന്നു. 1866-ൽ പ്രസിദ്ധീകരിച്ച **കുറ്റവും ശിക്ഷയും** മനുഷ്യമനസ്സിന്റെ ഇതിഹാസമെന്ന നിലയിൽ ഏറെ ശ്രദ്ധേയമായി. കോളേജ് വിദ്യാർത്ഥിയായ റസ്ക്കോൾ നിക്കോവാണ് ഇതിലെ നായകൻ. സ്വർണാഭരണങ്ങൾ പണയം വാങ്ങുന്ന വൃദ്ധയെയും സഹോദരിയെയും കൊലചെയ്ത അയാൾ ശിക്ഷിക്കപ്പെടാത്തതിൽ അനുഭവിക്കുന്ന കൊടിയ മാനസികവ്യഥയാണ് ഇതിലെ ഇതിവൃത്തം.

ക്രിസ്തുതുല്യനായ ഒരു കഥാപാത്രത്തെ സൃഷ്ടിക്കാനുള്ള ശ്രമഫലമാണ് ദസ്തയെവ്സ്കിയുടെ **ഇഡിയറ്റ്** (1868) എന്ന നോവൽ. ഈ നോവൽ അദ്ദേഹം അന്നയ്ക്കാണ് സമർപ്പിച്ചിരിക്കുന്നത്. സ്നേഹവും കാരുണ്യവും ഉയർത്തിപ്പിടിച്ചിട്ടും പരാജയപ്പെട്ടുപോകുന്ന ചുഴലിരോഗിയായ പ്രിൻസ് മിഷ്കിനാണ് ഇതിലെ കഥാപാത്രം. 1871-72 കാലയളവിലെഴുതിയ **'ഭൂതാവിഷ്ടർ'** ഏറെ വിവാദങ്ങളുണ്ടാക്കിയ രചനയാണ്. രാഷ്ട്രീയ അരാജകത്വം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന നൈലിസ്റ്റുകളെയും രാഷ്ട്രീയ കൊലപാതകങ്ങളെയും അദ്ദേഹമിതിൽ തള്ളിപ്പറയുന്നു. ഇതിന്റെ തുടർച്ചയായി വായിക്കാവുന്ന നോവലാണ് 1875-ൽ പ്രസിദ്ധീകൃതമായ **അപക്വയുവാവ്**. 1880-ൽ പുറത്തുവന്ന **കാരമസോവ് സഹോദരന്മാരു**ടെ രചനയോടെ ദസ്തയെവ്സ്കി ലോകത്തിലെതന്നെ പ്രഥമ പരിഗണനീയനായ എഴുത്തുകാരനായി. തന്റെ മനസ്സിലുണ്ടായിരുന്ന മനുഷ്യമഹത്ത്വത്തെ സംബന്ധിച്ച ബഹുരൂപിയായ ആഖ്യാനപദ്ധതിയായിരുന്നു ഈ നോവൽ. ഇതു പ്രസിദ്ധീകരിച്ച് അധികനാൾ കഴിയുന്നതിനുമുമ്പേ 1881 ഫെബ്രുവരി 9-ാം തീയതി ആ മഹാപ്രതിഭ ഈ ലോകത്തോടു വിടപറഞ്ഞു. സ്വതേരോഗിയായിരുന്ന ദസ്തയെവ്സികിയുടെ ശ്വാസകോശത്തിലെ ഒരു ഞരമ്പുപൊട്ടിയതായിരുന്നു മരണകാരണം.

ലോകമെമ്പാടുമുള്ള ഭാഷകളിലേക്കു ദസ്തയെവ്സ്കിയുടെ രചനകൾ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കൃതികൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത് കോൺസ്ട്രൻസ് ഗാർനറ്റാണ്. സിഗ്മണ്ട് ഫ്രോയിഡിനെപ്പോലെയുള്ള പ്രതിഭകൾ ദസ്തയെവ്സ്കിയുടെ സമഗ്രവ്യക്തിത്വത്തെ ആഴത്തിൽ പഠിച്ച് ചില മനശ്ശാസ്ത്ര നിഗമനങ്ങളിലെത്തിയിട്ടുണ്ട്. മലയാളത്തിലും അദ്ദേഹത്തിന്റെ രചനകൾ ലഭ്യമാണ്. എൻ.കെ. ദാമോദരൻ, ഇടപ്പള്ളി കരുണാകരമേനോൻ, വേണു. വി. ദേശം എന്നിവരാണ് മലയാളത്തിലെ പ്രമുഖ ദസ്തയെവ്സ്കി വിവർത്തകർ. ദസ്തയെവ്സികിയെക്കുറിച്ച് ജി.എൻ. പണിക്കർ 'ദസ്തയെവ്സ്കി' എന്നൊരു പുസ്തകവും കെ. സുരേന്ദ്രൻ 'ദസ്തയെവ്സ്കിയുടെ കഥ' എന്നൊരു ജീവചരിത്രഗ്രന്ഥവും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതം പ്രമേയമാക്കി മലയാളത്തിലുണ്ടായിട്ടുള്ള രണ്ടു പ്രമുഖ നോവലുകളാണ് പെരുമ്പടവം ശ്രീധരന്റെ 'ഒരു സങ്കീർത്തനം പോലെ'യും വേണു. വി. ദേശത്തിന്റെ 'റഷ്യൻ ക്രിസ്തു'വും. •

*(കേരള വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന 'വിദ്യാരംഗം' മാസികയുടെ അസി. എഡിറ്ററാണ് ലേഖകൻ)*

# ഡിജിലോക്കർ വഴി സർട്ടിഫിക്കറ്റ് പരിശോധന നടത്തിയ ആദ്യ പി.എസ്.സി.യായി കേരള പി.എസ്.സി.

ഡിജിലോക്കർ സംവിധാനം ഉപയോഗിച്ച് സർട്ടിഫിക്കറ്റുകളുടെ ആധികാരികത ഉറപ്പു വരുത്തി പ്രമാണപരിശോധന നിർവ്വഹിക്കുന്നതിന്റെ ഔപചാരികമായ ഉദ്ഘാടനം പി.എസ്.സി. ആസ്ഥാന ഓഫീസിൽ ചെയർമാൻ അഡ്വ. എം.കെ. സക്കീർ നിർവ്വഹിച്ചു. കമ്മിഷനംഗങ്ങളായ സ്റ്റാനി തോമസ്, ബോണി കുര്യാക്കോസ് മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു. ഐ.ടി. മിഷൻ ഡയറക്ടർ സ്നേഹിൽകുമാർ സിങ് ഐ.എ.എസ്., കേരള ഐ.ടി. മിഷൻ ടെക്നോളജി ഹെഡ് രാജീവ് പണിക്കർ അഡീഷണൽ സെക്രട്ടറി വി.ബി. മനുകുമാർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആർ. മനോജ്, അണ്ടർ സെക്രട്ടറി കെ.പി. രമേഷ് കുമാർ എന്നിവർ സംസാരിച്ചു. കണ്ണൂർ ജില്ലയിലെ ഒരു ഉദ്യോഗാർത്ഥിയുടെ സി.ടി.ഇ.ടി (സെൻട്രൽ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ്) സർട്ടിഫിക്കറ്റ് ഡിജിലോക്കർ വഴി അപ്‌ലോഡ് ചെയ്ത് വെരിഫിക്കേഷൻ നടത്തിയാണ് പുതിയ സംവിധാനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം, നാഷണൽ ഇ-ഗവേണൻസ് ഡിവിഷൻ എന്നിവരുടെ സഹകരണത്തോടെയാണ് കേരള പി.എസ്.സി.ക്ക് ഡിജിറ്റൽ ലോകത്ത് പുതിയ നാഴികക്കല്ല് സൃഷ്ടിക്കാനായത്.



വിവിധ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഡോക്യുമെന്റായി ഡിജിലോക്കറിൽ നിക്ഷേപിക്കുകയും ആയത് പരിശോധിക്കുന്ന പി.എസ്.സി. പോലുള്ള ഓഫീസുകൾക്ക് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈൽ വഴി ഡിജിലോക്കർ ഡോക്യുമെന്റുകൾ പരിശോധിക്കുന്നതിനുള്ള ആധികാരികത ഇന്ത്യയിലാദ്യമായി കേരള പി.എസ്.സി.ക്ക് ലഭിച്ചുകഴിഞ്ഞു. ആയതിന്റെ ആദ്യപടിയായി ഡിജിറ്റൽ ഡോക്യുമെന്റ്, ഉദ്യോഗാർത്ഥി അസ്സൽ സർട്ടിഫിക്കറ്റുമായി നേരിട്ട് ഹാജരാകാതെ പരിശോധനാ വിഭാഗത്തിന് കാണാനും വെരിഫൈ ചെയ്ത് സാക്ഷ്യപ്പെടുത്താനുമുള്ള സൗകര്യമാണ് പി.എസ്.സി.ക്ക് ലഭ്യമായത്. ഇനിമുതൽ മറ്റു സ്ഥാപനങ്ങൾ ഡിജിലോക്കർ വഴി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലേക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയും.

വിവിധ സർക്കാർ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർട്ടിഫിക്കറ്റുകൾ ഡിജിലോക്കർ സംവിധാനത്തിലൂടെ മാത്രമായി മാറിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഇലക്ട്രോണിക് ആന്റ് ഐ.ടി. മന്ത്രാലയത്തിന്റെ കീഴിലാണ് ഈ സർക്കാർ സംവിധാനം പ്രവർത്തിച്ചുവരുന്നത്. ഐ.ടി. നിയമത്തിലെ റൂൾ 9 പ്രകാരം ഡിജിലോക്കർ വഴി ലഭ്യമാകുന്ന പ്രമാണങ്ങൾ അസ്സൽ പ്രമാണമായി തന്നെ പരിഗണിക്കാവുന്നതാണ്. പൊതുജനങ്ങൾ സേവനങ്ങൾക്കായി സർക്കാർ ഓഫീസുകൾ കയറി ഇറങ്ങുന്ന രീതി ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യമാണ് ഇവിടെ നിറവേറുന്നത്. ഡിജി ലോക്കർ വഴി പ്രമാണപരിശോധന നടത്തുന്ന ആദ്യ പി.എസ്.സിയായി കേരള പി.എസ്.സി. മാറുകയാണ്. •

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ളവരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനങ്ങൾക്ക് 15-11-2021, തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റ് കാണുക. പ്രസ്തുത വിജ്ഞാപനങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.

**അസാധാരണ ഗസറ്റ് തീയതി: 15.11.2021 അവസാന തീയതി: 22.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോ 31/12/2011 നോ അതിനുശേഷമോ എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അപ്‌ലോഡ് ചെയ്ത ഫോട്ടോയ്ക്ക് അപ്‌ലോഡ് ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ My applications എന്ന ലിങ്കിൽ Click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation), അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷ തീയതി വരെയുള്ള അവസാനത്തെ പതിനഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിച്ച ശേഷം പരീക്ഷയ്ക്ക് സ്ഥിരീകരണം നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് എതിരെ Rules of Procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്. **എല്ലാ തസ്തികകൾക്കും KS & SSR പാർട്ട് II റൂൾ 10 (a)ii ബാധകമാണ്.**

തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും, നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

**ആധാർ കാർഡുള്ളവർ തിരിച്ചറിയൽ രേഖയായി ആധാർ പ്രൊഫൈലിൽ ചേർക്കേണ്ടതും പ്രൊഫൈൽ ആധാറുമായി ലിങ്ക് ചെയ്യേണ്ടതുമാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

### കാറ്റഗറി നമ്പർ : 505/2021
### കൃഷി ഓഫീസർ
### കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

1 **വകുപ്പ്** : കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
2 **ഉദ്യോഗപ്പേര്** : കൃഷി ഓഫീസർ
3 **ശമ്പളം** : ₹ 55200–115300
4 **ഒഴിവുകളുടെ എണ്ണം** : 02 (രണ്ട്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായപരിധി** : 20–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2001 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ** : അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും കൃഷി ശാസ്ത്രത്തിലോ / ഹോർട്ടികൾച്ചറിലോ ലഭിച്ചിട്ടുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

### കാറ്റഗറി നമ്പർ : 506/2021
### റിസർച്ച് ഓഫീസർ
### പുരാവസ്തു വകുപ്പ്

1 **വകുപ്പ്** : പുരാവസ്തു വകുപ്പ്
2 **ഉദ്യോഗപ്പേര്** : റിസർച്ച് ഓഫീസർ
3 **ശമ്പളം** : ₹ 51400–110300/
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായപരിധി** : 25–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.1996 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നാക്ക വിഭാഗങ്ങളിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).
7. **യോഗ്യതകൾ :** മലയാളത്തിലോ ഫോക്‌ലോറിലോ നേടിയിട്ടുള്ള ബിരുദാനന്തരബിരുദം.

അല്ലെങ്കിൽ

ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയ ബന്ധപ്പെട്ട വിഷയത്തിലുള്ള തത്തുല്യ യോഗ്യത.

**മുൻഗണന :** മലയാളത്തിലോ ഫോക് ലോറിലോ നേടിയിട്ടുള്ള PhD ബിരുദം.

### കാറ്റഗറി നമ്പർ : 507/2021
### ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ഓവർസീയർ ഗ്രേഡ് I (സിവിൽ)
### ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

1. **വകുപ്പ്** : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
2. **ഉദ്യോഗപ്പേര്** : ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I/ ഓവർസീയർ ഗ്രേഡ് I (സിവിൽ)
3. **ശമ്പളം** : ₹ 37,400 –79,000
4. **ഒഴിവുകളുടെ എണ്ണം** : 01 (ഒന്ന്)
5. **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6. **പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും അനുവദനീയമായ വയസ്സിളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ പാർട്ട് II ലെ രണ്ടാം ഖണ്ഡിക നോക്കുക.)
7. **യോഗ്യതകൾ** : കേരള ഗവൺമെന്റ് അംഗീകരിച്ച സിവിൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമ (മൂന്ന് വർഷത്തെ കോഴ്സ്) അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

### കാറ്റഗറി നമ്പർ : 508/2021
### സാർജന്റ്
### കാഴ്ചബംഗ്ലാവും മൃഗശാലയും

1 **വകുപ്പ്** : കാഴ്ചബംഗ്ലാവും മൃഗശാലയും
2 **ഉദ്യോഗപ്പേര്** : സാർജന്റ്
3 **ശമ്പളം** : ₹ 31100 – 66800/
4 **ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.
6 **പ്രായപരിധി** : 18–36. ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)
7 **യോഗ്യതകൾ :** (എ) i) ആർമിയിൽ സുബേദാറിന് താഴെ അല്ലാത്ത റാങ്കിൽ നിന്ന് പെൻഷൻ പറ്റിയ ഉദ്യോഗസ്ഥനായിരിക്കണം.

അല്ലെങ്കിൽ

ii)എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ യോഗ്യതയും പോലീസിലോ മിലിട്ടറിയിലോ ഉള്ള ആറ് മാസത്തെ പരിശീലനവും. (ബി) നല്ല ശാരീരികശേഷി ഉണ്ടായിരിക്കണം. (ശാരീരികശേഷി തെളിയിക്കുന്നതിന് സർക്കാർ സർവീസിൽ സേവനം അനുഷ്ഠിക്കുന്ന അസിസ്റ്റന്റ് സർജന് താഴെ അല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്).

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

### കാറ്റഗറി നമ്പർ : 509/2021
### പി. ഡി. ടീച്ചർ (പുരുഷൻമാർ മാത്രം)
### ജയിൽ

1 വകുപ്പ് : ജയിൽ
2 ഉദ്യോഗപ്പേര് : പി. ഡി. ടീച്ചർ (പുരുഷൻമാർ മാത്രം)
3 ശമ്പളം : ₹ 31100 – 66800
4 ഒഴിവുകളുടെ എണ്ണം : 01 (ഒന്ന്)
5 **നിയമന രീതി** : നേരിട്ടുള്ള നിയമനം
6 **പ്രായപരിധി** : 18–39. ഉദ്യോഗാർത്ഥികൾ 02.01.1982നും

01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നോക്ക വിഭാഗത്തിലുള്ളവർക്കും പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

7 **യോഗ്യതകൾ :** 1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം

2. T.T.C. അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം

**കുറിപ്പ് :** പുരുഷ ഉദ്യോഗാർത്ഥികൾ മാത്രം അപേക്ഷിച്ചാൽ മതിയാകുന്നതാണ്.

## കാറ്റഗറി നമ്പർ : 510/2021
## ഡാറ്റാ എൻട്രി ഓപ്പറേറ്റർ
## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

| | | |
|---|---|---|
| 1. | **വകുപ്പ്** | : കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ |
| 2. | **ഉദ്യോഗപേര്** | : ഡാറ്റാ എൻട്രി ഓപ്പറേറ്റർ |
| 3. | **ശമ്പളം** | : ₹ 27900–63700 |
| 4. | **ഒഴിവുകളുടെ എണ്ണം** | : 02 (രണ്ട്) |
| 5. | **നിയമന രീതി** | : നേരിട്ടുള്ള നിയമനം. |
| 6. | **പ്രായപരിധി** | : (18–36) ഉദ്യോഗാർത്ഥികൾ 02.01.1985 |

നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും.

കുറിപ്പ്: 25.08.2020 തീയതിയിലെ G.O.(P)No.19/2020/SJD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ, യോഗ്യരായ a)blindness and low vision, b) deaf and hard of hearing c) locomotor disabiltiy including cerebral pasly, leprsoy cured, dwarfism, acid attack victims and muscular dytsrophy, d) autism, intellectual disabiltiy,specific learning disabiltiy and mental illness ,e) multiple disabilities from amongst person under clause (a) to (d) including deaf-blindness വിഭാഗത്തിൽപ്പെടുന്ന, ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവച്ചിരിക്കുന്നു.മുകളിൽ പരാമർശിച്ചിട്ടുള്ള വിഭാഗങ്ങളിൽപ്പെടുന്ന , മുൻപ് സൂചിപ്പിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ ഭിന്നശേഷി സംവരണത്തിനായി പരിഗണിക്കുന്നതാണ്.ഈ വിഭാഗം ഉദ്യോഗാർത്ഥികൾ മേൽപറഞ്ഞ ഉത്തരവിൽ നിർദേശിച്ചിട്ടുള്ളതു പ്രകാരം Disabiltiy Certificate, Phy-sical & Functionaltiy Certificate എന്നിവ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

**7. യോഗ്യതകൾ :** 1. പ്ലസ് ടു വിജയിച്ചിരിക്കണം അല്ലെങ്കിൽ തത്തുല്യം.

2. കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമ.

## കാറ്റഗറി നമ്പർ : 511/2021
## ജനറൽ മാനേജർ (പ്രൊജക്റ്റ്)
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| 2. | **ഉദ്യോഗപ്പേര്** | : ജനറൽ മാനേജർ ( പ്രൊജക്റ്റ്) |
| 3. | **ശമ്പളം** | : ₹ 27800 – 56700 |
| 4. | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും (Part I) സൊസൈറ്റി വിഭാഗത്തിൽ നിന്നും (Part II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ 1 (ഒന്ന്)വർഷം പ്രൊബേഷനിലായിരിക്കും.

5. **നിയമനരീതി :** നേരിട്ടുള്ള നിയമനം

6. **പ്രായപരിധി :** 18 – 45. ഉദ്യോഗാർത്ഥികൾ 02/01/1976 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് II പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പിരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

7. **യോഗ്യതകൾ :** 1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ബി.ടെക്കും, എം.ബി.എയും,12വർഷത്തെ പ്രവൃത്തി പരിചയവും

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം: **(പരിചയ സർട്ടിഫിക്കറ്റ് സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3)ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ താഴെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ് മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.kerala psc.gov.in))**

8. പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (2) V,VIII,IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 512/2021
## ടെലിഫോൺ ഓപ്പറേറ്റർ
## മെഡിക്കൽ വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | **വകുപ്പ്** | : മെഡിക്കൽ വിദ്യാഭ്യാസം |
| 2 | **ഉദ്യോഗപ്പേര്** | : ടെലിഫോൺ ഓപ്പറേറ്റർ |
| 3 | **ശമ്പളം** | : ₹ 23,700 – 52,600 |
| 4 | **ഒഴിവുകളുടെ എണ്ണം** | : 4(നാല്) |

**കുറിപ്പ് :** 25.08.2020 ലെ GO(P)No. 19/2020/SJD സർക്കാർ ഉത്തരവനുസരിച്ച് 4% ഒഴിവുകൾ താഴെപറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.

1. Visually impaired.
2. Deaf and Hard of Hearing
3. Locomotor Disabiltiy
4. Multiple Disabiltiy (including the above identified combinations)
5. Mental Illness and Intellectual Disabiltiy

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ മേൽപറഞ്ഞ ഉത്തരവ് പ്രകാരമുള്ള Functional Classification ഉം Physical requirement ഉം ഉള്ളവരായിരിക്കണം. **(സർക്കാർ ഉത്തരവും ഭിന്നശേഷി വിഭാഗങ്ങൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റും കാണുന്നതിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുകു(www.kerala psc.gov.in))**

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.

6 **പ്രായപരിധി:** 18–36; ഉദ്യോഗാർത്ഥികൾ 02/01/1985നും01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം.(രണ്ട് തീയതികളും ഉൾപ്പെടെ )പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നിവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് വയസ്സിളവ് സംബന്ധിച്ച ആനുകൂല്യങ്ങൾ നൽകുന്നത്. [വയസ്സിളവിനെ സംബന്ധിച്ച് മറ്റു വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക]

7 **യോഗ്യതകൾ :** എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

പി.ബി.എക്സ് സിസ്റ്റം കൈകാര്യം ചെയ്യുന്നതിനുള്ള ആറുമാസത്തെ പരിചയം. ടി പരിചയം മുകളിൽ (1) ൽ പറഞ്ഞിരിക്കുന്ന യോഗ്യത നേടിയതിനു ശേഷമുള്ളതായിരിക്കണം.

പരിചയ സർട്ടിഫിക്കറ്റ്: ഉദ്യോഗാർത്ഥികൾ തൊഴിൽപരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം. സ്ഥാപനത്തിന്റെ പേര്, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തി തസ്തികയുടെ പേര്, ജോലി, സ്വഭാവം എന്നിവ രേഖപ്പെടുത്തിയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റ് സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** (1) സ്വകാര്യ സ്ഥാപനത്തിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം കേരള/കേന്ദ്രസർക്കാർ പുറപ്പെടുവിച്ച ചട്ടപ്രകാരം/നിയമപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ / വേതന സംരക്ഷണം ഉറപ്പാക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താവുന്നതാണ്. സർക്കാരിലേയും സർക്കാർ നിയന്ത്രണമുള്ള പൊതു മേഖലയിലേയും സ്ഥാപനങ്ങളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം ബന്ധപ്പെട്ട മേലധികാരിക്കുതന്നെ സാക്ഷ്യപ്പെടുത്താവുന്നതാണ്.

**കുറിപ്പ്: (2)** പരിചയ സർട്ടിഫിക്കറ്റ് സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും ഹാജരാക്കുന്നവരുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

**കുറിപ്പ്: (3)** പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ മുകളിൽ പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image അല്ലാത്ത പക്ഷം താഴെ പറയുന്ന മാതൃകയിൽ സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ് മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.kerala psc.gov.in))**

## കാറ്റഗറി നമ്പർ : 513/2021
## വർക്ക്സ് മാനേജർ
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| 2. | **ഉദ്യോഗപ്പേര്** | : വർക്ക്സ് മാനേജർ |
| 3. | **ശമ്പളം** | : ₹ 22800–48000 |
| 4. | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും (Part I) സൊസൈറ്റി വിഭാഗത്തിൽ നിന്നും (Part II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ്.&എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2. ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3. കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ 1 (ഒന്ന്)വർഷം പ്രൊബേഷനിലായിരിക്കും.

5 **നിയമനരീതി :** നേരിട്ടുള്ള നിയമനം

6 **പ്രായപരിധി :** 18 – 40. ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട്കക പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് IIലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ**

1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ അല്ലെങ്കിൽ ഇലക്ട്രിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം .

2) ചുരുങ്ങിയത് 2 വർഷത്തെ മാനേജീരിയൽ കേഡറിലുള്ള റബ്ബറൈസ്ഡ് കയർ പ്രോഡക്ടസിന്റെ ഉല്പാദന മേഖലയിലെ പ്രവൃത്തി പരിചയത്തോടു കൂടിയ 5 വർഷത്തെ വ്യാവസായിക പ്രവൃത്തി പരിചയം .

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം: **(പരിചയ സർട്ടിഫിക്കറ്റ് സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** (1) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3)ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ താഴെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V,VIII, IX,X,XI,XII,XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 514/2021
## പ്ലാന്റ് എഞ്ചിനീയർ ( മെക്കാനിക്കൽ)
## കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
## വിഭാഗം I (ജനറൽ കാറ്റഗറി)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് |
| 2. | **ഉദ്യോഗപ്പേര്** | : പ്ലാന്റ് എഞ്ചിനീയർ (മെക്കാനിക്കൽ ) |
| 3. | **ശമ്പളം** | : ₹ 22800–48000 |
| 4. | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന്) |

**കുറിപ്പ്:** 1. മേൽപരാമർശിച്ചിരിക്കുന്ന ഒഴിവ് ഈ തസ്തികയുടെ ജനറൽ വിഭാഗത്തിന് ഇപ്പോൾ നിലവിലുള്ളതാണ്. കേരള സ്റ്റേറ്റ് കോഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിൽ നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ, 1:1 എന്ന അനുപാതത്തിൽ വിഭജിച്ച്, ജനറൽ വിഭാഗത്തിൽ നിന്നും (Part I) സൊസൈറ്റി വിഭാഗത്തിൽ നിന്നും (Part II) നികത്തുന്നതാണ്. ഒഴിവുകളിലെ ആദ്യ ഊഴം ജനറൽ വിഭാഗത്തിനുള്ളതായിരിക്കും. സൊസൈറ്റി വിഭാഗത്തിനായി മാറ്റി വെക്കപ്പെടുന്ന ഒഴിവുകൾ, വിഭാഗം II ആയി പ്രത്യേകം വിജ്ഞാപനം പുറപ്പെടുവിച്ച് നികത്തുന്നതാണ്. 1958ലെ കെ.എസ്. &എസ്.എസ്.ആർ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

2.ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാനതലത്തിൽ നടത്തുന്നതാണ്.

3.കെ.സി.എസ് ചട്ടം 184 പ്രകാരം ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തെ സർവ്വീസിനുള്ളിൽ 1 (ഒന്ന്)വർഷം പ്രൊബേഷനിലായിരിക്കും.

**5.നിയമനരീതി :** നേരിട്ടുള്ള നിയമനം

**6.പ്രായപരിധി :** 18–40 ഉദ്യോഗാർത്ഥികൾ 02/01/1981 നും 01/01/2003 നും ഇടയിൽ ജനിച്ചവരായിരിക്കണം(രണ്ട് തീയതികളും ഉൾപ്പടെ). മറ്റ് പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി /പട്ടികവർഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃതം അനുവദനീയമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട്കക പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.)

**കുറിപ്പ്:** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട്കകലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക. 09/03/1998ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 41/98ൽ പറയുന്ന 29 (ഇരുപത്തിയൊൻപത്) സഹകരണ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി (പ്രൊവിഷണൽ) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവീസിൽ തുടരുന്നവരോ പിരിച്ചു വിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവീസ് ഉള്ള പക്ഷം തങ്ങളുടെ സർവീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. എന്നാൽ പ്രായപരിധിയിലുള്ള ഈ ഇളവ് പരമാവധി അഞ്ചു വർഷക്കാലത്തേയ്ക്ക് മാത്രമേ ലഭിക്കുകയുള്ളൂ. ഒരിക്കൽ സ്ഥിരമായ അടിസ്ഥാനത്തിൽ (റെഗുലർ ബേസിസ്) നിയമനം ലഭിച്ചു കഴിഞ്ഞാൽ ഈ ആനുകൂല്യം മറ്റേതെങ്കിലും തസ്തികയിലേയ്ക്കുള്ള നിയമനത്തിന് നൽകുന്നതല്ല. ഈ ആനുകൂല്യം ലഭിക്കേണ്ടവർ ആ വിവരം അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ കാണിച്ചിരിക്കേണ്ടതും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ വകുപ്പ്/ഓഫീസ് മേധാവിയിൽ നിന്നോ നിയമനാധികാരിയിൽ നിന്നോ താൽക്കാലിക നിയമനത്തിലിരുന്ന തസ്തികയുടെ പേര്, ശമ്പള നിരക്ക്, വകുപ്പ്/സ്ഥാപനം, ജോലിയിൽ പ്രവേശിച്ച തീയതി, പരിച്ചുവിടപ്പെട്ട തീയതി മുതലായ വിശദവിവരങ്ങൾ വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് അപ്‌ലോഡ് ചെയ്ത് ഹാജരാക്കേണ്ടതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ അപേക്ഷകൻ സഹകരണ സ്ഥാപനത്തിലെ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ഹാജരാക്കപ്പെടുന്ന സർട്ടിഫിക്കറ്റ് (അസ്സൽ) ഉദ്യോഗാർത്ഥികൾക്ക് മടക്കിക്കൊടുക്കുന്നതല്ല.

**7. യോഗ്യതകൾ:** 1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ എഞ്ചിനീറിംഗിലുള്ള ബിരുദം.
2)റബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 2 വർഷത്തെ പ്രവൃത്തി പരിചയം .

അല്ലെങ്കിൽ

1)കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള മെക്കാനിക്കൽ എഞ്ചിനീറിംഗിലുള്ള ഡിപ്ലോമ
2)റബ്ബറൈസ്ഡ് കയർ മേഖലയിലോ റബ്ബർ പ്രോസസ്സിംഗ് വ്യവസായത്തിലോ സൂപ്പർവൈസർ കേഡറിലുള്ള 5 വർഷത്തെ പ്രവൃത്തി പരിചയം .

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന സമയത്തുതന്നെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം.

**(പരിചയ സർട്ടിഫിക്കറ്റ് സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് : (1)** ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം, അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താത്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

(2)എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്നവരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(3)ഈ തസ്തികയുടെ തെരഞ്ഞെടുപ്പിന് യോഗ്യമായ പരിചയം അപേക്ഷാ തീയതിയിൽ ഉണ്ടായിരിക്കുകയും എന്നാൽ നിലവിൽ കോവിഡ്19 സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത ഉദ്യോഗാർത്ഥികൾ താഴെ ചേർത്തിരിക്കുന്ന നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിന് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ V,VIII,IX,X, XI,XII,XIII എന്നീ ഉപഖണ്ഡികകളും, 5(a), 7 ഖണ്ഡികകളും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

## കാറ്റഗറി നമ്പർ : 515/2021
## അസിസ്റ്റന്റ് ഗ്രേഡ് II (തസ്തിക മാറ്റം വഴിയുള്ള നിയമനം)
## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
## (തസ്തിക മാറ്റം വഴിയുള്ള നിയമനം)

| | | |
|---|---|---|
| 1. | **സ്ഥാപനം** | : കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 2. | **ഉദ്യോഗപ്പേര്** | : അസിസ്റ്റന്റ് ഗ്രേഡ് II (തസ്തിക മാറ്റം വഴിയുള്ള നിയമനം ) |
| 3. | **ശമ്പളം** | : ₹ 22200–48000 |
| 4. | **ഒഴിവുകളുടെ എണ്ണം** | : 01 (ഒന്ന് ) |

**കുറിപ്പ്** (I)**:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ടൈപ്പിസ്റ്റ്, റെക്കോർഡ്കീപ്പർ, ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് ,ബൈൻഡർ,
റിപ്രോഗ്രാഫിക്ഓപ്പറേറ്റർ, ഓഫീസ് അറ്റന്റന്റ്,ലാബ് അറ്റന്റന്റ്, ഓഫീസ് അറ്റൻഡർ ,വാച്ചർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം.

കുറിപ്പ് (II) : ടി തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്ത പക്ഷം ടി വിഭാഗത്തിനായി മാറ്റി വെച്ചിട്ടുള്ള ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതാണ്. അപ്രകാരം മാറ്റപ്പെടുന്ന ഒഴിവുകൾ പിന്നീട് തിരികെ നൽകുന്നതല്ല.

**6. പ്രായപരിധി :** 18–50 ഉദ്യോഗാർത്ഥികൾ 02.01.1971 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)വയസ്സിളവിനെ സംബന്ധിച്ചുള്ള മറ്റു വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല

**7. യോഗ്യതകൾ** : യു ജി സി അംഗീകാരമുള്ള ഏതെങ്കിലും യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബിരുദം

**കുറിപ്പ്:** (i) കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 ന്റെ പാർട്ട് II ൽ 14മുതൽ 17 വരെയുള്ള റൂളുകളിൽ പരാമർശിക്കുന്ന സംവരണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

(ii)ഓരോ തസ്തികയ്ക്കും നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, ഒരു യു ജി സി അംഗീകൃത സർവകലാശാലയിൽ നിന്നോ, കേന്ദ്ര സർക്കാർ സ്ഥാപിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള സർക്കാർ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അല്ലെങ്കിൽ തത്തുല്ല്യമായവയിൽ നിന്നോ നേടിയതായിരിക്കണം.

(iii) ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ,ഉദ്യോഗാർത്ഥി ടി തസ്തികക്കാവശ്യമായ നിർദിഷ്ട യോഗ്യതകൾ ഒഴിവുകൾ നിലവിൽ വരുന്ന തീയതിയിലോ അതിനുമുമ്പോ നേടിയിരിക്കണം.

കുറിപ്പ്: തസ്തിക മാറ്റം വഴിയുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ഓഫീസ് മേധാവിയിൽ നിന്നും വാങ്ങിയിട്ടുള്ള ഗസറ്റ് വിജ്ഞാപനത്തിൽ പറയുന്ന മാതൃകയിലുള്ള സർവീസ് സർട്ടിഫിക്കറ്റ് തങ്ങളുടെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യുകയും ആയതിന്റെ അസ്സൽ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തു ഹാജരാക്കേണ്ടതുമാണ്.

**(സർവ്വീസ് സർട്ടിഫിക്കറ്റ് പരിചയ സർട്ടിഫിക്കറ്റ് എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in))**

**8.** (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (vi), (vii),(viii), (ix), (x), (xi) (xii) (xiii) എന്നീ ഉപഖണ്ഡികകളും 5, 5a, 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.
(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 516/2021
## ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ്
## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

| | | |
|---|---|---|
| 1. | വകുപ്പ് | : കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| 2. | ഉദ്യോഗപ്പേര് | : ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് |
| 3. | ശമ്പളം | : ₹ 20000–45800/ |
| 4. | ഒഴിവുകളുടെ എണ്ണം | : 30 (മുപ്പത്) |

**കുറിപ്പ്:** മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : 18–36 ഉദ്യോഗാർത്ഥികൾ 02.01.1985 നും 01.01. 2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടിക വർഗ്ഗ, മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസിൽ കവിയാൻ പാടില്ല.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും

കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (i),(ii),(iii),(iv), (vi), (vii), (xii) & (xiv) നോക്കുക.)

**7. യോഗ്യതകൾ** : ഒരു യു ജി സി അംഗീകൃത സർവകലാശാലയിൽ നിന്നും അൻപത് ശതമാനം മാർക്കിൽ കുറയാതെ കെമിസ്ട്രി/എൻവയോൺമെന്റൽ സയൻസ്/മൈക്രോ ബയോളജി / ബയോ ടെക്നോളജി/ലെ ഏതെങ്കിലും ശാഖയിലോ കെമിസ്ട്രിയോ മൈക്രോബയോളജിയോ ഉപവിഷയമായി (Subsidiary) ലൈഫ് സയൻസിലോ നേടിയ രണ്ടാം ക്ലാസ് ബിരുദം അഥവാ തത്തുല്യ യോഗ്യത .

**കുറിപ്പ് :** ഉപവിഷയം സംബന്ധിച്ച നിബന്ധന ലൈഫ് സയൻസിലെ ബിരുദത്തിന് മാത്രമാണ് ബാധകം.

**കുറിപ്പ്:** (i) ഓരോ തസ്തികയ്ക്കും നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, ഒരു യു ജി സി അംഗീകൃത സർവകലാശാലയിൽ നിന്നോ, കേന്ദ്ര സർക്കാർ സ്ഥാപിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ, കേരള സർക്കാർ സ്ഥാപിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ അല്ലെങ്കിൽ തത്തുല്ല്യമായവയിൽ നിന്നോ നേടിയതായിരിക്കണം.

**ട്രെയിനിങ് / പഠനം :** നിർബന്ധിത ട്രെയിനിങ്ങിനോ ഉന്നത പഠനത്തിനോ ബോർഡ് ആവശ്യപ്പെടുന്ന പക്ഷം , ജീവനക്കാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്

**8.** (a) പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6, 7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 517/2021
## സ്റ്റെനോഗ്രാഫർ
## കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്

1 സ്ഥാപനം : കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്
2 ഉദ്യോഗപ്പേര് : സ്റ്റെനോഗ്രാഫർ
3 ശമ്പളം : ₹ 6080–9830
4 ഒഴിവുകളുടെ എണ്ണം : 01 (ഒന്ന്)

**കുറിപ്പ്:** (i) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കും.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായപരിധി** : 18 – 36 ഉദ്യോഗാർത്ഥികൾ 02.01.1985നും 01.01.2003നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗക്കാർ/വിധവകൾ എന്നിവർക്ക് നിയമാനുസൃതമായ വയസ്സ് ഇളവ് അനുവദിക്കുന്നതാണ്.

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവർക്ക് അവരുടെ സർവീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഇവരുടെ ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (I), (ii), (iii), (iv), (vi), (vii), (xii) & (xiv) നോക്കുക).

**7. യോഗ്യത :** 1) അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം

2) ടൈപ്പ്റൈറ്റിങ്ങ് (ഇംഗ്ലീഷ്) ഹയർ കെജിടിഇ/എംജിടിഇ അല്ലങ്കിൽ തത്തുല്യയോഗ്യത

3) ഷോർട്ട്ഹാൻഡ് (ഇംഗ്ലീഷ്) ലോവർ കെജിടിഇ/എംജിടിഇ അല്ലങ്കിൽ തത്തുല്യയോഗ്യത

4) അംഗീകൃത സർട്ടിഫിക്കറ്റ്കോഴ്സ്

**മുൻഗണനാ യോഗ്യതകൾ:**

1) ടൈപ്പ്റൈറ്റിങ്ങ് (മലയാളം) ലോവർ കെജിടിഇ

2) ഷോർട്ട്ഹാൻഡ് (മലയാളം) ലോവർ കെജിടിഇ

**8.** a) പൊതുവ്യവസ്ഥകളിലെ 2ാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) & (xiii) എന്നീ ഉപഖണ്ഡികകളും 5(a), 6,7 എന്നീ ഖണ്ഡികയും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംസ്ഥാനതലം

## കാറ്റഗറി നമ്പർ : 518/2021
## അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ

**1. വകുപ്പ്** : ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ
**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് പ്രൊഫസർ (മെറ്റീരിയ മെഡിക്ക) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
**3. ശമ്പളം** : യു ജി സി മാനദണ്ഡപ്രകാരം
**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6. പ്രായപരിധി :** 22 – 43 ഉദ്യോഗാർത്ഥികൾ 02.01.1978 നും 01.01.1999 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : 1. സെൻട്രൽ കൗൺസിൽ ഓഫ് ഹോമിയോപ്പതി അംഗീകരിച്ചതും ഹോമിയോപ്പതി സെൻട്രൽ കൗൺസിൽ ആക്ട് 1973 ന്റെ രണ്ടാം പട്ടികയിൽ (1973 ലെ സെൻട്രൽ ആക്ട് 59) ഉൾപ്പെടുത്തിയിട്ടുള്ളതുമായ മെറ്റീരിയ മെഡിക്കയിൽ ഉള്ള ബിരുദാനന്തര ബിരുദം

2. ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്:** ബിരുദാനന്തര ബിരുദം മൂന്ന് വർഷത്തെ റഗുലർ പഠനത്തിന് ശേഷം നേടിയതായിരിക്കണം.

**8.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**9.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്റഗറി നമ്പർ : 519/2021
## വെറ്ററിനറി സർജൻ ഗ്രേഡ് II
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
## മൃഗ സംരക്ഷണം

**1 വകുപ്പ്** : മൃഗ സംരക്ഷണം
**2 ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)
**3 ശമ്പളം** : ₹ 39500–83000
**4 ഒഴിവുകളുടെ എണ്ണം** : 04 (നാല്)
**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

**കുറിപ്പ്:** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 18 – 44 (ഉദ്യോഗാർത്ഥികൾ 02.01.1977നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് അനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല)

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സു വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:** (1) വെറ്ററിനറി സയൻസിൽ നേടിയ ബിരുദം (2) കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ രജിസ്ട്രേഷൻ (1984 ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട് [1984ലെ സെൻട്രൽ ആക്ട് 52] പ്രകാരമുള്ളത്)

(3) മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ്.

ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മുകളിൽ 3-ാം ഇനത്തിൽ പറഞ്ഞിട്ടുള്ള യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ ആ വിഭാഗത്തിൽപ്പെട്ടവർ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 1958 പാർട്ട് 2 റൂൾ 10(എഎഎഎ)പ്രകാരം മലയാളം ലാംഗ്വേജ് ടെസ്റ്റ് പിന്നീട് പാസാകേണ്ടതാണ്.

**കുറിപ്പ് :** 1. മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള കഴിവ് തെരഞ്ഞെടുപ്പ് സമയത്ത് കമ്മീഷൻ പരിശോധിക്കുന്നതാണ്.

**8. പരിശീലനം:** (a) വെറ്ററിനറി സർജൻമാരായി നിയമിക്കപ്പെടുന്നവർ പ്രൊബേഷൻ കാലത്ത് മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന പരിശീലനത്തിന് വിധേയരാകേണ്ടതാണ്. അപ്രകാരം നടത്തുന്ന പരിശീലനം പ്രൊബേഷനെ സംബന്ധിച്ചിടത്തോളം ഡ്യൂട്ടിയായി കണക്കാക്കപ്പെടുന്നതാണ്.

(b) കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി.ആന്റ് എ.എച്ച് കോഴ്സ് പാസായവരെ പ്രസ്തുത ട്രെയിനംഗിൽ നിന്നും ഒഴിവാക്കുന്നതാണ്.

**8.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(c) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**9.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 520/2021
## സ്റ്റാഫ് നഴ്സ് ഗ്രേഡ് II (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി &പട്ടികവർഗ്ഗക്കാർക്ക്)
## ആരോഗ്യ വകുപ്പ്

**1 വകുപ്പ്** : ആരോഗ്യ വകുപ്പ്
**2 ഉദ്യോഗപ്പേര്** : സ്റ്റാഫ് നഴ്സ് ഗ്രേഡ് കക (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി &പട്ടിക വർഗ്ഗക്കാർക്ക് )
**3 ശമ്പളം** : ₹ 27800–59400
**4 ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കണ്ണൂർ – 1 (പട്ടികജാതി/പട്ടികവർഗ്ഗം)

**കുറിപ്പ്:(i)** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും ( ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി ) ജില്ലാടിസ്ഥാനത്തിൽ തയ്യറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 25 .05 .1971 ലെ സർക്കാർ ഉത്തരവ് (എം .എസ് )154 / 71 / പി . ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്.ഇപ്രകാരം നിയമിക്കപെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി /പട്ടികവർഗ്ഗക്കാരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ്)

**കുറിപ്പ്:** പട്ടികജാതി&പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 20–41 ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്നപ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:** i) സയൻസ് വിഷയങ്ങളിൽ പ്ലസ് ടു/പ്രീഡിഗ്രി കോഴ്സ് ജയിച്ചിരിക്കണം/ സയൻസ് വിഷയങ്ങളിൽ വി.എച്ച്.എസ്.ഇ. ജയിച്ചിരിക്കണം/ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഡൊമസ്റ്റിക്ക് നഴ്സിംഗിൽ വി.എച്ച്.എസ്.ഇ. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

ii) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ബി.എസ്.സി. നഴ്സിംഗ് ജയിച്ചിരിക്കണം.അല്ലങ്കിൽ ഒരു ഗവ.അംഗീകൃത സ്ഥാപനത്തിൽ നിന്ന് ജനറൽ നഴ്സിംഗിലും മിഡ്വൈഫറിയിലും മൂന്ന് വർഷത്തിൽ കുറയാതയുള്ള കോഴ്സ് ജയിച്ചിരിക്കണം.

iii) കേരള നഴ്സസ് ആന്റെ മിഡ്വൈഫ്സ് കൗൺലസിലിൽ സ്ത്രീകൾ നഴ്സ് ആന്റെ മിഡ്വൈഫ്ആയും പുരുഷമാർ നഴ്സ് ആയും രജിസ്റ്റർ ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

**8.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ്

സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**9.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി / പട്ടികവർഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04. 1972 ലെ ജി.ഒ.(എം .എസ് ) നമ്പർ 142/72/ജ്വ,29.11.1973 ലെ ജി.ഒ. (എം .എസ് ) നമ്പർ 309 / 73 / ജ്വ ,17 .01 .1976 ലെ ജി.ഒ.(പി ) നമ്പർ 21 / 76 / പി .ഡി ,22 .01 .1994ലെ ജി.ഒ.(പി ) 25 / 94 / ജി .എ .ഡി എന്നി സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ,നിയമനകാര്യത്തിൽ അപ്പൊഴപ്പോൾ ഉണ്ടാകുന്ന ചട്ടങ്ങൾ അനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) 17 (എ),17 (ബി) എന്നി ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

## കാറ്ററി നമ്പർ : 521/2021
## മെക്കാനിക്ക്
## (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം)
## കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

| | | |
|---|---|---|
| **1. വകുപ്പ്** | : | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് |
| **2. ഉദ്യോഗപ്പേര്** | : | മെക്കാനിക്ക് (പട്ടികവർഗ്ഗക്കാർക്ക് മാത്രമായുള്ള പ്രത്യേക നിയമനം) |
| **3. ശമ്പളം** | : | ₹25,100–57,900/ |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ വയനാട് 01 (ഒന്ന്) കാസർഗോഡ് 01 (ഒന്ന്) |

**കുറിപ്പ് :** (i) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ G.O (M.S) 154/71/PDലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ G.O (M.S) 4/61/PDയിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്

(ii) ഈ വിജ്ഞാപന പ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ ജില്ലയുടെ പേര് രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം.
(പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രമുള്ള പ്രത്യേക നിയമനം)

**കുറിപ്പ് :** പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി :** 19–41. ഉദ്യോഗാർത്ഥികൾ 02.01.1980നും 01.01.2002 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**കുറിപ്പ്:**നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സ് വരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ :** 1. താഴെപ്പറയുന്ന ഏതെങ്കിലും ട്രേഡിൽ ലഭിച്ചിട്ടുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്

എ) മെക്കാനിക്ക് (ട്രാക്ടർ)
ബി) മെക്കാനിക്ക് (മോട്ടോർ വെഹിക്കിൾ)
സി) മെക്കാനിക്ക് (ഡീസൽ)
ഡി) ഫിറ്റർ

2. ബന്ധപ്പെട്ട ട്രേഡിൽ ഒരു വർഷത്തിൽ കുറയാതെയുള്ള പ്രയോഗിക പരിചയം. ടി പരിചയം ഐ.ടി.എ. ട്രേഡ് സർട്ടിഫിക്കറ്റ് നേടിയതിനു ശേഷമുള്ളതായിരിക്കണം. ഉദ്യോഗാർത്ഥികൾക്ക് ഈ ജോലിയിലുള്ള വൈദഗ്ധ്യം പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പ്രായോഗിക പരീക്ഷ വഴി നിശ്ചയിക്കുന്നതായിരിക്കും.

**8.** ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം

**(തൊഴിൽ പരിചയം, പരിചയ സർട്ടിഫിക്കറ്റ്, സാക്ഷ്യപത്രം എന്നിവയുടെ മാതൃകയ്ക്ക്വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** i) ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി അല്ലെങ്കിൽ ശമ്പളത്തോടു കൂടിയോ അല്ലാതെയോ ഉള്ള അപ്രന്റീസ് അല്ലെങ്കിൽ സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അതു സൂചിപ്പിക്കുക.

ii) അപേക്ഷ സമർപ്പിക്കുന്നതിനു മുൻപായി പ്രവൃത്തി പരിചയം സംബന്ധിച്ച വിശദാംശം (അതായത് സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരി, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തുകയും പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കപ്പെടുകയില്ല.

iii) എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടെയും ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതുമാണ്.

iv) സംസ്ഥാന/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും നിയമപ്രകാരം സ്ഥാപനത്തിന്റെ റെക്കാർഡുകൾ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥൻ പരിചയ സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്തിരിക്കേണ്ടതാണ്.

**9.** പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും (കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**10.** നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

**എൻ.സി.എ. റിക്രൂട്ട്മെന്റ് സംസ്ഥാനതലം**

## കാറ്ററി നമ്പർ : 522/2021
## കൃഷി ഓഫീസർ
## കാർഷികവികസന കർഷകക്ഷേമം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | കാർഷികവികസന കർഷകക്ഷേമം |
| **2. ഉദ്യോഗപ്പേര്** | : | കൃഷി ഓഫീസർ |
| **3. ശമ്പളം** | : | ₹55,200–1,15,300/ |
| **4. ഒഴിവുകളുടെ എണ്ണം** | : | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി (എസ്.സി.സി.സി) 01 (ഒന്ന്) (NCA ഒഴിവ്) |

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 24. 07.2017ൽ നിലവിൽ വന്ന മാതൃ റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ 271/2014, ഗസറ്റ് തീയതി 13.06.2014) കാലയളവിൽ പ്രസ്തുത സമുദായത്തിന് വേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം. (എസ്.സി.സി.സി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**കുറിപ്പ്:** ഈ വിജ്ഞാപനപ്രകാരം മേൽപ്പറഞ്ഞ സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6. പ്രായപരിധി :** 18–40; ഉദ്യോഗാർത്ഥികൾ 02.01.1981നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക 2(i) ഉൾപ്പെടെ.)

**കുറിപ്പ് 1 :** പ്രായപൂർത്തി ആയതിനു ശേഷം പട്ടിക ജാതിയിൽ നിന്നും ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും 42 വയസ്സ് വരെ ഉയർന്ന പ്രായ പരിധിയിൽ ഇളവ് നൽകുന്നതാണ്. അങ്ങനെയുള്ളവർ 02.01. 1979നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

**കുറിപ്പ് 2 :** കേരള കാർഷിക സർവ്വകലാശാലയിൽ കൃഷി ശാസ്ത്ര ബിരുദ പഠനത്തിന് തെരഞ്ഞെടുക്കപ്പെടുകയും ബിരുദം നേടുകയും ചെയ്ത വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് കൃഷി ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധിയിൽ 45 (നാൽപ്പത്തിയഞ്ച്) വയസ്സുവരെ ഇളവ് അനുവദനീയമാണ്.

**7. യോഗ്യതകൾ :** കേരള കാർഷിക സർവകലാശാലയിൽ നിന്നോ അല്ലെങ്കിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ അംഗീകാരമുള്ള മറ്റ് ഏതെങ്കിലും ഒരു സർവകലാശാലയിൽ നിന്നോ കൃഷി ശാസ്ത്രത്തിലോ ഹോർട്ടിക്കൾച്ചറിലോ ലഭിച്ചിട്ടുള്ള ബി.എസ്.സി. ബിരുദം.

**കുറിപ്പ്:** 1) കൃഷി ശാസ്ത്രത്തിലോ ഹോട്ടിക്കൾച്ചറിലോ അടിസ്ഥാന ബിരുദമില്ലാതെ പ്രസ്തുത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കാൻ അർഹരല്ല.

2) കോളേജുകൾ/സർവ്വകലാശാലകളിൽ നിന്നും ലഭിച്ചിട്ടുള്ള ബിരുദങ്ങൾ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ചിന്റെ നിർദ്ദേശമനുസരിച്ചുള്ള 10+2+4 രീതിയിലുള്ള പഠനത്തിന് ശേഷം ഉള്ളതായിരിക്കണം.

## കാറ്ററി നമ്പർ : 523/2021
## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ
## ഹയർ സെക്കന്ററി വിദ്യാഭ്യാസം
## നാലാം എൻ.സി.എ വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | ഹയർ സെക്കന്ററി വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : | ഹയർ സെക്കന്ററി സ്കൂൾ അധ്യാപകൻ മാത്തമാറ്റിക്സ് |

**വിശദീകരണം :** ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫുൾ ടൈം ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക തസ്തിക എന്നാണ്.

| | | |
|---|---|---|
| **3. ശമ്പളം** | : | ₹ 55200–115300 |
| **4. ഒഴിവുകളുടെ എണ്ണം** | : | പട്ടികവർഗ്ഗം 3 (മൂന്ന്) |

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 16.02.2015 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ (കാറ്റഗറി നമ്പർ. 457/2010, ഗസറ്റ് തീയതി : 31.12.2010) കാലയളവിൽ പട്ടികവർഗ സമുദായത്തിനുവേണ്ടി നികത്തപ്പെടാതെ നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി NCA റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഏതാണോ ആദ്യം അതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്. ഗസറ്റ് വിജ്ഞാപനം 30.12.2016ലെ കാറ്റഗറി നമ്പർ 497/2016 പ്രകാരമുള്ള ഒന്നാം എൻ. സി.എ വിജ്ഞാപനം, ഗസറ്റ് വിജ്ഞാപനം 30.12.2019 ലെ കാറ്റഗറി നമ്പർ 432/2019 പ്രകാരമുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനം, ഗസറ്റ് വിജ്ഞാപനം 30.12.2020 ലെ കാറ്റഗറി നമ്പർ 409/2020 പ്രകാരമുള്ള മൂന്നാം എൻ.സി.എ വിജ്ഞാപനം എന്നിവ പ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള നാലാം എൻ.സി.എ വിജ്ഞാപനമാണിത്.

**5.നിയമന രീതി :** നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം. പട്ടിക വർഗ വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ പട്ടിക ജാതി വിഭാഗത്തിൽപെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്).

**കുറിപ്പ് :** പട്ടികവർഗ്ഗ/പട്ടിക ജാതി വിഭാഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

**6. പ്രായപരിധി :** 20–45. ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2001നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ ഭാഗം 2 ഖണ്ഡിക 2 (i) ലെ ആനുകൂല്യം ഉൾപ്പെടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; ഖണ്ഡിക 2 (i) ഒഴികെ.)

**7. യോഗ്യതകൾ :** (1) കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും 45 ശതമാനം മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം (13.11.2015ലെ G.O(Ms)No.288/15/Gl.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം)

(2) (i) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡോ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ബന്ധപ്പെട്ട വിഷയത്തിൽ തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

(ii) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും, ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം. [B.Ed. Degree acquired in the concerned facutly as specified in the Acts and Statutes of any of the universities in Kerala]

(iii)മുകളിൽ സൂചിപ്പിച്ച (i)ഉം (ii)-ഉം വിഭാഗത്തിൽപ്പെട്ടവരുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലും ഒരു വിഷയത്തിൽ നേടിയ ബി.എഡോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല ഇതിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

**അല്ലെങ്കിൽ**

നാഷണൽ കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി) സ്പോൺസർ ചെയ്യുന്ന ഏതെങ്കിലും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷനിൽ (പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനം) നിന്നും ബന്ധപ്പെട്ട വിഷയത്തിൽ 50% ൽ കുറയാത്ത മാർക്കോടെ നേടിയ എം.എസ്.സി. എഡോ (MSc.Ed.) പാസ്സായിരിക്കണം.

(3) കേരള സർക്കാർ നേരിട്ടോ, കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ് I :-** കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് ബിരുദം കരസ്ഥമാക്കിയ ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**പ്രത്യേക ഇളവുകൾ :** 1. കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സ്റ്റേറ്റ് ലെവൽ എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്കർഷിച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. പി.എച്ച്.ഡി/എം.ഫിൽ/എം.എഡ് നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അപ്രകാരം നേടിയ എം.ഫിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല നൽകിയതോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവകലാശാല

തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതും ബന്ധപ്പെട്ട വിഷയത്തിൽ ഉള്ളതുമായിരിക്കണം.

4. പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്ക്കൂൾ തലത്തിൽ പത്തു വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കുന്നതാണ്. (G.O(P) No.37/2005/ Gl.Edn Dated 04.02.2005).

## കാറ്ററി നമ്പർ : 524/2021
## പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ച്ചറൽ വിഭാഗം)
## ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ച്ചറൽ വിഭാഗം)
**2. ഉദ്യോഗപ്പേര്** : ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II
**3. ശമ്പളം** : ₹31,100-66,800
**4. ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ 01 (ഒന്ന്)

മേൽപ്പറഞ്ഞ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 08.10.2012ൽ (കാറ്റഗറി നമ്പർ :215/2007, ഗസറ്റ് തീയതി:26.06.2007) നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഈഴവ/തിയ്യ/ബില്ലവ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവിലേക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. കാറ്റഗറി നം. 591/13 ആയി 31.12.2013ലെ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം. ( ഈഴവ/തിയ്യ/ബില്ലവ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം )

**കുറിപ്പ്:** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18-39. ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ പാർട്ട് 2 ഖണ്ഡിക 2(i) ഉൾപ്പെടെ.)

വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക, ഖണ്ഡിക 2(i) ഒഴികെ)

കേരള സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (ആർക്കിടെക്ചറൽ വിഭാഗം) സബോഡിനേറ്റ് സർവ്വീസിലെയും പൊതുമരാമത്ത് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെയും ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. എന്നിരുന്നാലും യാതൊരു കാരണവശാലും ഉയർന്ന പ്രായ പരിധി 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ** : 1. കേരള സർക്കാരിന്റെ വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ നൽകുന്ന ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻഷിപ്പ് സർട്ടിഫിക്കറ്റ്. (പരിശീലനത്തോടു കൂടിയ രണ്ട് വർഷത്തെ കോഴ്സ്)

**അല്ലെങ്കിൽ**

ന്യൂഡൽഹിയിലെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) നൽകുന്ന പരിശീലനത്തോടു കൂടിയ ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻഷിപ്പിലുള്ള നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2. ഒരു രജിസ്റ്റേഡ് ആർക്കിടെക്റ്റിന്റെ കീഴിലോ രജിസ്റ്റേഡ് സിവിൽ എഞ്ചിനീയറിംഗ് സ്ഥാപനത്തിൽ നിന്നോ നേടിയ ഒരു വർഷത്തെ കമ്പ്യൂട്ടർ എയ്ഡഡ് ബിൽഡിംഗ് ഡ്രാഫ്റ്റിംഗിലുള്ള പരിചയം.

3. ഓട്ടോ കാഡ് ലെവൽ 1, 2 എന്നിവയിൽ കമ്പ്യൂട്ടർ ഡ്രാഫ്റ്റിംഗിലെ വൈദഗ്ദ്ധ്യം അല്ലെങ്കിൽ കാലാകാലങ്ങളിൽ കേരള സർക്കാർ തത്തുല്യമായി വിജ്ഞാപനം ചെയ്തിട്ടുള്ള സമാനമായ ഏതെങ്കിലും ആർക്കിടെക്ചറൽ ഇഅഉ സോഫ്റ്റ് വെയറിലെ വൈദഗ്ദ്ധ്യം.

മുകളിൽ പറഞ്ഞ യോഗ്യതകളുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ, താഴെപ്പറയുന്ന യോഗ്യതകളും പരിഗണിക്കുന്നതാണ്.

എ) 1) 1. എസ്.എം.ടി. ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് കൊല്ലത്തെ ഓവർസീയർ കോഴ്സ് പാസ്സായിരിക്കണം.

2. കെ.ജി.ടി.ഇ.യുടെയോ എം.ജി.ടി.ഇ.യുടെയോ ഗ്രൂപ്പ് സർട്ടിഫിക്കറ്റ് (ബിൽഡിംഗ് കൺസ്ട്രക്ഷൻ, ബിൽഡിംഗ് ഡ്രോയിംഗ്, സർവെ, ഇറിഗേഷൻ എന്നീ നാല് ഗ്രൂപ്പുകളും ഇതിൽ ഉൾപ്പെടുന്നു.)

**അല്ലെങ്കിൽ**

കെ.ജി.ടി.ഇ.യുടെയോ എം.ജി.ടി.ഇ.യുടെയോ താഴെപ്പറയുന്ന എട്ട് വിഷയങ്ങൾ പാസ്സായിരിക്കണം.
സർവ്വേയിംഗ് ആന്റ് ലവലിംഗ് (ഹയർ)
അപ്ലൈഡ് മെക്കാനിക്ക്സ് (ഹയർ)
ബിൽഡിംഗ് മെറ്റീരിയൽസ് ആന്റ് കൺസ്ട്രക്ഷൻ (ഹയർ)
ഹൈഡ്രോളിക്സ് ആന്റ് ഇറിഗേഷൻ (ഹയർ)
ബിൽഡിംഗ്, ഡ്രോയിംഗ് ആന്റ് എസ്റ്റിമേറ്റിംഗ് (ഹയർ)
എർത്ത് വർക്ക് ആന്റ് റോഡ് മേക്കിംഗ് (ഹയർ)
ജ്യോമട്രിക്കൽ ഡ്രോയിംഗ് (ലോവർ)
മെൻസുറേഷൻ (ലോവർ)

**അല്ലെങ്കിൽ**

3. തിരുവനന്തപുരം എൻജിനീയറീംഗ് കോളേജിലെ രണ്ടു കൊല്ലത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം.

**അല്ലെങ്കിൽ**

4. ഇൻഡ്യാ ഗവണ്മെന്റിന്റെ തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ സംസ്ഥാനത്ത് തിരുവനന്തപുരം, തൃശൂർ, ചാലക്കുടി, കണ്ണൂർ അല്ലെങ്കിൽ മറ്റ് എവിടെയെങ്കിലുമോ നടത്തുന്ന ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകളിൽ 18 മാസത്തെ കോഴ്സും, 6 മാസത്തെ പ്രായോഗിക പരിശീലനവും കഴിഞ്ഞ ശേഷം ലഭിക്കുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പ് ഡിപ്ലോമ (ഡ്രാഫ്റ്റ്സ്മാൻ സിവിൽ)

**അല്ലെങ്കിൽ**

5. ഗവണ്മെന്റ് നടത്തുന്ന ഓവർസീയർ കോഴ്സ് പാസ്സായിരിക്കണം.

ബി) ഡ്രോയിംഗിലുള്ള പ്രാവീണ്യം

**കുറിപ്പ്**: i) ആർക്കിടെക്ചറൽ ഡ്രാഫ്റ്റിഗിലും, ഫ്രീഹാൻഡ് ഡ്രോയിംഗിലും ഒരു പ്രായോഗിക പരീക്ഷ നടത്തി ആർക്കിടെക്ചറൽ ഡ്രോയിംഗിലുള്ള പ്രാവീണ്യം തിട്ടപ്പെടുത്തുന്നതാണ്.

ii) പരിചയ യോഗ്യത അവകാശപ്പെടുന്ന ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image/സത്യവാങ്മൂലം (നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**[പരിചയ സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്കും പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാത്തവർക്കുള്ള സത്യവാങ്മൂലത്തിനും വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)]**

## കാറ്ററി നമ്പർ : 525/2021
## റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II
## ആരോഗ്യം
## ഒന്നാം എൻ.സി.എ വിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം
**2. ഉദ്യോഗപ്പേര്** : റിഹാബിലിറ്റേഷൻ ടെക്നീഷ്യൻ ഗ്രേഡ് II
**3. ശമ്പളം** : ₹27,900-63,700/
**4. ഒഴിവുകളുടെ എണ്ണം** : ഒ.ബി.സി 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയിലേയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ബന്ധപ്പെട്ട സമുദായത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെയുള്ള ഒഴിവിലേക്കും തുടർന്നുണ്ടാകുന്ന അത്തരം ഒഴിവുകളിലേക്കും നിയമനശിപാർശയും നിയമനവും നടത്തുന്നതുവരെയോ ടി എൻ.സി.എ റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | മാതൃ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|---|
| 1 | 14.08.2019 | 576/17 | 29.12.2017 |

**5. നിയമന രീതി :** നേരിട്ടുള്ള നിയമനം. (ഒ.ബി.സി സംവരണ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**കുറിപ്പ് :** മേൽപ്പറഞ്ഞ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 18-39. ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പടെ) (വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പാർട്ട് 2 പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക) ഖണ്ഡിക 2(i) ഒഴികെ.

**7. യോഗ്യതകൾ** : എ) ജനറൽ

പ്ലസ് ടു വിജയിച്ചിരിക്കണം. അല്ലെങ്കിൽ തത്തുല്യ യോഗ്യത.

ബി) ടെക്നിക്കൽ

1. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച പ്രോസ്തെറ്റിക്സിലും ഓർതോട്ടിക്സിലും നേടിയ ബിരുദം.

**അല്ലെങ്കിൽ**

2 (i) റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച പ്രോസ്തെറ്റിക്സിലും ഓർതോട്ടിക്സിലും ലഭിച്ചിട്ടുള്ള ഡിപ്ലോമ.
(ii) കേന്ദ്ര / സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ / പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ / രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നോ പ്രോസ്തെറ്റിക്സ് /ഓർതോട്ടിക്സിൽ ലഭിച്ചിട്ടുള്ള ഒരു വർഷത്തെ പരിചയം.

1, 2 യോഗ്യതകളുടെ അഭാവത്തിൽ

3 (i) റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകരിച്ച പ്രോസ്തെറ്റിക്സിലും ഓർതോട്ടിക്സിലും നേടിയ സർട്ടിഫിക്കറ്റ്.
(ii) കേന്ദ്ര / സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നോ / പൊതുമേഖലാ സ്ഥാപനത്തിൽ നിന്നോ / രജിസ്റ്റർ ചെയ്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നോ പ്രോസ്തെറ്റിക്സിലും ഓർതോട്ടിക്സിലും ലഭിച്ചിട്ടുള്ള രണ്ടു വർഷത്തെ പരിചയം.

4. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ രജിസ്ട്രേഷൻ നേടിയിരിക്കണം.

(a) to be very angry (b) to tell a false story
(c) to do something that spoils someone's plan
(d) to record false information in the accounts of an organization
22. I parked my car in a no-parking zone, but I _______it.
(a) came up with (b) made off with
(c) got on with (d) got away with
23. Choose the part which has an error
(a) India won (b) by an innings
(c) and three runs. (d) No error
24. The election of the American President raises the greatest political battle in the world. *Rewrite the sentence in comparative degree*
(a) The election of the American President raises greater than any other political battle in the world.
(b) No other political battle in the world raises as great as the election of the American President.
(c) The election of the American President raises one of the greatest political battle in the world.
(d) The election of the American President raises greater than many other political battles in the world.
25. The idiom VERBAL DIARRHOEA means:
(a) to be sick (b) to be in a difficult situation
(c) to be a good orator (d) to talk too much

### ANSWERS

1(b) 2(b) 3(b) 4(c) 5(c) 6(d) 7(a) 8(b) 9(c) 10(c) 11(a) 12(c) 13(a) 14(b) 15(b) 16(d) 17(c) 18(d) 19(a) 20(b) 21(d) 22(d) 23(d) 24(a) 25(d)



# ഇന്ത്യൻ ഭരണഘടന - പി.എസ്.സി പരീക്ഷകളിൽ

അഡ്വ. ഷിനു സിദ്ധാർത്ഥൻ

## ഭാഗം 5 – മൗലിക അവകാശങ്ങൾ

*ഇന്ത്യൻ ഭരണഘടനയുടെ പാർട്ട് III ൽ 12 മുതൽ 35 വരെ അനുഛേദങ്ങളിൽ മൗലിക അവകാശങ്ങൾ വിവരിക്കുന്നു.*

**Article 12 : രാഷ്ട്രം എന്നതിനെ നിർവ്വചിക്കുന്നു** - രാഷ്ട്രം എന്നതിൽ ഇന്ത്യയുടെ ഗവൺമെന്റും പാർലമെന്റും ഓരോ സംസ്ഥാന സർക്കാരുകളും നിയമസഭകളും ഇന്ത്യയുടെ ഭൂപ്രദേശത്തിനുള്ളിലുള്ളതോ ഇന്ത്യാ സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതോ ആയ തദ്ദേശീയമോ മറ്റുതരത്തിലോ ഉള്ള എല്ലാ അധികാരസ്ഥാനങ്ങളും ഉൾപ്പെടുന്നതാണ് എന്ന് നിർവ്വചിക്കുന്നു. തദ്ദേശീയ അധികാരസ്ഥാനങ്ങൾ എന്നതിൽ മുനിസിപാലിറ്റികൾ, പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ ഉൾപ്പെടുന്നു. ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഏജൻസിയെയും രാഷ്ട്രം എന്നതിൽ ഉൾപ്പെടുത്താം.

**Article13 : മൗലിക അവകാശങ്ങൾക്ക് സംഗതമല്ലാത്തതോ അവയ്ക്ക് ന്യൂനത വരുത്തുന്നതോ ആയ നിയമങ്ങൾ**

♦ ഭരണഘടനയുടെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഇന്ത്യയുടെ ഭൂപ്രദേശത്ത് പ്രാബല്യമുണ്ടായിരുന്ന എല്ലാ നിയമങ്ങളും ഈ പാർട്ടിലെ വ്യവസ്ഥകൾക്ക് സംഗതമല്ലാത്തിടത്ത് അത്തരം സാംഗത്യമില്ലായ്മയുടെ വ്യാപ്തിയോളം അസാധുവായിരിക്കും.

♦ ഈ പാർട്ടിൽ നല്കിയിട്ടുള്ള അവകാശങ്ങൾ എടുത്തുകളയുകയോ കുറയ്ക്കുകോ ചെയ്യുന്ന യാതൊരു നിയമവും രാഷ്ട്രം നിർമ്മിക്കാൻ പാടില്ലാത്തതും ഈ ഖണ്ഡം ലംഘിച്ചുകൊണ്ട് നിർമ്മിക്കുന്ന ഏതു നിയമവും ആലംഘനത്തിന്റെ വ്യാപ്തിയോളം അസാധുവായിരിക്കും.

♦ ഈ അനുഛേദത്തിൽ നിയമം എന്നതിൽ ഇന്ത്യൻ ഭൂപ്രദേശത്ത് നിയമത്തിന്റെ പ്രഭാവമുള്ള ഏതൊരു ഓർഡിനൻസും ഉത്തരവും ബൈലായും ചട്ടവും റെഗുലേഷനും വിജ്ഞാപവനും, ആചാരവും, വഴക്കവും ഉൾപ്പെടുന്നതാണ്. പ്രാബല്യത്തിലുള്ള നിയമങ്ങൾ എന്നതിൽ ഭരണഘടനയുടെ പ്രാരംഭത്തിനുമുമ്പ് ഭാരതത്തിന്റെ ഭൂപ്രദേശത്ത് ഒരു നിയമനിർമ്മാണസഭയോ മറ്റ് അധികാരസ്ഥാപനങ്ങളോ പാസാക്കിയതും മുമ്പിനാലെ റദ്ദാക്കിയിട്ടില്ലാത്തതുമായ നിയമങ്ങൾ, അതിന്റെ ഏതെങ്കിലും ഭാഗങ്ങൾ എന്നിവ അപ്പോൾ നിലനില്പില്ലെങ്കിലും ഉൾപ്പെടുന്നതാണ്.

♦ ഈ അനുഛേദത്തിലെ (Article13) യാതൊന്നും 368-ാം അനുഛേദപ്രകാരം ഉണ്ടാക്കിയ ഭരണഘടനാ ഭേദഗതിക്ക് ബാധകമാകുന്നതല്ല. അതായത് ഭരണഘടനാ ഭേദഗതി എന്നത് നിയമം അല്ലായെന്നും ആയതിനാൽ തന്നെ ഈ അനുഛേദം ബാധകമല്ലാ എന്നും പറയുന്നു. എന്നാൽ കേശവാനന്ദ ഭാരതി കേസിൽ ഭരണഘടനാ ഭേദഗതി മൗലിക അവകാശത്തിന് എതിരാകുന്നെങ്കിൽ ആയത് Basic Structure ന് വിരുദ്ധമാകയാൽ അസാധുവാക്കാമെന്ന് പറയുന്നു.

**സമത്വത്തിനുള്ള അവകാശം**

**Article 14 : നിയമത്തിനു മുമ്പാകെ സമത്വം**

രാഷ്ട്രം ഇന്ത്യയുടെ ഭൂപ്രദേശത്തിനകത്ത് യാതൊരാൾക്കും നിയമത്തിന്റെ മുമ്പാകെ സമത്വമോ നിയമങ്ങളുടെ സമമായ സംരക്ഷണമോ നിഷേധിക്കുവാൻ പാടില്ല എന്ന് 14-ാം അനുഛേദം പറയുന്നു.

**Article 15 : മതമോ, വർഗ്ഗമോ, ജാതിയോ, ലിംഗമോ,ജനന സ്ഥലമോ കാരണമാക്കിയുള്ള വിവേചനം നിരോധിക്കുന്നു.**

യാതൊരു പൗരനോടും മതം, വർഗ്ഗം, ജാതി, ലിംഗം, ജനന സ്ഥലം എന്നിവയോ അതിൽ ഏതെങ്കിലുമോ മാത്രം കാരണമാക്കി കടകൾ, പൊതുഭോജനശാലകൾ, ഹോട്ടലുകൾ, പൊതുവിനോദകേന്ദ്രങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം അല്ലെങ്കിൽ പൂർണമായോ ഭാഗികമായോ രാഷ്ട്രത്തിന്റെ പണം കൊണ്ട് സംരക്ഷിക്കുന്നവയോ പൊതുജനങ്ങളുടെ ഉപയോഗത്തിനായി സമർപ്പിച്ചിട്ടുള്ളവയോ ആയ കിണറുകൾ, കുളങ്ങൾ, സ്നാനഘട്ടങ്ങൾ, നിരത്തുകൾ, പൊതുവിശ്രമസ്ഥലങ്ങൾ, എന്നിവയുടെ ഉപയോഗം സംബന്ധിച്ച് യാതൊരു അവശതയും ബാദ്ധ്യതയും നിയന്ത്രണവും ഉപാധിയും പാടുള്ളതല്ല. എന്നാൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിനു തടസമില്ല. ഈ അനുഛേദത്തിലോ 29(2)-ാം അനുഛേദത്തിലോ ഉള്ള യാതൊന്നും സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നാക്കം നില്ക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിനുവേണ്ടിയോ പട്ടികജാതി, പട്ടികഗോത്ര വർഗ്ഗങ്ങൾക്കും വേണ്ടിയോ ഏതെങ്കിലും പ്രത്യേക വ്യവസ്ഥ ഉണ്ടാക്കുന്നതിന് തടസ്സമില്ല. അവരുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് പ്രത്യേക വ്യവസ്ഥ ഉണ്ടാക്കാവുന്നതുമാണ്.

**Article 16: പൊതുജീവനം സംബന്ധിച്ച് വിഷയങ്ങളിൽ അവസര സമത്വം**

എല്ലാ പൗരന്മാർക്കും പൊതു ഉദ്യോഗങ്ങളിൽ അവസര സമത്വം ഉണ്ടായിരിക്കുന്നതാണ്. പൊതു ഉദ്യോഗങ്ങളിൽ മതം, വർഗ്ഗം, ജാതി, ലിംഗം,വംശം, ജനനസ്ഥലം, വാസസ്ഥലം, എന്നിവയോ അവയിൽ ഏതെങ്കിലുമോ അടിസ്ഥാനമാക്കി യാതൊരു പൗരനും അയോഗ്യതയോ വിവേചനമോ കല്പിക്കാൻ പാടുള്ളതല്ല.

എന്നാൽ ഒരു സംസ്ഥാനത്തിന്റെയോ യൂണിയൻ പ്രദേശത്തിന്റെയോ സർക്കാരിന്റെ അല്ലെങ്കിൽ ഏതെങ്കിലും അധികാര സ്ഥാപനത്തിന്റെ കീഴിലുള്ള നിയമനകാര്യത്തിൽ ആ പ്രദേശത്തെ ആൾക്കാരെ നിയമിക്കുന്ന തരത്തിൽ നിയമം ഉണ്ടാക്കുന്നതിനു തടസമില്ല.

ഈ അനുഛേദത്തിലെ (Article 16) യാതൊന്നും രാഷ്ട്രത്തിനു കീഴിലുള്ള സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത ഏതെങ്കിലും പിന്നോക്ക വിഭാഗക്കാർക്കോ പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗക്കാർക്കോ നിയമനം നല്കുന്നതിനോ സംവരണം ഏർപ്പെടുത്തുന്നതിനോ തടസമല്ല. സംവരണത്തിനു വേണ്ടി ഉണ്ടാക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി ഒരു വർഷം നികത്തുന്നതിന് സംവരണം ചെയ്യപ്പെട്ട ആ വർഷത്തെ നികത്താത്ത ഒഴിവുകൾ തുടർന്നുവരുന്ന വർഷങ്ങളിൽ നികത്തേണ്ട ഒഴിവുകളുടെ പ്രത്യേക വിഭാഗമായി കണക്കാക്കുന്നതിനും തടസമല്ലാത്തതും ആണ്.

മതപരമോ മതവിഭാഗപരമോ ആയ സ്ഥാപനത്തിന്റെ ഉദ്യോഗകാര്യങ്ങളിൽ ആ മത വിഭാഗത്തിൽ ഉൾപ്പെട്ട ആൾ ആയിരിക്കണമെന്ന വ്യവസ്ഥയ്ക്കും തടസമില്ല.

**Article 17 : തൊട്ടുകൂടായ്മ നിറുത്തലാക്കൽ**

തൊട്ടുകൂടായ്മ നിർത്തലാക്കുകയും അതിന്റെ ഏതു രൂപത്തിലുമുള്ള ആചരണം വിലക്കുകയും ചെയ്തിരിക്കുന്നു. തൊട്ടുകൂടായ്മയിൽനിന്നും ഉണ്ടാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ചേൽപ്പിക്കുന്നത് നിയമപ്രകാരം ശിക്ഷിക്കാവുന്ന കുറ്റമായിരിക്കുന്നതാണ്.

**Article 18 : സ്ഥാനപേരുകൾ നിറുത്തലാക്കൽ**

സൈനികമോ വിദ്യാഭ്യാസ സംബന്ധമോ ആയ പ്രാഗല്ഭ്യത്തിനല്ലാതെ രാഷ്ട്രം യാതൊരു സ്ഥാനപേരും നല്കാൻ പാടില്ല. ഇന്ത്യൻ പൗരൻമാർ ഏതെങ്കിലും വിദേശരാജ്യത്തെ സ്ഥാനപേരും സ്വീകരിക്കാൻ പാടില്. ഇന്ത്യൻ പൗരനല്ലാത്തയാൾ രാഷ്ട്രത്തിനുകീഴിൽ ആദായകരമോ വിശ്വാസാധിഷ്ഠിതമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുമ്പോൾ രാഷ്ട്രപതിയുടെ സമ്മതമില്ലാതെ വിദേശരാജ്യത്തെ സ്ഥാനപ്പേര് സ്വീകരിക്കാൻ പാടില്ലാത്തതും രാഷ്ട്രത്തിന്റെ കീഴിൽ ഉദ്യോഗം വഹിക്കുന്ന ആൾ രാഷ്ട്രപതിയുടെ സമ്മതമില്ലാതെ സമ്മാനമോ ശമ്പളമോ ഉദ്യോഗമോ സ്വീകരിക്കാൻ പാടില്ല.

**സ്വാതന്ത്ര്യത്തിനുള്ള അവകാശം**

**Article 19** : സംസാര സ്വാതന്ത്ര്യം മുതലായവ സംബന്ധിച്ചുള്ള ചില അവകാശങ്ങളുടെ സംരക്ഷണം.

♦ എല്ലാ പൗരൻമാർക്കും (i) സംസാരത്തിനും ആശയപ്രകടനത്തിനും ഉള്ള സ്വാതന്ത്ര്യത്തിനും (ii)സമാധാനപരമായും ആയുധങ്ങൾ കൂടാതെയും സമ്മേളിക്കുവാനും, (iii) സമാജങ്ങളോ യൂണിയനുകളോ രൂപീകരിക്കാനും, (iv) ഇന്ത്യയുടെ ഭൂപ്രദേശത്ത് എവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനും, (v) ഇന്ത്യയുടെ ഭൂപ്രദേശത്ത് ഏതുഭാഗത്തും താമസിക്കാനും സ്ഥിരവാസമാക്കുവാനും, (vi) ഏതെങ്കിലും വൃത്തിയിൽ ഏർപ്പെടുകയോ, ഏതെങ്കിലും തൊഴിലോ, വ്യാപാരമോ, ബിസിനസോ നടത്തുകയോ ചെയ്യാനും അവകാശമുണ്ടായിരിക്കുന്നതാണ്.

♦ എന്നാൽ ഈ അവകാശങ്ങളിൽ (i) ഭാരതത്തിന്റെ അഖണ്ഡത, പരമാധികാരം, സുരക്ഷിതത്വം, വിദേശരാജ്യങ്ങളുമായുള്ള സൗഹൃദം, പൊതുസമാധാനം, സഭ്യത, സാൻമാർഗികത എന്നീ താല്പര്യങ്ങൾക്കുവേണ്ടിയോ കോടതിയലക്ഷ്യത്തെയോ, അപകീർത്തിയെയോ, കുറ്റത്തിനുള്ള പ്രേരണയേയോ സംബന്ധിച്ചോ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനെ തടയുന്നില്ല.

♦ ആർട്ടിക്കിൾ 19 (ii) ലെ യാതൊന്നും നിലവിലുള്ള ഏതെങ്കിലും നിയമത്തിന്റെ പ്രവർത്തനത്തെ മേൽപറഞ്ഞ അവകാശപ്രയോഗത്തെ പരമാധികാരം, അഖണ്ഡത, പൊതുസമാധാനം എന്നീ താത്പര്യങ്ങൾ മുൻനിർത്തി നിയമനിർമ്മാണം നടത്തുന്നതിനെ തടയുന്നില്ല.

♦ 19 (iii) ലെ യാതൊന്നും തന്നെയും മേൽപറഞ്ഞ പ്രകാരം നിയന്ത്രണങ്ങൾ വരുത്തുന്നതിനും തടസമില്ല.

♦ 19 (iv, v) എന്നിവയിലെ യാതൊന്നും നിലവിലെ നിയമത്തിന്റെ പ്രവർത്തനത്തെ മുകളിൽ വിവരിച്ച അവകാശങ്ങളുടെ പ്രയോഗത്തിൽ പൊതുജനതാത്പര്യം മുൻനിർത്തിയും പട്ടിക ഗോത്ര വർഗ താത്പര്യം മുൻനിർത്തിയും ന്യായമായ നിയന്ത്രണങ്ങൾ വരുത്തുന്നതിനെ തടയുന്നില്ല.

♦ 19 (vi) ലെ യാതൊന്നും പൊതുജന താത്പര്യം മുൻനിർത്തിയും, പ്രത്യേകിച്ചും ഏതെങ്കിലും തൊഴിലിലേർപ്പെടുന്നതിനോ വ്യാപാരമോ ബിസിനസോ നടത്തുന്നതിനോ ആവശ്യമായ യോഗ്യതയോ രാഷ്ട്രത്തിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള കോർപ്പറേഷനോ, വ്യാപാരമോ, ബിസിനസോ, വ്യവസായമോ, സർവീസോ, പൗരന്മാരെ മുഴുവനായോ ഭാഗികമായോ ഒഴിവാക്കികൊണ്ടോ മറ്റുവിധത്തിലോ നടത്തുന്നതിനെ തടയുന്നതല്ലാത്തതുമാണ്.

**Article 20 : കുറ്റങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച സംരക്ഷണം**

♦ ആരോപിക്കപ്പെടുന്ന കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമത്തിന്റെ ലംഘനത്തിനുമാത്രമേ ഒരു വ്യക്തിയിൽ കുറ്റം സ്ഥാപിക്കാനാകൂ. ആ കുറ്റം ചെയ്ത സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമപ്രകാരം ചുമത്താമയിരുന്നതിൽ കൂടുതലായ ശിക്ഷയ്ക്ക് അയാളെ വിധേയനാക്കാൻ പാടില്ല.

♦ ഒരാളെയും ഒരേ കുറ്റത്തിന് ഒന്നിലധികം പ്രാവശ്യം പ്രോസിക്യൂട്ട് ചെയ്യുകയും ശിക്ഷിക്കുകയും ചെയ്യാൻ പാടില്ല.

♦ ഏതെങ്കിലും കുറ്റം ആരോപിക്കപ്പെട്ട ആരെങ്കിലും അയാൾക്കുതന്നെ എതിരായി സാക്ഷിയാകുന്നതിന് നിർബന്ധിക്കാൻ പാടില്ല.

**Article 21 : ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം**

നിയമം വഴി സ്ഥാപിച്ചിട്ടുള്ള നടപടിക്രമം അനുസരിച്ചല്ലാതെ ഒരാളുടെയും ജീവനോ, വ്യക്തി സ്വാതന്ത്ര്യമോ ഇല്ലാതാക്കാൻ പാടില്ല.

**Article 21(A) : വിദ്യാഭ്യാസത്തിനുള്ള അവകാശം**

6 മുതൽ 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കണം.

**Article 22 : അറസ്റ്റിനും തടങ്കലിനും എതിരായ സംരക്ഷണം**

♦ അറസ്റ്റുചെയ്ത ഒരാളെയും അറസ്റ്റിനുള്ള കാരണങ്ങൾ കഴിയുന്നത്ര വേഗം അറിയിക്കാതെ തടങ്കലിൽ സൂക്ഷിക്കുകയോ അയാൾക്കിഷ്ടമുള്ള ഒരു അഭിഭാഷകനുമായി ആലോചിക്കാനും അദ്ദേഹം മുഖേന പ്രതിവാദം ഉന്നയിക്കാനും ഉള്ള അവസരം നിഷേധിക്കാനും പാടുള്ളതല്ല.

♦ അറസ്റ്റു ചെയ്ത് തടങ്കലിൽ സൂക്ഷിക്കുന്ന ആളെ അടുത്തുള്ള മജിസ്ട്രേറ്റ് മുമ്പാകെ ആ യാത്രക്കുള്ളസമയം ഒഴികെ അറസ്റ്റിന് ശേഷം 24 മണിക്കൂർ സമയത്തിനുള്ളിൽ ഹാജരാക്കേണ്ടതും അയാളെ മജിസ്ട്രേറ്റിന്റെ അധികാരം കൂടാതെ മേൽപറഞ്ഞ കാലാവധിക്കുശേഷം തടങ്കലിൽ സൂക്ഷിക്കാൻ പാടില്ലാത്തുമാണ്.

♦ മേൽ (1), (2) എന്നിവയിൽ പറഞ്ഞിരിക്കുന്ന അവകാശങ്ങൾ അന്യദേശീയ ശത്രുവിനോ നിവാരണ തടങ്കലിൽ (Preventive detention) വച്ചിട്ടുള്ള ആൾക്കോ ബാധകമല്ല.

♦ നിവാരണ തടങ്കലിന് വ്യവസ്ഥ ചെയ്യുന്ന നിയമത്തിന് ഒരാളെ മൂന്നുമാസത്തിലധികം തടങ്കലിൽ വയ്ക്കുന്നതിന് ഉപേദശകബോർഡ് മതിയായ കാരണം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ സാധിക്കുന്നതാണ്.എന്നാൽ പാർലമെന്റ് നിയമം മൂലം നിർദേശിക്കുന്ന പരമാവധി കാലാവധിക്കപ്പുറം ആരെയും തടങ്കലിൽ വയ്ക്കാനാവില്ല. നിവാരണ തടവിന് ഏതെങ്കിലും ഉത്തരവുമൂലം നിർദേശിക്കപ്പെട്ടാൽ ആയതിനുകാരണം അറിയിക്കേണ്ടതും അതിനെതിരെ നിവേദനം നല്കാൻ അവസരം നല്കേണ്ടതുമാണ്.

(തുടരും)

(പേജ് 10ൽ നിന്ന്)

കയുടെ താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ നിലവിലിരിക്കുന്നതാണ്.

| റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|
| 107/2020/ROQ dated 03.03.2020 | 456/2016 |

(iii) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ മറ്റ് അനുബന്ധ വ്യവസ്ഥകൾ എന്നിവ 06.05.2014 ലെ G.O(P)No.89/2014/Home, 9.12.2010 ലെ G.O(P)No. 266/2010/Home, 28.12.2012ലെ G.O(P)No.337/2012/Home എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(iv) (a) ഈ തസ്തികയിൽ നിയമിതനാകുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

(b) നിയമിതരാകുന്നവർ വകുപ്പ് മേധാവിയുടെ നിർദ്ദേശാനുസരണം ഇൻ സർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണ്.

(c) കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് പരീക്ഷ ഇതിനകം വിജയിച്ചിട്ടില്ലാത്തപക്ഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ തന്നെ അവർ പ്രസ്തുത പരീക്ഷ വിജയിക്കേണ്ടതാണ്.

(d) വാർഡർ എസ്റ്റാബ്ലിഷ്മെന്റിൽ മറ്റ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിക്കുന്നതാണ്.

**5. നിയമനരീതി:** നേരിട്ടുള്ള നിയമനം (സംസ്ഥാനടിസ്ഥാനത്തിൽ). (ഹിന്ദു നാടാർ സംവരണസമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതുവ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ).

ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ (പാർട്ട് IIലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2(i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ**:

**(a) വിദ്യാഭ്യാസ യോഗ്യത:** എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

**(b) ശാരീരിക യോഗ്യതകൾ :** കുറഞ്ഞത് 165 സെ.മീ ഉയരം പൂർണ്ണ ഉഛ്വാസത്തിൽ കുറഞ്ഞത് 81.3 സെ.മീറ്റർ നെഞ്ചളവും 5 സെ.മീ നെഞ്ച് വികാസവും.

(ii) കാഴ്ചശക്തി: താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|
| എ) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:** (1)ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(2) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ , കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iii) വൺ സ്റ്റാർ നിലവാരത്തിലുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ(12′) |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

**കുറിപ്പ്:** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷ സമയത്ത് താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ് കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ (Better/Worse Stantards of Vision) ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## കാറ്റഗറി നമ്പർ : 532/2021 – 534/2021
## സെക്യൂരിറ്റി ഗാർഡ്
## ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
## അഞ്ചാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ്
**3 ശമ്പളം** : ₹ 5850–8730/
**4 ഒഴിവുകളുടെ എണ്ണം** :

| | | |
|---|---|---|
| മുസ്ലീം | 02 (രണ്ട്) | കാറ്റഗറി നമ്പർ: 532/2021 |
| ധീവര | 01 (ഒന്ന്) | കാറ്റഗറി നമ്പർ : 533/2021 |
| പട്ടികജാതി | 02 (രണ്ട് ) | കാറ്റഗറി നമ്പർ : 534/2021 |

**കുറിപ്പ് :** ചുരുക്ക/സാധ്യത പട്ടികയിൽ ഉൾപ്പെടുത്താവുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യത അനുസരിച്ചു തീരുമാനിക്കുന്നതാണ്.

മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് 09.05.2016നു പ്രസിദ്ധീകരിച്ച മാതൃറാങ്ക് പട്ടികയിൽ (കാറ്റഗറി നമ്പർ 469/10) മുസ്ലീം, ധീവര, പട്ടിക ജാതി വിഭാഗത്തിൽ പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്ത് നിയമിക്കപെടുന്നത് വരെയോ , ഈ വിജ്ഞാപന പ്രകാരമുള്ള എൻസിഎ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചുമൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് , 28/02/2017ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 15/2017, 16/2017, 18/2017 എന്നിവയായി പ്രസിദ്ധീകരിച്ച ഒന്നാം എൻസിഎ വിജ്ഞാപനത്തിലും, 26/07/2018 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 105/2018, 106/2018, 108/2018 എന്നിവയായി പ്രസിദ്ധീകരിച്ച രണ്ടാം എൻ സി എ വിജ്ഞാപനത്തിലും 31/12/2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 4562/2019, 563/2019, 565/2019 എന്നിവയായി പ്രസിദ്ധീകരിച്ച മൂന്നാം എൻ.സി.എ. വിജ്ഞാപനത്തിലും ,30/12/2020 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 415/2020, 416/2020, 417/2020എന്നിവയായി പ്രസിദ്ധീകരിച്ച നാലാം എൻ സി എ വിജ്ഞാപനത്തിലുംഉദ്യോഗാർത്ഥികളുടെ അഭാവം മൂലം ഉണ്ടായ അഞ്ചാം എൻസിഎ വിജ്ഞാപനമാണ്.

iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളി ലായിരിക്കണം.

**5 നിയമന രീതി** : വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം. (മുസ്ലീം, ധീവര, പട്ടിക ജാതി വിഭാഗങ്ങളിൽ നിന്ന് മാത്രം )

**കുറിപ്പ് 1:** പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അപേക്ഷയും സ്വീകരിക്കുന്നതാണ്.

**കുറിപ്പ് 2:** മുസ്ലിം, ധീവര, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായ പരിധി: മുസ്ലീം, ധീവര** : 18–49 ഉദ്യോഗാർത്ഥികൾ 02.01.1972നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

പൊതുവ്യവസ്ഥ 2(i)ലെ ഇളവുകളടക്കം

**പട്ടിക ജാതി** :18–50 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

പൊതുവ്യവസ്ഥ 2(i)ലെ ഇളവുകളടക്കം

**കുറിപ്പ് :** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട്2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2,(vi) നോക്കുക.)**7. യോഗ്യതകൾ :**

1. എസ്എസ്എൽസി തോറ്റവരായിരിക്കണം. (എസ്എസ്എൽസി പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.)
2. സായുധ സേനകളിൽ, അതായത്, കര, വ്യോമ, നാവിക സേനകളിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള സേവനം.
3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം .
4. ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.

**കുറിപ്പ് :** സ്ത്രീകളും ഭിന്നശേഷിക്കാരും ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

8(a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v),(vii) (viii), (ix),(x),(xi),(xiii) &(xiv) എന്നീ ഉപഖണ്ഡികകളും 5a,7 എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 535/2021 – 537/2021
## അസിസ്റ്റന്റ് ടെസ്റ്റർ കം ഗേജർ
## മലബാർ സിമന്റ്സ് ലിമിറ്റഡ്
## രണ്ടാം എൻ.സി.എ വിജ്ഞാപനം

**1 സ്ഥാപനം** : മലബാർ സിമന്റ്സ് ലിമിറ്റഡ്
**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ടെസ്റ്റർ കം ഗേജർ
**3 ശമ്പളം** : ₹ 3099- 4453 (PR)
**4 ഒഴിവുകളുടെ എണ്ണം** : ഈഴവ/തിയ്യ/ബില്ലവ – 1 (ഒന്ന്)
കാറ്റഗറി നമ്പർ: 535/2021
എസ്.സി – 1 (ഒന്ന്)
കാറ്റഗറി നമ്പർ: 536/2021
എൽസി/എ.ഐ – 1 (ഒന്ന്)
കാറ്റഗറി നമ്പർ: 537/2021

**കുറിപ്പ്:** (i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി, ഈ തസ്തികയുടെ 18/12/2018 തീയതിയിൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും (കാറ്റഗറി നം. 510/2015) ഉത്ഭവിച്ച മേൽപ്പറഞ്ഞ സംവരണ സമുദായങ്ങളുടെ ഊഴങ്ങൾ നികത്തപ്പെടുന്നതുവരെയോ ടി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കും. 15/11/2019 തീയതിയിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 244/2019 (ഈഴവ/തിയ്യ/ബില്ലവ), 245/2019 (എസ്.സി), 247/2019 (എൽസി/എ.ഐ) ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ.സി.എ. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ ഉള്ള രണ്ടാം എൻ.സി.എ. വിജ്ഞാപനമാണിത്.

(ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ റദ്ദു ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടായിരിക്കുന്നതാണ്. നിയമനശിപാർശ റദ്ദു ചെയ്താലുടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമനശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ ജോലിയിൽ പ്രവേശിച്ച ശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം.

**5 നിയമന രീതി :** നേരിട്ടുള്ള നിയമനം (ഈഴവ/തിയ്യ/ബില്ലവ, എസ്.സി , എൽസി/എ.ഐ സമുദായങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ് :** മുകളിൽ കാണിച്ചിട്ടുള്ള സംവരണവിഭാഗങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായം :** ഈഴവ/തിയ്യ/ബില്ലവ,എൽസി/എ.ഐ1839.(ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ).

എസ്.സി 18–41.(ഉദ്യോഗാർത്ഥികൾ 02.01.1980 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് രണ്ടിലെ 2(i) ഖണ്ഡികയിലെ ആനുകൂല്യം ഉൾപ്പെടെ).

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസിലുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 (ii),(iii),(iv),(vi), (xii) &(xiv) നോക്കുക)

**7 യോഗ്യതകൾ**

(1) കെമിസ്ട്രി ഒരു വിഷയമായി പഠിച്ച പ്ലസ് ടു യോഗ്യതയോ തത്തുല്യമായ ഗോഗ്യതയോ നേടിയിരിക്കണം.

(2) ഏതെങ്കിലും ഒരു അംഗീകൃത സംസ്കരണ വ്യവസായ സ്ഥാപനത്തിലെ ലബോറട്ടറിയിൽ ടെസ്റ്റിംഗ് ബോയിയായോ സമാന തസ്തികകളിലോ ഉള്ള മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

**കുറിപ്പ്:**

1) പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ 19 &20 ഖണ്ഡികകൾ കാണുക.

2) ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടി

ഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര് , സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ Scanned Image/ സത്യവാങ്മൂലം ( നിശ്ചിത പരിചയം ഉണ്ടായിരിക്കുകയും എന്നാൽ നിലവിലെ Pandemic നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകാതിരിക്കുന്നവർക്ക് വേണ്ടിയിട്ടുള്ളത്) upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ.എന്നാൽ ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(പരിചയ സർട്ടിഫിക്കറ്റിൻെറ സത്യവാങ്മൂലം എന്നിവയുടെ മാതൃകയ്ക്ക് വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**കുറിപ്പ് :** പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതാണ്.

10 (a) പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡികയിലെ (v), (viii), (ix), (x), (xi) &(xiii) എന്നീ ഉപഖണ്ഡികകളും 6,7എന്നീ ഖണ്ഡികകളും മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 538/2021
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II/ വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ
## മൂന്നാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ /കോർപ്പറേഷനുകൾ

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II /വാച്ചർ ഗ്രേഡ് II

**3 ശമ്പളം** : ഈ തസ്തികയിലേക്ക് അതത് കമ്പനികൾ/ ബോർഡുകൾ കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പള നിരക്ക്

**4 ഒഴിവുകളുടെ എണ്ണം** : എൻസിഎ (പട്ടിക വർഗ്ഗം) 1 (ഒന്ന് )

**കുറിപ്പ് i) :** ചുരുക്ക/സാധ്യത പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം സ്വീകാര്യമായ അപേക്ഷകളുടെ ലഭ്യത അനുസരിച്ചു തീരുമാനിക്കുന്നതാണ്.

**ii)** മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 410/13 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 30/01/2018നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ പട്ടിക വർഗ്ഗം വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമനശിപാർശ ചെയ്ത് നിയമിക്കപ്പെടുന്നത് വരെയോ, ഈ വിജ്ഞാപന പ്രകാരമുള്ള എൻ സി എ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു മൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 15/11/2019ലെ ഗസറ്റിൽ കാറ്റഗറി നമ്പർ251/19ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻ സി എ വിജ്ഞാപനത്തിലും, 15122020 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 350/2020 ആയി പ്രസിദ്ധീകരിച്ച രണ്ടാം എൻസിഎ വിജ്ഞാപനത്തിലും യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവം മൂലം ഉണ്ടായ മൂന്നാം എൻ സി എ വിജ്ഞാപനമാണ്.

iii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5 നിയമന രീതി :** വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

പട്ടിക വർഗ്ഗക്കാരായ വിമുക്ത ഭടന്മാരിൽ നിന്നും അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായ പരിധി** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01. 2003 നു മിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

**7. യോഗ്യതകൾ :**

1. ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
2. കരസേന/നാവികസേന/വ്യോമസേനയിൽ 3 (മൂന്ന്) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം.
3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.
4. ഉയരം: 168 സെന്റിമീറ്റർ
5. നെഞ്ചളവ് സാധാരണ 81 സെന്റിമീറ്റർ ഉം 5 സെന്റിമീറ്റർ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ് :** സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

8 (a) പൊതു വ്യവസ്ഥകളിലെ 2, 5 a, 6 , 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

## കാറ്റഗറി നമ്പർ : 539/2021
## സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II/ വാച്ചർ ഗ്രേഡ് II
## സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ ബോർഡുകൾ/കോർപ്പറേഷനുകൾ
## അഞ്ചാം എൻ സി എ വിജ്ഞാപനം

**1 വകുപ്പ്/സ്ഥാപനം** : സർക്കാർ ഉടമസ്ഥതയിലുള്ള വിവിധ കമ്പനികൾ/ബോർഡുകൾ/ കോർപ്പറേഷനുകൾ

**2 ഉദ്യോഗപ്പേര്** : സെക്യൂരിറ്റി ഗാർഡ് /സെക്യൂരിറ്റി ഗാർഡ് ഗ്രേഡ് II/വാച്ചർ ഗ്രേഡ് II

**3 ശമ്പളം** : ഈ തസ്തികയിലേക്ക് അതത് കമ്പനികൾ/ ബോർഡുകൾ കോർപ്പറേഷനുകൾ നിശ്ചയിച്ചിരിക്കുന്ന ശമ്പള നിരക്ക്

**4 ഒഴിവുകളുടെ എണ്ണം** : എൻസിഎ (പട്ടിക വർഗ്ഗം) 1 (ഒന്ന്)

**കുറിപ്പ് :** i) മുകളിൽ കൊടുത്തിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്.ഈ വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് കാറ്റഗറി നമ്പർ 291/07 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം 16/10/2012 നു പ്രസിദ്ധീകരിച്ച മാതൃ റാങ്ക് പട്ടികയിൽ പട്ടിക വർഗം വിഭാഗത്തിൽ പെടുന്ന ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നിലവിൽ വന്ന ഒഴിവിൽ ഉദ്യോഗാർത്ഥിയെ നിയമശിപാർശ ചെയ്ത് നിയമിക്കപെടുന്നത് വരെയോ, ഈ വിജ്ഞാപന പ്രകാരമുള്ള എൻസിഎ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു മൂന്ന് വർഷമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത്, അത് വരെ കാലാവധി ഉണ്ടായിരിക്കും. ഇത് 25/11/2014 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 483/14 ആയി പ്രസിദ്ധീകരിച്ച ഒന്നാം എൻസിഎ വിജ്ഞാപനത്തിലും,30/12/2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 510/2016 ആയി പ്രസിദ്ധീകരിച്ച രണ്ടാം എൻ സി എ വിജ്ഞാപനത്തിലും ,15/ 11/2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 249/19 ആയി പ്രസിദ്ധീകരിച്ച മൂന്നാം എൻ സി എ വിജ്ഞാപനത്തിലും, 15/12/2020 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 351/2020 ആയി പ്രസിദ്ധീകരിച്ച നാലാം എൻസിഎ വിജ്ഞാപനത്തിലും ഉദ്യോഗാർഥികളുടെ അഭാവം മൂലം ഉണ്ടായ അഞ്ചാം എൻസിഎ വിജ്ഞാപനമാണ്

ii) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദു ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാക്കുന്നത് ആ കാലയളവിനുള്ളിലായിരിക്കണം .

**5 നിയമന രീതി**: വിമുക്തഭടന്മാരിൽ നിന്നും നേരിട്ടുള്ള നിയമനം (പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം )

**കുറിപ്പ്:** 1)പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതിക്കാരായ വിമുക്ത ഭടന്മാരായ ഉദ്യോഗാർത്ഥികളുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്.

2)പട്ടികവർഗ്ഗക്കാരായ/പട്ടികജാതിക്കാരായ വിമുക്ത ഭടന്മാരല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരുപാധികം നിരസിക്കുന്നതാണ്.

**6 പ്രായ പരിധി** : 18–50 ഉദ്യോഗാർത്ഥികൾ 02.01.1971നും 01.01. 2003 നുമിടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ)

(പൊതു വ്യവസ്ഥകൾ ഖണ്ഡിക 2ലെ ഇളവുകളടക്കം)

**7. യോഗ്യതകൾ :**

1.ഏഴാം സ്റ്റാൻഡേർഡ് (പുതിയത്) അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം.
2. കരസേന/നാവികസേന/വ്യോമ സേനയിൽ 3 (മൂന്ന് ) വർഷത്തിൽ കുറയാതെയുള്ള സേവന പരിചയം ഉണ്ടായിരിക്കണം.
3. സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.
4.ഉയരം: 168 സെന്റിമീറ്റർ
5. നെഞ്ചളവ് സാധാരണ 81 സെന്റിമീറ്റർ, ഉം 5 സെന്റിമീറ്റർ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ് :** സ്ത്രീകൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ യോഗ്യരല്ല.

8 (a) പൊതു വ്യവസ്ഥകളിലെ 2, 5a, 6, 7 എന്നീ ഖണ്ഡികകൾ മേൽപ്പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല

(b) മേൽപ്പറഞ്ഞ സ്ഥാപനത്തിലേയ്ക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

# എൻ.സി.എ. റിക്രൂട്ട്മെന്റ് ജില്ലാതലം

## കാറ്റഗറി നമ്പർ : 540/2021– 544/2021
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു. പി. എസ്
## വിദ്യാഭ്യാസം
## ഒന്നാം എൻ. സി. എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി.എസ്

**3. ശമ്പളം** : ₹ 25,200–54,000/(PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| സമുദായം | ജില്ല | ഒഴിവ് | കാറ്റഗറി നമ്പർ |
|---|---|---|---|
| പട്ടിക ജാതി | തിരുവനന്തപുരം | 2(രണ്ട്) | 540/2021 |
| എസ്.സി.സി.സി | മലപ്പുറം | 2(രണ്ട്) | 541/2021 |
| ധീവര | മലപ്പുറം | 2(രണ്ട്) | 542/2021 |
| പട്ടിക വർഗ്ഗം | മലപ്പുറം | 2(രണ്ട്) | 543/2021 |
| ഹിന്ദു നാടാർ | മലപ്പുറം | 1 (ഒന്ന്) | 544/2021 |

**കുറിപ്പ്:**

i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽ പ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

ii) ഈ വിജ്ഞാപനപ്രകാരം മേൽപറഞ്ഞ ജില്ലകളിലേയ്ക്ക് ഓരോ സമുദായത്തിനായി പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക്ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് നമ്പർ | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ | കാറ്റഗറി തീയതി |
|---|---|---|
| തിരുവനന്തപുരം | 14.12.2018 | 532/13 |
| മലപ്പുറം | 18.01.2019 | 532/13 |

iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ജില്ലകളിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

iv)ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.(പട്ടിക ജാതി, എസ്.സി. സി.സി, ധീവര, പട്ടിക വർഗ്ഗം, ഹിന്ദു നാടാർസമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : 1) 18–43. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01. 2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). (എന്നാൽ പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽനിന്നും ക്രിസ്ത്യൻ സമുദായത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ഉയർന്ന പ്രായപരിധി 45 വയസ്സ്. ഇപ്രകാരമുള്ള ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം.)

1) 18–45. പട്ടിക ജാതി, പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ).

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

അല്ലെങ്കിൽ

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്. എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്. എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബി

ക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.
2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.
3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.
4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.
**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ 14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബി എ അറബിക് & ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.
2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.
**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/ സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No.206/16/G.Edn. തീയതി 08.12.2016).
**കുറിപ്പ്:** 1. GO(P) No 15/2020/G.Edn dated 09.10.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTET ന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിർബന്ധമില്ല.
2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.
3. 30.11.2009ലെ GO (MS)No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.
**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ : (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.
(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)
**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ് 'ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 545/2021
## എൽ.പി സ്ക്കൂൾ ടീച്ചർ ( മലയാളം മീഡിയം)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : | എൽ.പി സ്ക്കൂൾ ടീച്ചർ (മലയാളം മീഡിയം) |
| **3. ശമ്പളം** | : | ₹ 25200–54000/(PR) |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ ഹിന്ദു നാടാർ എറണാകുളം 01 (ഒന്ന് |

**കുറിപ്പ് :** (i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്കു നിരസന മെമ്മോ അയയ്ക്കുന്നതല്ല.
**കുറിപ്പ് :** (ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ 3 വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേല്പറഞ്ഞ സമുദായത്തിന് വേണ്ടി നീക്കിവെച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അത് വരെ റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 28.12.2018 | 387/14 |

(iii) ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള എറണാകുളം ജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ് .
(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നം.154/71/പി.ഡിയിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) 4/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിലിരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ സമർപ്പിക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
**5. നിയമന രീതി** : നേരിട്ടുള്ള നിയമനം (ഹിന്ദു നാടാർ സംവരണ സമുദായത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നുമാത്രം).
**6. പ്രായപരിധി :** 18–43. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ.)
**നോട്ട് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതു വ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക . (ഖണ്ഡിക 2 (i) ഒഴികെ)
**7. യോഗ്യതകൾ :** 1) കേരള സർക്കാരിന്റെ പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യ പരീക്ഷയോ വിജയിച്ചിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പ്രീഡിഗ്രി പരീക്ഷയോ അല്ലെങ്കിൽ പ്രീഡിഗ്രിക്ക് തത്തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകൾ അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷ ബോർഡ് നടത്തുന്നതോ തത്തുല്യമായി ഗവൺമെന്റ് അംഗീകരിച്ചതോ ആയ ഏതെങ്കിലും ഹയർ സെക്കണ്ടറി പരീക്ഷ വിജയിച്ചിരിക്കണം.
2) കേരള സർക്കാർ പരീക്ഷ കമ്മീഷണർ നടത്തുന്ന ടി.ടി.സി പരീക്ഷ വിജയിച്ചിരിക്കണം
**കുറിപ്പ് :** ടി.ടി.സി യോഗ്യത, G.O(RT) No.3280/13/പൊ.വി.വ തീയതി 05.08.2013 പ്രകാരം ഡി.എഡ് (ഡിപ്ലോമ ഇൻ ടീച്ചർ എഡ്യൂക്കേഷൻ) എന്നും, G.O(RT) No.1700/18/പൊ.വി.വ തീയതി 05.05.2018, G.O(RT) No. 2009/18/പൊ.വി.വ തീയതി 30.05.2018 എന്നിവ പ്രകാരം ഡി.എൽ.എഡ് (ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ) എന്നും പുനർനാമകരണം ചെയ്തിട്ടുള്ളതിനാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ഡി.എഡ് യോഗ്യതയോ, ഡി.എൽ.എഡ് യോഗ്യതയോ ഉള്ളവരെയും പരിഗണിക്കുന്നതാണ്.
3) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.
എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/ സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/ ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No. 145/16/G.Edn. തീയതി 30.08.2016, G.O.(P)No.206/16/G.Edn. തീയതി 08.12.2016, G.O.(P) No.15/2020/G.Edn.തീയതി 09.10.2020).
**കുറിപ്പ്** i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം
ii) SSLCക്ക് പാർട്ട് കലോ പാർട്ട് IIലോ മലയാളം പഠിക്കാത്തതോ പഠന മാധ്യമം മലയാളം അല്ലാത്തതോ ആയ ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹരല്ല .[G.O(RT) No. 534/2002/G Edn dated 19.03.2002, G.O(MS)No. 44/75/G Edn dated 29.01.1975]. എന്നാൽ സെക്കന്ററി / ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/ അദ്ധ്യാപക ട്രെയിനിങ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് ടി തസ്തികയ്ക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. [സ.ഉ.(കൈ) നമ്പർ 67/2018/പൊ.വി.വ തീയതി 22.05.2018].
(iii) ടി.ടി.സിക്ക് പകരമായി B.Ed യോഗ്യത സ്വീകരിക്കുന്നതല്ല.
(iv) ഈ തസ്തികയ്ക്ക് എഴുത്ത് (വിവരണാത്മക/ഒ.എം.ആർ) പരീക്ഷ ഉണ്ടെങ്കിൽ ചോദ്യക്കടലാസ് മലയാളത്തിൽ ആയിരിക്കും. ഉത്തരങ്ങളും മലയാളത്തിൽ തന്നെ എഴുതേണ്ടതാണ്. OMR ഉത്തരകടലാസ് സംബന്ധിച്ച്, ഉത്തരങ്ങൾ എഴുതുന്നതിനുപകരം നിർദ്ദേശിക്കുന്ന പ്രകാരം അടയാളപ്പെടുത്തേണ്ടതാണ്.
**8.** പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :
i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]. ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കൾക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ'എന്നതിന് 'ഉണ്ട്' എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. [ജി.ഒ.(എം.എസ്) നമ്പർ 122/75/എഡ്യൂ തീയതി 27/05/1975]. ഈ മുൻഗണന 12.02.1970ലെ ജി.ഒ.(എം.എസ്) നമ്പർ 50/70/പി.ഡി യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.
**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധികഴിഞ്ഞു എന്നകാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 546/2021
## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്)
## വിദ്യാഭ്യാസം
## ഒന്നാം എൻ.സി.എ. വിജ്ഞാപനം

| | | |
|---|---|---|
| **1. വകുപ്പ്** | : | വിദ്യാഭ്യാസം |
| **2. ഉദ്യോഗപ്പേര്** | : | ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.എസ്) |
| **3. ശമ്പളം** | : | ₹ 25,200–54,000/ (PR) |
| **4. ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ വിശ്വകർമ – എറണാകുളം 1 (ഒന്ന്) |

**കുറിപ്പ്:** i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.
ii) ഈ വിജ്ഞാപനപ്രകാരം എറണാകുളം ജില്ലയിലേയ്ക്ക് പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എൻ.സി.എ റാങ്ക്ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനായി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക്, ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| എറണാകുളം | 13.03.2019 | 229/16 |

iii) ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള എറണാകുളംജില്ലയിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും ജില്ലയുടെ പേര് അപേക്ഷയിലെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.
iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ജി.ഒ. (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ ജി.ഒ. (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996ലെ ജി.ഒ.(പി) 12/96/പി.ആന്റ് എ.ആർ.ഡി പ്രകാരം ഇടുക്കി, കാസർഗോഡ്, വയനാട് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിന് അഞ്ച് വർഷത്തെ സർവ്വീസ് ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലാവധിയിൽ ഒരു പ്രാവശ്യം മാത്രമേ ലഭിക്കുകയുള്ളു. എന്നാൽ മേൽപ്പറഞ്ഞ ജില്ലകളിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ലഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഏതെങ്കിലുമൊരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.
**5. നിയമന രീതി:**നേരിട്ടുള്ള നിയമനം. (വിശ്വകർമ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).
**6. പ്രായപരിധി :**1 8–43. ഉദ്യോഗാർത്ഥികൾ 02.01.1978നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 ലെ പൊതുവ്യവസ്ഥകൾ (ഖണ്ഡിക 2 (i) ഒഴികെ) നോക്കുക.

**7. യോഗ്യതകൾ :**

1) കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ അറബി ഭാഷയിലുള്ള ബിരുദം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യ ഭാഷ (അറബി) പഠനത്തിലുള്ള ഒരു ടൈറ്റിൽ.

അല്ലെങ്കിൽ

കോഴിക്കോട് സർവ്വകലാശാലയുടെ പാർട്ട് 3 അറബിക് (സ്പെഷ്യൽ ഓപ്ഷണൽ) ആയി നേടിയിട്ടുള്ള പ്രീഡിഗ്രി.

അല്ലെങ്കിൽ

കേരളത്തിലെ ഹയർസെക്കൻഡറി ബോർഡ് നടത്തുന്ന പ്ലസ്ടു പാർട്ട് III അറബിക് (ഓപ്ഷണൽ) കോഴ്സ് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി പരീക്ഷ ഒന്നാം ഭാഷയായി (ഫസ്റ്റ് ലാംഗ്വേജ്) പാർട്ട് ഒന്നും രണ്ടും അറബിയെടുത്ത് പാസ്സായിരിക്കണം.

അല്ലെങ്കിൽ

കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സി.യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം. കൂടാതെ താഴെപ്പറയുന്ന ഏതെങ്കിലും ഒരു യോഗ്യത കൂടി ഉണ്ടായിരിക്കണം.

1) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ഹയർ) പരീക്ഷ പാസ്സായിരിക്കണം.

2) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് മുൻഷി (ലോവർ) പരീക്ഷ പാസ്സായിരിക്കണം.

3) കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന അറബിക് അദ്ധ്യാപക പരീക്ഷ പാസ്സായിരിക്കണം.

4) കേരളാ യൂണിവേഴ്സിറ്റിയോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയോ നടത്തുന്ന അറബിക് പ്രവേശന പരീക്ഷ പാസ്സായിരിക്കണം.

**കുറിപ്പ്:** മേൽപ്പരാമർശിച്ച യോഗ്യതകൾക്കു പുറമെ14.01.2019ലെ സ.ഉ. (കൈ) നം/8/19/പൊവിവ പ്രകാരം കേരളത്തിലെ സർവകലാശാലകൾ നടത്തുന്നതോ അംഗീകരിച്ചതോ ആയ ബിഎ അറബിക് &ഇസ്ലാമിക് ഹിസ്റ്ററി ഡബിൾ മെയിൻ ഡിഗ്രി യോഗ്യതയും ടി തസ്തികയ്ക്കുള്ള ഒരു യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

**എക്സംപ്ഷൻ:** ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/പി.എച്ച്.ഡി/എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O.(P) No. 145/16/G.Edn. തീയതി 30.08.2016, G.O.(P) No. 206/16/G.E-dn. തീയതി 08.12.2016).

**കുറിപ്പ്:** 1. GO(P) No 15/2020/G.Edn dated 09.10.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം KTETന് പകരം നിശ്ചയിച്ചിട്ടുള്ള M.Ed ബന്ധപ്പെട്ട വിഷയത്തിലായിരിക്കണമെന്ന് നിർബന്ധമില്ല

2. ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

3. 30.11.2009ലെ GO (MS) No. 232/09/G.Edn ഉത്തരവനുസരിച്ച് ഉദ്യോഗാർത്ഥികൾ പ്രസ്തുത തസ്തികയ്ക്കുള്ള മിനിമം യോഗ്യതയായി കേരള ഗവൺമെൻറ് പരീക്ഷാ കമ്മീഷണർ നടത്തുന്ന എസ്.എസ്.എൽ.സിയോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി.,21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ243/66/ എഡ്യു. തീയതി 27/05/1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ, വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി ആയത് അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്.

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05.1975)

**കുറിപ്പ് :** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക).

## കാറ്റഗറി നമ്പർ : 547/2021

## ഡ്രൈവർ

## എക്സൈസ്

## ഒന്നാം എൻ. സി .എ വിജ്ഞാപനം

**1. വകുപ്പ്** : എക്സൈസ്

**2. തസ്തികയുടെ പേര്** : ഡ്രൈവർ

(ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ അർഹരല്ല)

**3. ശമ്പളം** : ₹ 19,000–43,600/(P.R.)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

ഈഴവ/തിയ്യ/ബില്ലവ തിരുവനന്തപുരം 1 (ഒന്ന്)

1. 28.04.1980 ലെ G.O(P)No.36/80/TD, 03.10.2015 ലെ G.O(P)No.178/2015/TD എന്നീ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

2. ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

3. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടികയുടെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ മൂന്നു വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

മാതൃവിജ്ഞാപനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തിരുവനന്തപുരം | 470/19/DOT -04.09.2019 | 659/2017 |

ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ G.O(MS)No.154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റ് ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 4/61/പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

എൻ.സി.സി 'എ' 'ബി' 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്. [21.08.2007 ലെ GO (MS) No.112/2007/H.Edn അനുസരിച്ച്].

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം

(ജില്ലാ അടിസ്ഥാനത്തിൽ)

(മുകളിൽ കാണിച്ചിട്ടുള്ള സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായപരിധി** : 21–42: ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.2000 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) [പൊതു വ്യവസ്ഥകൾ ഖണ്ഡിക 2(1) ലെ ഇളവുകളടക്കം]

**കുറിപ്പ്:** (i) പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള ഇളവുകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകളിലെ ഖണ്ഡിക(2) നോക്കുക (ഖണ്ഡിക 2(i) ഒഴികെ).

**7. യോഗ്യതകൾ:**

(i) എസ്.എസ്.എൽ.സി പരീക്ഷ പാസ്സായിരിക്കണം. അഥവാ തത്തുല്യ യോഗ്യത നേടിയിരിക്കണം.

(ii) ഹെവി ഗുഡ്സ് &ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് 3 വർഷത്തെ നിലവിലുള്ള സാധുവായ ഡ്രൈവിംഗ് ലൈസൻസും ഡ്രൈവേഴ്സ് ബാഡ്ജും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (a) ഡ്രൈവിംഗ് ലൈസൻസ്, തെരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും (അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി, ഒ.എം.ആർ പരീക്ഷ, പ്രായോഗിക പരീക്ഷ, വെരിഫിക്കേഷൻ എന്നിവ) സാധുവായിരിക്കണം.

(b) ഹെവി ഗുഡ്സ്, ഹെവി പാസഞ്ചർ മോട്ടോർ വാഹനങ്ങൾ ഓടിക്കാനുള്ള കഴിവ് പി.എസ്.സി നടത്തുന്ന പ്രായോഗിക പരീക്ഷയിലൂടെ (T ടെസ്റ്റ് + റോഡ് ടെസ്റ്റ്) പരിശോധിക്കുന്നതാണ്. T ടെസ്റ്റിൽ വിജയിക്കുന്നവരെ മാത്രമേ റോഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കുകയുള്ളൂ.

(iv) **ശാരീരിക യോഗ്യതകൾ:** 165 സെ.മീറ്ററിൽ കുറയാത്ത ഉയരവും 83 സെ.മീറ്ററിൽ കുറയാത്ത നെഞ്ചളവും കുറഞ്ഞത് 4 സെ.മീറ്റർ വികാസവും ഉണ്ടായിരിക്കണം

(v) മെഡിക്കൽ ഫിറ്റ്നസ്

**ചെവി:** നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

**കണ്ണ്:** കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തണം.

| കാഴ്ച | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കളർ വിഷൻ:** സാധാരണമായിരിക്കണം.

**നിശാന്ധത:** ഇല്ലാതിരിക്കണം.

(c) പേശികളും സന്ധികളും :തളർവാതം ഉണ്ടായിരിക്കരുത്. എല്ലാ സന്ധികളും ആയാസ രഹിതമായി ചലിപ്പിക്കാവുന്നവയായിരിക്കണം.

**(d) നാഡീവ്യൂഹം :** പൂർണ്ണമായും സാധാരണ രീതിയിലുള്ളതായിരിക്കണം. പകർച്ച വ്യാധികൾ യാതൊന്നും ഉണ്ടായിരിക്കരുത്.

**കുറിപ്പ് :** (i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്കിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(ii) ഉദ്യോഗാർത്ഥികൾ പ്രായോഗിക പരീക്ഷ സമയത്ത് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റിന് രണ്ട് ഭാഗങ്ങളുണ്ട്. കാഴ്ച ശക്തി സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഗവൺമെന്റ് സർവ്വീസിലുള്ള ഒഫ്താൽമോളജിസ്റ്റിൽ നിന്നും മെഡിക്കൽ ഫിറ്റ്നസ് സംബന്ധമായ എല്ലാ വിവരങ്ങളും അടങ്ങുന്ന നിശ്ചിത മാതൃകയുലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് അസിസ്റ്റന്റ് സർജന്റെ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് അവരവരുടെ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്.

**(മെഡിക്കൽ സർട്ടിഫിക്കറ്റിൻെറ മാതൃകയ്ക്ക് വിജ്ഞാപനം കാണുക. (www.keralapsc.gov.in)**

**Note:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ്, മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## കാറ്റഗറി നമ്പർ : 548/2021

## പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (അറബിക്)

## വിദ്യാഭ്യാസം

## ഏഴാം എൻ.സി.എ. വിജ്ഞാപനം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ഹൈസ്ക്കൂൾ ടീച്ചർ (അറബിക്)

**3. ശമ്പളം** : ₹19,000–43,600/(PR)

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

പട്ടികജാതി – തൃശൂർ 01 (ഒന്ന്)

കാസർഗോഡ് 01 (ഒന്ന്)

(ഒന്നാം എൻ.സി.എ വിജ്ഞാപനം (31.12.2012 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 730/12), രണ്ടാം എൻ. സി.എ വിജ്ഞാപനം (13.5.2014 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 244/14), മൂന്നാം എൻ.സി.എ വിജ്ഞാപനം (29.09.2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 348/2015), നാലാം എൻ.സി.എ വിജ്ഞാപനം (30.8.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 272/16), അഞ്ചാം എൻ.സി.എ വിജ്ഞാപനം (31.10.2017ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 467/17), ആറാം എൻ.സി.എ വിജ്ഞാപനം (31.12.2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 615/19) എന്നിവ പ്രകാരം മേല്പറഞ്ഞ സമുദായത്തിലെ അർഹരായ ഉദ്യോഗാർഥികളെ ലഭിക്കാതിരുന്നതിനാലുള്ള ഏഴാം വിജ്ഞാപനം)

**പട്ടികജാതി –കോഴിക്കോട് 01 (ഒന്ന്)**

(ഒന്നാം എൻ.സി.എ വിജ്ഞാപനം (28.12.2011 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 478/11 ), രണ്ടാം എൻ.സി. എ വിജ്ഞാപനം (15.9.2012 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 489/12), മൂന്നാം എൻ.സി.എ വിജ്ഞാപനം (29.09.2015 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 348/2015), നാലാം എൻ.സി.എ വിജ്ഞാപനം (30.8.2016 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 272/16), അഞ്ചാം എൻ.സി.എ വിജ്ഞാപനം (31.10.2017ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 467/17) ആറാം എൻ.സി.എ വിജ്ഞാപനം (31.12.2019 ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 615/19 എന്നിവ പ്രകാരം മേല്പറഞ്ഞ സമുദായത്തിലെ അർഹരായ ഉദ്യോഗാർഥികളെ ലഭിക്കാതിരുന്നതിനാലുള്ള ഏഴാം വിജ്ഞാപനം)

**കുറിപ്പ് :** i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടൊതെ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് നിരസന മെമ്മോ അയക്കുന്നതല്ല.

ii) ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന തീയതി മുതൽ മൂന്ന് വർഷം വരെയോ ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതിയിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്താൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| തൃശൂർ | 07.10.2008 | 94/2006 |
| കോഴിക്കോട് | 02.12.2008 | 94/2006 |
| കാസർഗോഡ് | 15.03.2008 | 94/2006 |

(iii) ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവ് രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒ

**അസാധാരണ ഗസറ്റ് തീയതി: 15.11.2021 അവസാന തീയതി: 22.12.2021 ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ**

ന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971ലെ ഗവൺമെന്റ് ഓർഡർ (എം.എസ്) നമ്പർ 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 04/61/പി.ഡി.യിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം). (പട്ടികജാതി സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്).

**6. പ്രായപരിധി** : 18–45. ഉദ്യോഗാർത്ഥികൾ 02.01.1976നും 01.01.2003നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ) [പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ].

**കുറിപ്പ് :** യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് 2 പൊതുവ്യവസ്ഥകൾ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2 (i) ഒഴികെ).

**7. യോഗ്യതകൾ :**

1) അറബി ഭാഷയിലുള്ള ബിരുദമോ പാർട്ട് മൂന്നിൽ പാറ്റേൺ രണ്ടിലെ ഐച്ഛിക വിഷയങ്ങളിൽ അറബി ഒരു വിഷയമായെടുത്ത് നേടിയ ബിരുദമോ ഉണ്ടായിരിക്കണം. പ്രസ്തുത ബിരുദം കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. കൂടാതെ കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ ബി.എഡ്./ബി.റ്റി/എൽ.റ്റി.യും ഉണ്ടായിരിക്കണം.

അല്ലെങ്കിൽ

കേരളത്തിലെ സർവ്വകലാശാലകൾ നൽകിയതോ അംഗീകരിച്ചതോ ആയ പൗരസ്ത്യഭാഷ (അറബി) പഠനത്തിലുള്ള ടൈറ്റിലും (പ്രസ്തുത ടൈറ്റിൽ ബന്ധപ്പെട്ട ബിരുദത്തിന്റെ പാർട്ട് 3 ന് തുല്യമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളപക്ഷം) .കൂടാതെ കേരള ഗവൺമെന്റ് പരീക്ഷാ കമ്മീഷണർ നൽകുന്ന ഭാഷാദ്ധ്യാപക പരിശീലന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.

2) കേരള സർക്കാർ ഈ തസ്തികയ്ക്കായി നടത്തുന്ന കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് (കെടെറ്റ്) പാസ്സായിരിക്കണം.

എക്സംപ്ഷൻ ബന്ധപ്പെട്ട വിഷയത്തിൽ തന്നെ സിടെറ്റ്/നെറ്റ്/സെറ്റ്/ എം.ഫിൽ/ പി.എച്ച്.ഡി / ഏതെങ്കിലും വിഷയത്തിൽ എം.എഡ് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ടെറ്റ് യോഗ്യത നേടിയിരിക്കണം എന്ന വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് (G.O. (P) No. 145/16/G.Edn. തീയതി 30.08.2016, G.O. (P) No. 206/16/G.Edn. തീയതി 08.12.2016, G.O. (P) No.15/2020/G.Edn. തീയതി 09.10.2020).

**കുറിപ്പ്:** (i) ബന്ധപ്പെട്ട വിഷയത്തിൽ നേടിയിട്ടുള്ള എം.ഫിൽ യോഗ്യത കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ളതോ കേരളത്തിലെ ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചതോ ആയിരിക്കണം.

(ii) അറബി ഭാഷയിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ളവർക്കും ബി.എഡ്/ബി.റ്റി/എൽ .റ്റി യോഗ്യതയുള്ളപക്ഷംഈ തസ്തികയ്ക്ക് അപേക്ഷിക്കാവുന്നതാണ്.

(iii) ബി.എഡ്. ബന്ധപ്പെട്ട ഭാഷയിൽ (അറബിക്) ആയിരിക്കണം.

(iv) കാലിക്കറ്റ് സർവ്വകലാശാല നടത്തുന്ന ബി.എ (അറബിക് & ഇസ്ലാമിക് ഹിസ്റ്ററി) ഡബിൾ മെയിൻ ബിരുദം നേടിയിട്ടുള്ളവർക്കും ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്. (G.O(MS) No. 114/18/G.Edn തീയതി 16.8.18)

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :** (i) നിശ്ചിത യോഗ്യതയുള്ള ജവാൻമാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12/02/1970ലെ ഗവൺമെന്റ് ഓർഡർ (എം.എസ) നമ്പർ 50/70/പി.ഡി., 21.01.1978ലെ ജി.ഒ (എം.എസ്.) നമ്പർ 9/78/ജി.എഡ്യു. എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവനവിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. സേവന രംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ളിഷ്മെന്റിൽ പ്രവർത്തിക്കുന്നവരെയുമാണ് ജവാൻമാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ (എം.എസ്.) നമ്പർ 509/64/എഡ്യു. തീയതി 19/09/1964, ജി.ഒ (എം.എസ്.) നമ്പർ 614/65/എഡ്യു. തീയതി 09/11/1965, ജി.ഒ (എം.എസ്.) നമ്പർ 243/66/ എഡ്യു. തീയതി 27/05/1966]

(ii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലും പെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. (ജി.ഒ (എം.എസ്.) 122/75/ജനറൽ എഡ്യുക്കേഷൻ തീയതി 27/05/1975).

(iii) ഗവൺമെന്റ് നഴ്സറി/പ്രൈമറി സ്കൂളുകളിലെ നിശ്ചിത യോഗ്യതയുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. അങ്ങനെയുള്ളവർ ബന്ധപ്പെട്ട അധികാരിയിൽനിന്നും ലഭിച്ച സർട്ടിഫിക്കറ്റുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. [ജി.ഒ.(എം.എസ്) 185/70/എഡ്യൂ. തീയതി 18.04.1970, ജി.ഒ.(എം.എസ്) 466/70/എഡ്യൂ തീയതി 11.11.1970]

**കുറിപ്പ്:** മേൽപ്പറഞ്ഞ മുൻഗണനകൾക്കോ, ഉയർന്ന പ്രായ പരിധിയിലുള്ള ഇളവുകൾക്കോ, ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിൽ രണ്ടാം ഖണ്ഡികയിൽ പറയുന്ന ഏതെങ്കിലും കാരണങ്ങളാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനോ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആ വിവരം വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിലെ 'വെയിറ്റേജ് ആന്റ് പ്രിഫറൻസസ്' ലിങ്ക് വഴി അവകാശപ്പെടേണ്ടതും വിശദാംശങ്ങൾ അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ഉയർന്ന പ്രായപരിധിയിലുള്ള ഇളവുകൾക്ക് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആയത് അവകാശപ്പെടാത്ത പക്ഷം പ്രായപരിധി കഴിഞ്ഞു എന്ന കാരണത്താൽ അപേക്ഷ നിരസിക്കപ്പെടാൻ ഇടയുണ്ട്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 കാണുക). ●

# ഇൻറർവ്യൂ പ്രോഗ്രാം ഡിസംബർ 2021

| Sl. No | Category No | Name of Post & Dept. | Date 2021 December |
|---|---|---|---|
| | | **കെപിഎസ്സി ആസ്ഥാന ആഫീസ്, തിരുവനന്തപുരം** | |
| 1. | 2/21 | Assistant Professor in Medical Oncology in Medical Education | 1 |
| 2. | 516/19 | LP School Teacher (Malayalam Medium) in Education Department **(Thiruvananthapuram Dist)** | 1, 2, 3, 15, 16, 17, 29 30, 31 |
| 3 | 409/19 | Overseer (Civil) in Kerala Agro Machinery Corporation Ltd. | 2, 3, 8, 9, 10, 15 |
| 4 | 212/21 | Assistant Professor in Neonatology in Medical Education Education | 8 |
| 5 | 69/20 | HSA(Mathematics)-MalayalamMedium, By Transfer In Education Department **(Thiruvananthapuram Dist)** | 9 |
| 6 | 334/19 | Junior Instructor (Electrician)(SR for SC/ST & ST Only) in Industrial Training Department | 9, 10 |
| 7 | 3/21 | Assistant Professor in Surgical Oncology in Medical Education | 15 |
| 8 | 80/18 | Training Instructor Draftsman Civil (By Transfer) in SC Development Department | 16 |
| 9 | 81/18 | Training Instructor Draftsman Civil in SC Development Department | 16, 17, 22, 23, 24 |
| 10 | 308/19 | Sceintific Officer in Chemical Examiners Laboratary | 22, 23, 24 |
| 11 | 282/19 | Assistant Professor in Sanskrit (Jyothisha) in Collegiate Education | 22 |
| 12 | 68/15 | Lecturer Grade I-Rural Engineering (Direct Recruitment) in Rural Develoment Department | 22, 23 |
| 13 | 86/19 | JuniorInstructor in SheetMetalWorker in Industrial Training Department | 24, 29, 30, 31 |
| 14 | 4/18 | Assistant Engineer (Civil) in Kerala Small Industries Development Corporation | 29, 30 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കൊല്ലം** | |
| 1 | 69/20 | HSA(Mathematics)-Malayalam Medium, ByTransfer In Education Department **(Kollam Dist)** | 1 |
| 2 | 508/19 | HSA (Social Science) MalayalamMedium By Transfer in Education Department **(Kollam District)** | 1 |
| 3 | 302/17 | LP School Assistant (MalayalamMedium) Ist NCA ST In Education Department **(Kollam District)** | 1 |
| 4 | 303/17 | LP School Assistant (Malayalam Medium) Ist NCA SC In Education Department **(Kollam District)** | 1, 2, 3 |
| 5 | 304/17 | LP School Assistant (Malayalam Medium) Ist NCA HinduNadar In Education Department **(Kollam District)** | 3 |
| 6 | 115/20 | Pharmacist Grade II (SR for SC/ST) in Health Services Department **(Thiruvananthapuram Dist)** | 3, 15, 16 |
| 7 | 516/19 | LP School Teacher (Malayalam Medium) in Education Department **(Kollam Dist)** | 17 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, പത്തനംതിട്ട** | |
| 1 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Pathanamthitta Dist)** | 15 |
| 2 | 508/19 | HSA (Social Science) Malayalam Medium By Transfer in Education Department **(Pathanamthitta Dist)** | 15 |
| 3 | 516/19 | LP School Teacher (Malayalam Medium) in Education Department **(Pathanamthitta Dist)** | 15, 16, 17, 29, 30, 31 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, ആലപ്പുഴ** | |
| 1 | 508/19 | HSA (Social Science) Malayalam Medium ByTransfer in Education Department **(Alappuzha Dist)** | 1 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Alappuzha Dist)** | 1, 2, 3 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കോട്ടയം** | |
| 1 | 515/20 | LDC (Ex-Servicemen Only) II NCA-ST in LDC (Ex-ServicemenOnly) II NCA-ST in NCC/Sainik Welfare Department **(Kottayam District)** | 1 |
| 2 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Kottayam Dist)** | 1 |
| 3 | 516/19 | LP School Teacher (Malayalam Medium) in Education Department **(Kottayam Dist)** | 1, 2, 3, 15, 16, 17 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, ഇടുക്കി** | |
| 1 | 508/19 | HSA (Social Science) Malayalam Medium By Transfer in Education Department **(Idukki District)** | 1 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Idukki Dist)** | 1, 2, 3, 15, 16, 17 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, എറണാകുളം** | |
| 1 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Ernakulam)** | 1 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Ernakulam Dist)** | 1, 2, 3, 15, 16, 17 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, തൃശ്ശൂർ** | |
| 1 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Thrissur Dist)** | 15 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Thrissur Dist)** | 15, 16, 17, 29, 30, 31 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, പാലക്കാട്** | |
| 1 | 508/19 | HSA (Social Science) Malayalam Medium By Transfer in Education Department **(Palakkad District)** | 1 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Palakkad Dist)** | 1, 2, 3, 15,16, 17, 29, 30, 31 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, മലപ്പുറം** | |
| 1 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Malappuram Dist)** | 1 |
| 2 | 516/19 | LP School Teacher (Malayalam Medium) in Education Department **(Malappuram Dist)** | 1, 2, 3, 15, 16, 17, 29, 30, 31 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കോഴിക്കോട്** | |
| 1 | 367/17 | Junior Instructor Bakery andConfectionery in Industrial Training Departmentl. | 1 |
| 2 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Kozhikkode Dist)** | 1 |
| 3 | 516/19 | LP School Teacher (Malayalam Medium) in Education Department **(Kozhikkode Dist)** | 1, 2, 3, 15, 16, 17 |
| 4 | 116/20 | Pharmacist Grade II (SR for ST only in Health Services Department **(Kannur Dist)** | 15 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, വയനാട്** | |
| 1 | 516/19 | LP School Teacher (Malayalam Medium) in Education Department **(Wayanad Dist)** | 1, 2, 3 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കണ്ണൂർ** | |
| 1 | 376/19 | Pharmacist Gr II (Ayurveda) NCA-Muslim in Indian Systems of Medicine/Insurance Medical Services/ Ayurveda Colleges **(Kannur Dist)** | 1 |
| 2 | 69/20 | HSA(Mathematics)-Malayalam Medium, By Transfer In Education Department **(Kannur Dist)** | 1 |
| 3 | 508/19 | HSA (Social Science) Malayalam Medium By Transfer in Education Department **(Kannur District)** | 1 |
| 4 | 516/19 | LP School Teacher (Malayalam Medium) in Education Department **(Kannur Dist)** | 2, 3, 15, 16, 17, 29, 30, 31 |
| | | **കെപിഎസ്സി ജില്ലാ ആഫീസ്, കാസർഗോഡ്** | |
| 1 | 131/19 | Work Superintendent II NCA Muslim in Agriculture Soil Conservation Unit **(Kasaragode District)** | 1 |
| 2 | 132/19 | Work Superintendent I NCA SCCC in Agriculture Soil Conservation Unit **(Kasaragode District)** | 1 |
| 3 | 516/19 | LP School Teacher (Malayalam Medium) in Education Department **(Kasaragode Dist)** | 2, 3, 15, 16, 17 |

# പൊതുവിജ്ഞാന ദർപ്പണം


1 മനുഷ്യന്റെ ഏറ്റവും വലിയ അസ്ഥി- ഫീമർ
2 അവിവാഹിതനായ ഏക അമേരിക്കൻ പ്രസിഡണ്ട്- ജെയിംസ് ബുക്കാനൻ
3 അടിമത്തം നിറുത്തലാക്കിയ അമേരിക്കൻ പ്രസിഡന്റ്- എബ്രഹാം ലിങ്കൺ
4 അമേരിക്കയിലെ പിറ്റ്സ്ബർഗ് ഏതു വ്യവസായത്തിനു പ്രസിദ്ധം- സ്റ്റീൽ
5 ആധുനിക പാശ്ചാത്യ ചിന്തയുടെ പിതാവ് എന്നറിയപ്പെടുന്നത്- റെനെ ദെക്കാർത്തെ
6 യൂറോപ്പിന്റെ കോക്ക്പിറ്റ് എന്നറിയപ്പെടുന്ന രാജ്യം- ബെൽജിയം
7 ഇന്ത്യൻ ഭരണഘടനയിലെ ഏത് ലിസ്റ്റിലാണ് വിദ്യാഭ്യാസം- കൺകറന്റ്
8 ഇന്ത്യൻ പ്രധാനമന്ത്രിയുടെ ശമ്പളവും ആനുകൂല്യങ്ങളും നിശ്ചയിക്കുന്നത്- പാർലമെന്റ്
9 ഇന്ത്യൻ മാക്കിയവെല്ലി എന്നു വിശേഷിപ്പിക്കപ്പെട്ടത്- ചാണക്യൻ
10 ഇന്ത്യൻ മിലിട്ടറി അക്കാദമി എവിടെയാണ്- ഡെറാഡൂൺ
11 ഇന്ത്യൻ മിസൈൽ പദ്ധതിയുടെ ഉപജ്ഞാതാവ്- എ.പി.ജെ. അബ്ദുൾ കലാം
12 ഇന്ത്യൻ അണുബോംബ് പദ്ധതിയുടെ പിതാവ് എന്നറിയപ്പെടുന്നത്- രാജ രാമണ്ണ
13 ഇന്ത്യയിൽ എവിടെയാണ് ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരിക്കുന്നത്- പുതുച്ചേരി
14 ഇന്ത്യയിലെ ഏറ്റവും വലിയ ബൊട്ടാണി



ക്കൽ ഗാർഡൻസ്- നാഷണൽ ബൊട്ടാണിക്കൽ ഗാർഡൻസ്, കൊൽക്കത്ത
15 ഇന്ത്യയിലെ ഒരേയൊരു തേക്ക് മ്യൂസിയം എവിടെയാണ്- നിലമ്പൂർ
16 രാമചരിതമാനസം മലയാളത്തിൽ വിവർത്തനം ചെയ്തത്- വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
17 രാജാ രവിവർമ അന്തരിച്ച വർഷം- 1906
18 രാജസ്ഥാനിലെ പ്രശസ്തമായ സൈന്ധവ സംസ്കാരകേന്ദ്രം- കലിബംഗൻ
19 രാജസ്ഥാൻ ഹൈക്കോടതിയുടെ ആസ്ഥാനം- ജോധ്പൂർ
20 ഇടുക്കി അണക്കെട്ട് ഏതു നദിയിലാണ് - പെരിയാർ
21 ഇയോൺ എന്ന കാർ നിർമ്മിക്കുന്ന കമ്പനി - ഹ്യുണ്ടായി
22 ഏതു നദിയുടെ തീരത്താണ് അലക്സാണ്ടറും പോറസും ഏറ്റുമുട്ടിയത്- ഝലം
23 ഏതു നദിയുടെ തീരത്താണ് ഈറോഡ് നഗരം സ്ഥിതി ചെയ്യുന്നത്-കാവേരി
24 ഏതു ഉടമ്പടി പ്രകാരമാണ് ബ്രിട്ടീഷുകാർക്ക് ടിപ്പുവിൽനിന്ന് മലബാർ ലഭിച്ചത്- ശ്രീരംഗപട്ടണം ഉടമ്പടി
25 ഏതു വർഷമാണ് ലോകജനസംഖ്യ ആറു ബില്ല്യൺ തികഞ്ഞത്- 1999
26 ഏതു വംശക്കാരുടെ സംഭാവനയാണ് ഗാന്ധാരകല- ഇന്തോ-ഗ്രീക്കുകാർ
27 ഏതു വ്യക്തിയാണ് ആദ്യമായി ഹൃദയ മാറ്റശസ്ത്രക്രിയയിലൂടെ ഹൃദയം സ്വീകരിച്ചത്- ലൂയിസ് വാഷ്കാൻസ്കി
28 ഏതു രോഗത്തെ പ്രതിരോധിക്കാനാണ് ഉപ്പിൽ അയഡിൻ ചേർക്കുന്നത് - ഗോയിറ്റർ
29 ഏതു ലോഹത്തിന്റെ അയിരാണ് ഇൽമനൈറ്റ് - ടൈറ്റാനിയം
30 ഏത് മുഗൾ ചക്രവർത്തിയുടെ ശവകുടീരമാണ് കാബൂളിലുള്ളത്-ബാബർ
31 ഏത് മുഗൾ ചക്രവർത്തിയുടെ കാലത്താണ് ബാബ്റി മസ്ജിദ് നിർമിക്കപ്പെട്ടത്- ബാബർ
32 ഏത് അമേരിക്കൻ പ്രസിഡന്റിന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കാനാണ് വാറൻ കമ്മീഷനെ നിയമിച്ചത്-ജോൺ എഫ്. കെന്നഡി
33 ഒരു നോട്ടിക്കൽ മൈൽ എത്ര മീറ്ററാണ്- 1852
34 ഒരു മൈൽ എത്ര അടിയാണ്- 5280
35 ഒരു ടെസ്റ്റ് മാച്ചിൽ പത്തുവിക്കറ്റെടുത്ത



ആദ്യ ക്രിക്കറ്റർ- ജിം ലേക്കർ
36 ഒരു ടെസ്റ്റ് മാച്ചിൽ പത്തുവിക്കറ്റെടുത്ത ആദ്യ ഇന്ത്യൻ ക്രിക്കറ്റർ- അനിൽ കുംബ്ലെ
37 ഒളിമ്പിക്സ് ചിഹ്നത്തിലെ നീല വലയം പ്രതിനിധാനം ചെയ്യുന്ന വൻകര- യൂറോപ്പ്
38 ഒളിമ്പിക്സ് മെഡൽ നേടിയ ഇന്ത്യൻ ടെന്നീസ് താരം- ലിയാണ്ടർ പയസ്
39 ഓൾ ഇന്ത്യാ റേഡിയോ നിലവിൽ വന്ന വർഷം- 1936
40 വുഡ് സ്പിരിറ്റ് എന്നറിയപ്പെടുന്നത്- മീഥൈൽ ആൽക്കഹോൾ
41 വൃക്കയുടെ ഘടനാപരവും ധർമപരവുമായ അടിസ്ഥാന ഘടകം-നെഫ്രോൺ
42 കബഡിയുടെ ജന്മനാട്- ഇന്ത്യ
43 ശബ്ദമലിനീകരണം അളക്കുന്ന യൂണിറ്റ്- ഡെസിബൽ
44 ശരീരത്തിലെ രാസപരീക്ഷണശാല- കരൾ
45 ഗദ്ദാഫി ക്രിക്കറ്റ് സ്റ്റേഡിയം എവിടെയാണ്-ലാഹോർ
46 കലിംഗയുദ്ധത്തിൽ മനംനൊന്ത് ബുദ്ധമതം സ്വീകരിച്ച ചക്രവർത്തി- അശോകൻ
47 കലിംഗയുദ്ധം നടന്ന വർഷം- ബി.സി.261
48 ക്യാൻസർ ബാധിക്കാത്ത ശരീരാവയവം - ഹൃദയം
49 ശരീരത്തിലെ കാവൽക്കാർ എന്നറിയപ്പെടുന്നത്- ശ്വേതരക്താണുക്കൾ
50 ക്യൂബൻ മിസൈൽ പ്രതിസന്ധി കൈകാര്യം ചെയ്ത അമേരിക്കൻ പ്രസിഡന്റ് -ജോൺ എഫ്. കെന്നഡി
51 ഖന്വയുദ്ധത്തിൽ (1527) ആരാണ് സംഗ്രാമസിംഹനെ പരാജയപ്പെടുത്തിയത്- ബാബർ
52 ഷാജഹാന്റെ മൂത്തപുത്രൻ- ദാര
53 ഷിനവത്ര സഹോദരങ്ങൾ പ്രധാനമന്ത്രിമാരായ രാജ്യം-തായ്‌ലൻഡ്
54 ഖജുരാഹോ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട മതങ്ങൾ- ജൈനമതവും ശൈവമതവും



55 കഥാസരിത്സാഗരം രചിച്ചത്- സോമദേവ ഭട്ടർ
56 സമുദ്രനിരപ്പിൽനിന്നുമുള്ള ഉയരം കണക്കാക്കാൻ ഉപയോഗിക്കുന്ന ഉപകരണം - ആൾട്ടിമീറ്റർ
57 സർവേ ഓഫ് ഇന്ത്യയുടെ ആസ്ഥാനം -ഡെറാഡൂൺ
58 സർദാർ പട്ടേൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എവിടെയാണ് -സൂറത്ത്
59 സവർണ്ണ ഹിന്ദുക്കൾക്കെതിരായ സമരത്തിന്റെ ഭാഗമായി മനുസ്മൃതി കത്തിച്ച നേതാവ്-ബി.ആർ.അംബേദ്കർ
60 ഗാന്ധിയും ഗോഡ്സെയും എന്ന കവിത രചിച്ചത്- എൻ.വി.കൃഷ്ണവാര്യർ
61 സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബുദ്ധിസ്റ്റ് സ്റ്റഡീസ് എവിടെയാണ്- ജമ്മു കശ്മീരിലെ ലേ എന്ന സ്ഥലത്ത്
62 സ്കാൻഡിനേവിയൻ രാജ്യങ്ങൾ ഏത് വൻകരയുടെ ഭാഗമാണ്- യൂറോപ്പ്
63 സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണറെ നിയമിക്കുന്നതാര്- ഗവർണർ
64 സംസ്ഥാനത്തെ പ്രഥമ പൗരൻ എന്നറിയപ്പെടുന്നത്-ഗവർണർ
65 സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷപദവി വഹിച്ച ആർജിത ഇന്ത്യൻ പൗരത്വമുള്ള ഏക വ്യക്തി-സോണിയാ ഗാന്ധി
66 സ്വതന്ത്ര ഇന്ത്യയിൽ കോൺഗ്രസ് അധ്യക്ഷയായ രണ്ടാമത്തെ വനിത-സോണിയാ ഗാന്ധി
67 ഹീലിയം കണ്ടുപിടിച്ചത്- റാംസേ
68 ഹീമോഗ്ളോബിനിലുള്ള ലോഹം-ഇരുമ്പ്
69 ചരകൻ ഏതു നിലയിലാണ് പ്രസിദ്ധനായിരുന്നു- ഭിഷഗ്വരൻ
70 സെൻട്രൽ ഡ്രഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇന്ത്യയിൽ എവിടെയാണ്- ലക്നൗ
71 സുഖ്ന തടാകം എവിടെയാണ് - ചണ്ഡിഗഢ്
72 നോക്ക് ഔട്ട് ഏതുകായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു- ബോക്സിങ്
73 സെൻട്രൽ സാൾട്ട് ആന്റ് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- ഭാവ്നഗർ
74 സെൻട്രൽ ഹിന്ദു കോളേജ് സ്ഥാപിക്കപ്പെട്ട സ്ഥലം- വാരാണസി
75 സെൻട്രൽ ടുബാക്കോ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ് - രാജമുന്ദ്രി
76 സെന്റ് തോമസ് ഇന്ത്യയിൽ വന്ന വർഷം- എ.ഡി.52
77 തൈക്കാട് അയ്യ ജനിച്ച വർഷം-1814
78 തൊണ്ണൂറാമാണ്ട് ലഹള എന്നും അറിയപ്പെടുന്നത്- ഊരൂട്ടമ്പലം ലഹള
79 സെൻട്രൽ ഇലക്ട്രോണിക് എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എവിടെയാണ്- പിലാനി
80 പേശികളുടെ ചലനം നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗം- സെറിബല്ലം
81 ക്ലോണിങ്ങിലൂടെ സൃഷ്ടിച്ച ആദ്യത്തെ പട്ടി- സ്നൂപ്പി
82 പ്ലേറ്റോയുടെ ഗുരു- സോക്രട്ടീസ്
83 വേൾഡ് വൈഡ് ഫണ്ടിന്റെ ചിഹ്നം- ഭീമൻ പാണ്ട
84 വേലുത്തമ്പി തിരുവിതാംകൂർ ദളവയായത് ഏത് വർഷത്തിൽ- എ.ഡി.1802
85 കേരളത്തിൽ ഏറ്റവും കുറച്ചുകാലം മന്ത്രിയായിരുന്നത്- എം.പി.വീരേന്ദ്രകുമാർ
86 കേരളത്തിൽ ഏറ്റവും കുറച്ചുകാലം എം.എൽ.എ.ആയിരുന്നത്- സി.ഹരിദാസ്
87 കേരളത്തിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കപ്പെടുന്ന സുഗന്ധ വ്യഞ്ജനം- കുരുമുളക്
88 കേരളത്തിൽ ഏറ്റവും കൂടുതൽ കൊക്കോ, വാഴപ്പഴം എന്നിവ ഉൽപാദിപ്പിക്കുന്ന ജില്ല- കോട്ടയം
89 തിമൂർ ആക്രമിക്കുമ്പോൾ ഡൽഹി സുൽത്താനായിരുന്നത്- നാസിറുദ്ദീൻ മഹമ്മൂദ്
90 കേരളത്തിൽ ഏറ്റവും കൂടുതൽ തേയില ഉൽപാദിപ്പിക്കുന്ന ജില്ല- ഇടുക്കി
91 കേരളത്തിലേക്ക് ചെങ്കടലിൽക്കൂടിയുള്ള എളുപ്പവഴി കണ്ടുപിടിച്ചത്- ഹിപ്പാലസ്
92 കേരളത്തിൽ ഏറ്റവും കൂടുതൽകാലം നിയമസഭാംഗമായ വനിത - കെ.ആർ.ഗൗരിയമ്മ
93 കേരളത്തിൽ വിമോചന സമരം നടന്ന വർഷം- 1959
94 കേരളത്തിൽ ഒടുവിൽ രൂപം കൊണ്ട ജില്ല- കാസർകോട്
95 കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി നടത്തിയ ഏറ്റവും വലിയ സമരം- പുന്നപ്ര-വയലാർ
96 കേരളത്തിൽനിന്നും ഉൽഭവിക്കുന്ന കാവേരിയുടെ പോഷകനദി- കബനി
97 തിരുവള്ളുവർ പ്രതിമയുടെ ഉയരം-



133 അടി
98 കോർപ്പറേഷനിൽ പ്രഥമസ്ഥാനം വഹിക്കുന്ന വ്യക്തി- മേയർ
99 ജേർണലിസം ക്രിയേറ്റീവ് കമ്യൂണിക്കേഷൻ വിഭാഗത്തിൽ മഗ്സസേ അവാർഡ് ഇന്ത്യയിൽനിന്നും ആദ്യമായി നേടിയത്- അമിതാഭ് ചൗധരി(1961).
100 തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം (രാജരാജക്ഷേത്രം) പണി കഴിപ്പിച്ചതാര് - രാജരാജചോളൻഒന്നാമൻ ●

1. R.N. 44588/85 Reg. No. KL/TV (N)34/2021-23
2. Licence No. for posting without pre payment - KL/TV(N)/WPP/165/2021-23

PSC BULLETIN
Fortnightly


Rupees 10
November 15, 2021

# സമകാലികം

ഷാനവാസ് എസ്

## ദേശീയ കായിക പുരസ്കാരങ്ങൾ വിതരണം ചെയ്തു


പി.ആർ ശ്രീജേഷ്


നീരജ് ചോപ്ര


ടി.പി ഔസേപ്പ്


രാധാകൃഷ്ണൻ നായർ


കെ.സി ലേഖ

ദേശീയ കായിക പുരസ്കാരങ്ങൾ വിതരണം ചെയ്തു. മലയാളിയായ ഹോക്കി താരം പി.ആർ ശ്രീജേഷ്, ഒളിമ്പിക് ഗോൾഡ് മെഡൽ ജേതാവ് നീരജ് ചോപ്ര ഉൾപ്പെടെ 12 താരങ്ങൾക്ക് പരമോന്നത കായിക ബഹുമതിയായ മേജർ ധ്യാൻചന്ദ് ഖേൽ രത്ന പുരസ്കാരം സമ്മാനിച്ചു. മലയാളികളായ പരിശീലകർ ടി.പി ഔസേപ്പ് (ആജീവനാന്ത മികവിനുള്ള പുരസ്കാരം), രാധാകൃഷ്ണൻ നായർ എന്നിവർക്ക് ദ്രോണാചാര്യ പുരസ്കാരവും മുൻ ബോക്സിങ് താരം കെ.സി ലേഖക്ക് മേജർ ധ്യാൻചന്ദ് ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡും ലഭിച്ചു.



- മലയാളിയായ ആർ. ഹരികുമാർ ഇന്ത്യൻ നാവികസേനാ മേധാവിയാകും
- ജെ.സി.ബി സാഹിത്യ പുരസ്കാരം എം. മുകുന്ദന് . ഡൽഹി ഗാഥകൾ എന്ന നോവലിന്റെ ഇംഗ്ലീഷ് പരിഭാഷയായ 'ഡൽഹി എ സോളിലോകി' എന്ന കൃതിക്കാണ് പുരസ്കാരം.
- 2022 ലെ ദേശീയ ക്രോസ്കൺട്രി ചാമ്പ്യൻഷിപ്പിന് നാഗാലാൻഡ് ആതിഥ്യമരുളും.
- അമേരിക്കയിലെ കുഷ്മാൻ ഫൗണ്ടേഷൻ നൽകുന്ന ജോസഫ് എ കുഷ്മാൻ പുരസ്കാരം ദേശീയ സമുദ്ര ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ചീഫ് സയന്റിസ്റ്റ് ഡോ. രാജീവ് നിഗത്തിന് സമ്മാനിക്കും.
- ദേശീയ ഗോത്രനൃത്ത മഹോത്സവം ഒക്ടോബർ 28 മുതൽ 30 വരെ ഛത്തീസ്ഗഡിൽ നടന്നു.
- സൈനിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആശയവിനിമയങ്ങൾക്കായി ഫ്രാൻസ് വിക്ഷേപിച്ച കൃത്രിമ ഉപഗ്രഹമാണ് സിറാക്യൂസ് 4 എ.
- പാരീസിൽ നടന്ന ലോക ബധിര ജൂഡോ ചാമ്പ്യൻഷിപ്പിൽ ജമ്മു-കാശ്മീരിൽ നിന്നുള്ള ടീമിന് ഒന്നാം സ്ഥാനം.
- 2021 ലെ ബുക്കർ പ്രൈസ് 'ദി പ്രോമിസ്' എന്ന നോവലിന്റെ രചയിതാവായ ദക്ഷിണാഫ്രിക്കൻ സാഹിത്യകാരൻ ഡേമൻ ഗാൽഗെട്ടിന്.



- ഇന്ത്യൻ നിർമിത കൊറോണ വാക്സിനായ 'കോവാക്സി'ന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം ലഭിച്ചു. ഹൈദരാബാദ് ആസ്ഥാനമായ ഭാരത് ബയോടെകും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായാണ് വാക്സിൻ വികസിപ്പിച്ചത്.
- ലോകത്തിലെ ആദ്യ ഭൗമശാസ്ത്ര ഉപഗ്രഹമായ യുവാങ്മു (SDGSAT-1) ചൈന വിജയകരമായി വിക്ഷേപിച്ചു.
- ഇന്ത്യൻ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്മരണാർത്ഥം ബ്രിട്ടൺ 5 യൂറോ നാണയം പുറത്തിറക്കി.
- 2020 ലെ ടെൻസിങ് നോർഗേ നാഷണൽ അഡ്വെഞ്ചർ അവാർഡ് മഹാരാഷ്ട്രക്കാരിയായ പ്രിയങ്ക മോഹിതേക്ക് സമ്മാനിച്ചു.
- ഐക്യരാഷ്ട്ര സഭയുടെ അന്താരാഷ്ട്ര നിയമ കമ്മീഷനിലേക്ക് ഭാരതീയനായ പ്രൊഫ.ബിമൽ പട്ടേൽ തെരഞ്ഞെടുക്കപ്പെട്ടു.
- 2021 ലെ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റ് കിരീടം ഓസ്ട്രേലിയക്ക്. ദുബായിൽ നടന്ന ഫൈനലിൽ ന്യൂസിലാൻഡിനെയാണ് പരാജയപ്പെടുത്തിയത്.
- സംസ്ഥാന സർക്കാരിന്റെ പരമോന്നത സാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം പി.വത്സലക്ക്. നോവൽ, ചെറുകഥാ മേഖലയിലെ സമഗ്ര സംഭാവനകൾ കണക്കിലെടുത്താണ് പുരസ്കാരം.
- പ്രശസ്ത കന്നഡ സിനിമ താരം പുനീത് രാജ്കുമാർ അന്തരിച്ചു. കന്നഡ സിനിമയിലെ ഇതിഹാസ താരം ഡോ. രാജ്കുമാറിന്റെ മകനാണ്.
- ആർ.സി.സി. സ്ഥാപക ഡയറക്ടർ ഡോ. എം കൃഷ്ണൻ നായർ അന്തരിച്ചു. രാജ്യം പദ്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.
- മലയാളത്തിലെ നിരവധി ഹിറ്റ് ചിത്രങ്ങളുടെ സംവിധായകനും ഛായാഗ്രാഹകനുമായ കെ. വേലായുധൻ നായർ എന്ന ക്രോസ് ബെൽറ്റ് മണി അന്തരിച്ചു.
- ദക്ഷിണാഫ്രിക്കയുടെ വെള്ളക്കാരനായ അവസാന പ്രസിഡന്റ് എഫ്.ഡബ്ല്യു. ഡീ ക്ലാർക്ക് അന്തരിച്ചു. നൊബേൽ സമ്മാന ജേതാവാണ്.
- നാദസ്വര വിദ്വാൻ ശ്രീ. തിരുവിഴ ജയശങ്കറിന് ശ്രീ ഗുരുവായൂരപ്പൻ ചെമ്പൈ പുരസ്കാരം.1982 ൽ കേരള സംഗീത നാടക അക്കാദമി അവാർഡും 2013 ൽ കേന്ദ്ര സംഗീത നാടക അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്.
- ഇന്ത്യൻ സീനിയർ പുരുഷ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി രാഹുൽ ദ്രാവിഡ് നിയമിതനായി.
- കേരളത്തിലെ മികച്ച കായിക താരത്തിനുള്ള ജിമ്മി ജോർജ് ഫൗണ്ടേഷൻ പുരസ്കാരം ബാഡ്മിന്റൺ താരം അപർണ ബാലന് സമ്മാനിക്കും
- അമ്മന്നൂർ പരമേശ്വരൻ ചാക്യാർ, ചേർത്തല തങ്കപ്പ പണിക്കർ എന്നിവർ 2020 ലെ കേരള കലാമണ്ഡലം ഫെലോഷിപ്പിന് അർഹരായി.
- നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ഓഫ് ഇന്ത്യയുടെ പുതിയ ഡയറക്ടറായി സീനിയർ ഐ.പി.എസ്. ഓഫീസർ സത്യ നാരായൺ പ്രധാൻ നിയമിതനായി. •


പി.എസ്.സി.യുടെ 65-ാം വാർഷികത്തോടനുബന്ധിച്ച് പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിച്ച വിശേഷാൽപതിപ്പ് പി.എസ്.സി. ചെയർമാൻ അഡ്വ. എം.കെ. സക്കീർ എഡിറ്റോറിയൽ ബോർഡ് ചെയർമാൻ കെ.പി.സജിലാലിന് നൽകി പ്രകാശനം ചെയ്തു.




Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Printed and published by Saju George, Secretary, Kerala Public Service Commission on behalf of Kerala Public Service Commission and printed at P. Krishna Pillai Memorial Printing and Publishing Company PVT. Ltd, Thiruvananthapuram and published at Thiruvananthapuram,Kerala, PIN- 695 004. Editor Saju George.